# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

**www.ksad.kerala.gov.in**

# ചിറക്കടവ് ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

**2024-2025**

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**
**ജില്ലാ ഓഡിറ്റ് കാര്യാലയം**
**കോട്ടയം-686001**

**ഇ-മെയിൽ: doktm.ksad@kerala.gov.in**
**ഫോൺ : 0481-2564886**

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ:
കെ.എസ്.എ.കെ.ടി.എം.പി5-1665/2025

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോട്ടയം-686001
തീയ്യതി: 02/12/2025
ഇ-മെയിൽ: doktm.ksad@kerala.gov.in
ഫോൺ: 0481-2564886

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ചിറക്കടവ് ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : ചിറക്കടവ് ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ചിറക്കടവ് ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:
1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, കോട്ടയം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.കെ.ടി.എം.പി5-1665/2025 തീയ്യതി: 02/12/2025

# കോട്ടയം ജില്ലയിലെ ചിറക്കടവ് ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18,** (**1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോട്ടയം ജില്ലയിലെ ചിറക്കടവ് ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-09-2024 മുതൽ 31-03-2025 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-04-2024 മുതൽ 31-03-2025 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 35 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 10 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 03-10-2025 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ, സുരേഷ് എസ് | ഡെപ്യൂട്ടി ഡയറക്ടർ | 24-09-2025 | 03-10-2025 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 24-09-2025 | 03-10-2025 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

ശ്രീമതി അനിതാകുമാരി കെ. എ., ഓഡിറ്റ് ഓഫീസർ (ഹ. ഗ്രേ)
ശ്രീമതി ലേഖ വി., ഓഡിറ്റ് ഓഫീസർ (ഹ. ഗ്രേ)
ശ്രീ. ശിവരാജ് പി., സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി കൃഷ്ണപ്രിയ എസ്., സീനിയർ ഗ്രേഡ് ഓഡിറ്റർ

ശ്രീ. അഗസ്റ്റിൻ സി. തേവർകുന്നേൽ, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ. രാജേഷ് കുമാർ പി. ആർ, സീനിയർ ഗ്രേഡ് ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| അഡ്വ. സി ആർ ശ്രീകുമാരൻ നായർ | പ്രസിഡന്റ് | 01-04-2024 | 31-03-2025 |
| ശ്രീമതി. ചിത്ര എസ് | സെക്രട്ടറി | 01-04-2024 | 31-03-2025 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി. സിന്ധുമോൾ എസ് | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2024 | 31-03-2025 |
| ശ്രീ. രജിത്ത് എസ് | അസിസ്റ്റന്റ് എഞ്ചിനിയർ | 01-04-2024 | 18-09-2024 |
| ശ്രീമതി. ബിജി ചാക്കോ | അസിസ്റ്റന്റ് എഞ്ചിനിയർ | 19-09-2024 | 24-10-2024 |
| ശ്രീ. നടരാജസുന്ദരം വി എൻ | അസിസ്റ്റന്റ് എഞ്ചിനിയർ | 25-10-2024 | 31-03-2025 |
| ഡോ. നിഷാദ് മുഹമ്മദ് | മെഡിക്കൽ ഓഫീസർ, സി എച്ച് സി | 01-04-2024 | 31-03-2025 |
| ഡോ. ചാണ്ടി ഇ ഡാനിയേൽ | മെഡിക്കൽ ഓഫീസർ, ഹോമിയോ | 01-04-2024 | 31-03-2025 |
| ഡോ. ബേനസീർ കെ എ | മെഡിക്കൽ ഓഫീസർ, ആയുർവേദം | 01-04-2024 | 24-07-2024 |
| ഡോ. ഡോണ എബ്രഹാം | മെഡിക്കൽ ഓഫീസർ, ആയുർവേദം | 25-07-2024 | 03-03-2025 |
| ഡോ. അഞ്ജലി വി | മെഡിക്കൽ ഓഫീസർ, ആയുർവേദം | 04-03-2025 | 31-03-2025 |
| ശ്രീമതി. സ്വപ്ന രാജ് | കൃഷി ഓഫീസർ | 01-04-2024 | 06-12-2024 |
| ശ്രീ. അരുൺകുമാർ ജി | കൃഷി ഓഫീസർ | 07-12-2024 | 09-12-2024 |
| ശ്രീമതി. പ്രജിത പ്രകാശ് | കൃഷി ഓഫീസർ | 10-12-2024 | 31-03-2025 |
| ശ്രീമതി. ജലജ കുമാരി പി എസ് | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2024 | 02-05-2024 |
| ശ്രീമതി. അശ്വതി കെ | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 03-05-2024 | 31-03-2025 |
| ശ്രീമതി. ആൻസി ജോസഫ് | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, പൊൻകുന്നം സർക്കിൾ | 01-04-2024 | 31-03-2025 |
| ശ്രീ. അരുൺ പി | വില്ലേജ് എക്സ്റ്റൻഷൻ | 01-04-2024 | 11-09-2024 |

| | | | |
|---|---|---|---|
| സുരേന്ദ്രൻ | ഓഫീസർ, ചെറുവള്ളി സർക്കിൾ | | |
| ശ്രീമതി. ബിഭത എസ് പി | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, ചെറുവള്ളി സർക്കിൾ | 12-09-2024 | 31-03-2025 |
| ശ്രീമതി. ദിവ്യാമോൾ ആർ എസ് | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2024 | 09-12-2024 |
| ശ്രീമതി. ആതിര പി ഡി | ഡയറി ഫാം ഇൻസ്ട്രക്ടർ | 10-12-2024 | 31-03-2025 |
| ശ്രീ. ഷാജി വി എം | ഹെഡ്മാസ്റ്റർ, ഗവ. എൽ.പി.എസ്. ചിറക്കടവ് | 01-04-2024 | 31-03-2025 |
| ഡോ. അരുൺ റ്റി എസ് | വെറ്ററിനറി സർജൻ | 01-04-2024 | 23-04-2024 |
| ഡോ. രമ്യ | വെറ്ററിനറി സർജൻ | 24-04-2024 | 31-03-2025 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | പഞ്ചായത്ത് ജനറൽ ഫണ്ടിന്റെ ആധികാരികത വ്യക്തമാക്കുന്ന രേഖകൾ സൂക്ഷിച്ചിട്ടില്ല | 1-1-1 |
| 3 | മൂലധന വിഹിതത്തിന്റെ മുന്നിരിപ്പ് വിശദാംശം വ്യക്തമാക്കുന്ന ആധികാരിക രേഖകളില്ല | 1-1-2 |
| 4 | സുസ്ഥിര ആസ്തികളുടെ വർഗ്ഗീകരണവും മൂല്യനിർണ്ണയവും നടത്തി ആസ്തി ഡേറ്റാബേസ് കാലികമാക്കിയിട്ടില്ല | 1-1-3 |
| 5 | വാർഷിക പദ്ധതിയിലെ മൂലധന ചെലവിന് ആനുപാതികായ മൂലധന വർദ്ധനവ് അക്കൗണ്ട് ചെയ്തില്ല | 1-1-4 |
| 6 | പാർട്ട് ബില്ലുകൾ Capital Work In Progress ആയി അക്കൗണ്ട് ചെയ്യുന്നില്ല | 1-1-5 |
| 7 | സുസ്ഥിര ആസ്തികളുടെ സഞ്ചിത മൂല്യശോഷണം ആസ്തിയിൽ അധികമാകുന്നു | 1-1-6 |
| 8 | ഗുണഭോക്താക്കൾ നേരിട്ട് ചെലവഴിക്കുന്ന വിഹിതം വാർഷിക പദ്ധതിയിൽ അക്കൗണ്ട് ചെയ്തിട്ടില്ല | 1-1-7 |
| 9 | സർക്കാരിലേക്ക് ഒടുക്കേണ്ട കാലി ബാരൽ വിലയും GST-യും വരുമാനമായി അക്കൗണ്ട് ചെയ്തു | 1-1-8 |
| 10 | 8,673/- രൂപയുടെ KURDFC വായ്പ തിരച്ചടവ് അക്കൗണ്ട് ചെയ്തില്ല | 1-1-9 |
| 11 | വാർഷിക പദ്ധതിയിലെ നിക്ഷേപ പ്രവൃത്തിയുടെ ചെലവ് തുക നിക്ഷേപമായി അക്കൗണ്ട് ചെയ്തില്ല | 1-1-10 |
| 12 | Prior Period ഇനങ്ങളുടെ ആധികാരികത വിശദീകരിച്ചിട്ടില്ല | 1-1-11 |
| 13 | Govt. & Other Dues Register സൂക്ഷിക്കുന്നില്ല | 1-1-12 |
| 14 | 31-03-2025 വരെയുള്ള എല്ലാ ചെലവുകളും തൻവർഷം തന്നെ Payable ആയി ക്രമീകരിച്ചിട്ടില്ല | 1-1-13 |
| 15 | അക്രുവൽ വരുമാനങ്ങൾ വർഷാരംഭത്തിൽ ഡിമാന്റ് എൻട്രി നടത്തുന്നില്ല | 1-1-14 |
| 16 | ബജറ്റ് | 1-2 |
| 17 | സാമ്പത്തിക വിശകലനം | 1-3 |
| 18 | ഗ്രാന്റ് വിനിയോഗം 2024-25 | 1-4 |
| 19 | വാർഷിക പദ്ധതി അവലോകനം | 1-5 |
| 20 | മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതി | 1-6 |
| 21 | സാമൂഹ്യക്ഷേമ പദ്ധതികൾ | 1-7 |
| 22 | ക്യാഷ്ബാലൻസ് പരിശോധന | 1-8 |
| 23 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 24 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 25 | പാർപ്പിടാവശ്യത്തിനുള്ള കെട്ടിടം - കുറഞ്ഞ നിരക്കിൽ വസ്തുനികുതി നിർണ്ണയിച്ചു | 1-11 |
| 26 | ഒരേ കെട്ടിടത്തിന്റെ വിവിധ മുറികൾക്ക് വ്യത്യസ്ത നമ്പറുകൾ നല്കി വസ്തു നികുതി നിർണ്ണയിച്ചതു മൂലം നികുതിയിനത്തിൽ നഷ്ടം | 1-12 |

| | | |
|---|---|---|
| 27 | തെറ്റായ ഉപയോഗക്രമത്തിൽ വസ്തുനികുതി നിർണ്ണയിച്ചു. | 1-13 |
| 28 | സ്വകാര്യ വിദ്യാഭ്യാസ സ്ഥാപനത്തിന്റെ വസ്തുനികുതി ഈടാക്കിയില്ല - അനധികൃത നിർമ്മാണം പരിശോധിക്കേണ്ടതാണ് | 1-14 |
| 29 | സമീപകെട്ടിടങ്ങൾക്ക് വ്യത്യസ്ഥ വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിൽ വസ്തു നികുതി നിർണ്ണയം നടത്തിയിരിക്കുന്നു | 1-15 |
| 30 | സമീപകെട്ടിടങ്ങൾക്ക് വ്യത്യസ്ഥ മേഖലയുടെ അടിസ്ഥാനത്തിൽ വസ്തു നികുതി നിർണ്ണയം നടത്തിയിരിക്കുന്നു | 1-16 |
| 31 | ഗ്രാമപഞ്ചായത്ത് പരിധിയിൽ ജിംനേഷ്യങ്ങൾക്ക് വസ്തു നികുതി ഈടാക്കുന്നില്ല | 1-17 |
| 32 | വാട്ടർ അതോറിറ്റിയുടെ ഉടമസ്ഥതയിലുള്ള കെട്ടിടത്തെ വസ്തുനികുതിയിൽനിന്നും ഒഴിവാക്കി | 1-18 |
| 33 | സ്ഥാപനങ്ങളുടെ തൊഴിൽ നികുതി ഈടാക്കുന്നതിലെ അപാകതകൾ | 1-19 |
| 34 | കരാറുകാരുടെ തൊഴിൽനികുതി ഈടാക്കിയില്ല | 1-20 |
| 35 | വിനോദ നികുതി - പിഴത്തുക ഈടാക്കിയില്ല | 1-21 |
| 36 | മുറിച്ചിട്ട മരത്തടികൾ ലേലം ചെയ്തില്ല | 1-22 |
| 37 | പാർഷ്യൽ ഒക്ക്യൂപ്പൻസി അനുവദിച്ചശേഷമുള്ള നിർമ്മാണം - വിനിയോഗ ഗണം മാറ്റി നിർമ്മിച്ച കെട്ടിടഭാഗം ക്രമവൽക്കരിച്ച് വസ്തുനികുതി ഈടാക്കിയില്ല | 1-23 |
| 38 | ഫാക്ടറികൾക്കും, വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ - അപാകതകൾ | 1-24 |
| 39 | പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകൾ - സമയബന്ധിതമായി ചെലവഴിക്കുന്നില്ല | 1-25 |
| 40 | പഞ്ചായത്ത് ഫണ്ടിലേക്ക് ലഭ്യമായ നിക്ഷേപങ്ങളുടെ വിശദാംശം സൂക്ഷിക്കുന്നില്ല | 1-26 |
| 41 | നിർവ്വഹണ ഏജൻസികളിൽ നിലനിൽക്കുന്ന 86.94 ലക്ഷം രൂപയുടെ നിക്ഷേപത്തിന്റെ വിശദാംശങ്ങൾ ലഭ്യമല്ല | 1-27 |
| 42 | വിവിധ റവന്യൂ മുൻകൂറുകളുട വിശദാംശങ്ങൾ സൂക്ഷിക്കാത്തതിനാൽ ക്രമീകരണം നടത്താൻ സാധിക്കുന്നില്ല | 1-28 |
| 43 | സർക്കാർ ഉത്തരവിന് വിരുദ്ധമായി ആർജ്ജിതാവധി സറണ്ടർ പണമായി നൽകിയിരിക്കുന്നു | 1-29 |
| 44 | അഭിഭാഷകർക്കുള്ള പ്രതിഫലം - ആദായ നികുതി ടി.ഡി.എസ്. നടത്തുന്നില്ല | 1-30 |
| 45 | സാക്ഷരത പ്രേരക് - ഹോണറേറിയം പൂർണ്ണമായും തനത് ഫണ്ടിൽ നിന്നും നൽകി | 1-31 |
| 46 | വാർഷിക പദ്ധതി - പഞ്ചായത്തിന്റെ തനത് ഫണ്ട് വകയിരുത്തലിൽ അപാകത | 1-32 |
| 47 | തെരുവുവിളക്കുകളുടെ അറ്റകുറ്റപ്പണി - പ്രോജക്ട് നിർവ്വഹണത്തിൽ അപാകതകൾ | 1-33 |
| 48 | സംയുക്തപരിശോധനയ്ക്കു ശേഷവും വാട്ടർചാർജ് ക്രമീകരിച്ചില്ല | 1-34 |
| 49 | വൃദ്ധർക്ക് കട്ടിൽ വിതരണം(എസ്.സി.പി) അധീഷണൽ ഗുണഭോക്യതലിസ്റ്റിന് ഗ്രാമസഭയുടെ സാധൂകരണം ലഭ്യമായിട്ടില്ല | 1-35 |
| 50 | പദ്ധതി ആസൂത്രണ മാർഗരേഖ പ്രകാരം അനുവദനീയമല്ലാത്ത പ്രോജക്ട് ആവിഷ്ക്കരിച്ച് നടപ്പാക്കി | 1-36 |

| | | |
|---|---|---|
| 51 | ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ - മരുന്ന് പൂർണ്ണമായും ലഭിച്ചില്ല | 1-37 |
| 52 | ആയുർവേദ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ - മരുന്ന് പൂർണ്ണമായും ലഭ്യമായില്ല. | 1-38 |
| 53 | ടെണ്ടർ പ്രകാരം തെരഞ്ഞെടുത്ത സ്ഥാപനങ്ങൾക്ക്/സംരംഭകർക്ക് ബാങ്ക് അക്കൗണ്ടിൽ നേരിട്ട് തുക ക്രെഡിറ്റ് ചെയ്ത് നല്കിയില്ല | 1-39 |
| 54 | ജി. എസ്. ടി വിഹിതം സ്രോതസ്സിൽ കുറവ് ചെയ്യാതെ തുക അനുവദിച്ച് നല്കി | 1-40 |
| 55 | കാർഷികോല്പന്ന ഡ്രയർ യൂണിറ്റ് - മോണിറ്ററിങ് കാര്യക്ഷമമാക്കേണ്ടതാണ് | 1-41 |
| 56 | ഗുണഭോക്തൃലിസ്റ്റ് - ഗ്രാമ സഭ സാധൂകരിച്ചിട്ടില്ല | 1-42 |
| 57 | എഞ്ചിനീയറിങ്ങ് വിഭാഗത്തിലെ 45% പ്രോജക്ടുകളും നടപ്പാക്കിയില്ല | 1-43 |
| 58 | കർഷക മാർക്കറ്റ് ഷോപ്പിങ്ങ് കോംപ്ലക്സ് പ്രവർത്തനസജ്ജമായില്ല | 1-44 |
| 59 | കുടിവെള്ള പദ്ധതികൾ പൂർത്തിയായിട്ടില്ല – തുടർ നടപടികൾ അവശേഷിക്കുന്നു | 1-45 |
| 60 | അറ്റകുറ്റപ്പണികൾ നടത്തിയിട്ടും മൃഗാശുപത്രിക്ക് ജല ലഭ്യതയ്ക്കുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടില്ല | 1-46 |
| 61 | ചേപ്പുംപാറ കളിസ്ഥലം നിർമ്മാണം - പ്രവൃത്തികൾ പൂർത്തിയായില്ല | 1-47 |
| 62 | പകൽ വീട് പ്രവർത്തനക്ഷമമായില്ല | 1-48 |
| 63 | ഭവനപുനരുദ്ധാരണം (എസ്.സി.പി)വകയിരുത്തിയ തുകയിൽ അധികം തുക ചെലവഴിച്ചിരിക്കുന്നു | 1-49 |
| 64 | ഭവനപുനരുദ്ധാരണം അർഹമായ പരമാവധി ധനസഹായം ഗുണഭോക്താക്കൾക്ക് നൽകുന്നില്ല | 1-50 |
| 65 | ജലജീവൻ മിഷൻ പദ്ധതി -അവലോകനം | 1-51 |
| 66 | ഹെൽത്ത് ഗ്രാന്റ് വിനിയോഗം - അവലോകനം | 1-52 |
| **ഭാഗം 2** | | |
| 1 | പാർഷ്യൽ ഒക്ക്യൂപ്പൻസി അനുവദിച്ചശേഷമുള്ള നിർമ്മാണം - വിനിയോഗ ഗണം മാറ്റി നിർമ്മിച്ച കെട്ടിടഭാഗം ക്രമവൽക്കരിച്ച് വസ്തുനികുതി ഈടാക്കിയില്ല | 2-1 |
| **ഭാഗം 3** | | |
| --- No Records Found --- | | |
| **ഭാഗം 4** | | |
| 1 | മെഡിസെപ്പ് പ്രീമിയം - ഈടാക്കൽ, ഒടുക്ക് വിശദാംശങ്ങൾ | 4-1 |
| 2 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-2 |
| 3 | സംയുക്ത പ്രോജക്ടുകളുടെ ഫണ്ട് വിനിയോഗം | 4-3 |
| 4 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-4 |
| 5 | മൊബിലൈസേഷൻ അഡ്വാൻസ് | 4-5 |
| 6 | വായ്പ/വായ്പ തിരിച്ചടവ് | 4-6 |
| 7 | സ്ഥിരനിക്ഷേപങ്ങൾ | 4-7 |
| 8 | ഓഡിറ്റ് റിക്കവറി | 4-8 |

| | | |
|---|---|---|
| 9 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിലുൾപ്പെട്ട ഖണ്ഡികകളുടെ വിവരങ്ങൾ | 4-9 |
| 10 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-10 |
| 11 | ഓഡിറ്റ് പ്രത്യവലോകനം | 4-11 |
| 12 | തീർപ്പാക്കാൻ  അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-12 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1
# പൊതു അവലോകനം

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. ചിറക്കടവ് ഗ്രാമപഞ്ചായത്തിന്റെ 2025 മാർച്ച് 31-ന് അവസാനിച്ച വർഷത്തെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് എന്നിവയും 31-03-2025 തീയതി പ്രകാരമുള്ള ആസ്തി ബാധ്യതാ സ്റ്റേറ്റ്മെന്റും ഉൾപ്പെടുന്ന ധനകാര്യ പത്രികകളും പ്രസ്തുത ധനകാര്യ പത്രികകൾക്ക് അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുള്ള ഫോറങ്ങളും ഭരണസമിതിയുടെ 03-07-2025 തീയതിയിലെ 4-ാം നം. തീരുമാനം പ്രകാരം അംഗീകരിച്ച് 21-07-2025 തീയതിയിൽ എയിംസിലൂടെ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത വാർഷിക ധനകാര്യ പത്രികകളും, അനുബന്ധ ഫോറങ്ങളും ഇവ വെളിപ്പെടുത്തുന്ന സാമ്പത്തിക നിലയും 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215(4), 2011-ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, 1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം, 1996-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങൾ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ബാധകമായ ഓഡിറ്റ് മാന്വൽ അധ്യായം 4.2.1, 11.3 എന്നിവയിലെ വ്യവസ്ഥകൾ പ്രകാരവും കേന്ദ്ര/സംസ്ഥാന സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിങ്ങ് ഏജൻസികൾ എന്നിവ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ പാലിച്ചും ഞാൻ ഓഡിറ്റിന് വിധേയമാക്കിയിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപന മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. സി. & എ. ജി. ഓഫ് ഇന്ത്യ പുറപ്പെടുവിച്ചിട്ടുള്ള ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ, പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിന് വേണ്ടിയുള്ള മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ അനുസരിച്ചാണ് വാർഷിക ധനകാര്യപത്രികകളിന്മേൽ ഞാൻ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയത്. വാർഷിക ധനകാര്യപത്രികകൾ വസ്തുതാപരമായ തെറ്റുകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/ മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. വാർഷിക ധനകാര്യപത്രികകൾ വെളിപ്പെടുത്തുന്ന തുകകളെ പിന്തുണയ്ക്കുന്ന തെളിവുകളുടെ പരിശോധന ഓഡിറ്റിൽ ഉൾപ്പെടുന്നു. കൂടാതെ പഞ്ചായത്ത് രാജ് സ്ഥാപനം പാലിച്ചിട്ടുള്ള അക്കൗണ്ടിങ്ങ് തത്വങ്ങളും തയ്യാറാക്കപ്പെട്ട സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് റിപ്പോർട്ട് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും വിശ്വസനീയമായ വിവരങ്ങളുടെയും സ്ഥാപനം ലഭ്യമാക്കിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

വിശേഷണങ്ങളോട് കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ അതിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, ചിറക്കടവ് ഗ്രാമപഞ്ചായത്തിന്റെ 2024-25 വർഷത്തേയ്ക്കുള്ള വാർഷിക ധനകാര്യപത്രികകൾ 31-03-2025 ൽ അവസാനിച്ച സാമ്പത്തിക വർഷത്തെ സാമ്പത്തിക ഇടപാടുകളുടെയും 31-03-2025 ലെ സാമ്പത്തിക നിലയുടെയും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

| | |
|---|---|
| തീയതി: 02-12-2025 | ഡെപ്യൂട്ടി ഡയറക്ടർ |

### 1-1-1 പഞ്ചായത്ത് ജനറൽ ഫണ്ടിന്റെ ആധികാരികത വ്യക്തമാക്കുന്ന രേഖകൾ സൂക്ഷിച്ചിട്ടില്ല

ഗ്രാമപഞ്ചായത്തിന്റെ 31-03-2025-ലെ ആകെ ജനറൽ ഫണ്ട് മൂല്യത്തിന്റെ ആധികാരികത അനുബന്ധരേഖകളുടെ അഭാവത്തിൽ സ്ഥിരീകരിക്കാനായിട്ടില്ല. 2011-ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ പ്രകാരം അക്രുവൽ അടിസ്ഥാനത്തിൽ ഡബിൾ എൻട്രി അക്കൗണ്ടിങ്ങ് ആരംഭിച്ച 01-04-2011 ൽ പഞ്ചായത്ത് ജനറൽ ഫണ്ട് മൂല്യം 11618417/- രൂപയായി നിർണ്ണയിച്ചപ്പോഴുള്ള ആധികാരിക ആസ്തി-ബാധ്യത രേഖയായ **Opening Balance Receipt Payment (OBRP)** വിവരം സൂക്ഷിച്ചിട്ടില്ല. മേൽ ചട്ടങ്ങളിലെ ചട്ടം-78 പ്രകാരം 31-03-2025 വരെ **Excess Of Income Over Expenditure**

കണക്കാക്കിയ ആധികാരിക രേഖകളും ലഭ്യമല്ല. ജനറൽ ഫണ്ട് മൂല്യം വ്യക്തമാക്കുന്ന രേഖകൾ തയ്യാറാക്കി ഹാജരാക്കേണ്ടതുമാണ്.

## 1-1-2 മൂലധന വിഹിതത്തിന്റെ മുന്നിരിപ്പ് വിശദാംശം വ്യക്തമാക്കുന്ന ആധികാരിക രേഖകളില്ല

മൂലധന വിഹിതം (**Capital Contribution**) മൂല്യത്തിന്റെ **01-04-2024** ലെ മുന്നിരിപ്പിന്റെ വിശദാംശം ഫണ്ട് അടിസ്ഥാനത്തിലും സാമ്പത്തിക വർഷം അടിസ്ഥാനത്തിലും ലഭ്യമല്ല. മൂലധന വിഹിതം മുന്നിരിപ്പിന്റെ വിശദാംശം ഓരോ ഫണ്ടുകളുടെയും വേർതിരിച്ച് വ്യക്തമാക്കുന്ന രേഖകൾ സൂക്ഷിച്ചിട്ടില്ല. മൂലധന വിഹിതം മുന്നിരിപ്പ് വിശദാംശം ഓരോ വർഷത്തേതും ഫണ്ട് തിരിച്ച് രജിസ്റ്റർ തയ്യാറാക്കേണ്ടതും **31-03-2025** വരെയുള്ള വിശദാംശം രേഖപ്പെടുത്തി ലഭ്യമാക്കേണ്ടതുമാണ്.

## 1-1-3 സുസ്ഥിര ആസ്തികളുടെ വർഗ്ഗീകരണവും മൂല്യനിർണ്ണയവും നടത്തി ആസ്തി ഡേറ്റാബേസ് കാലികമാക്കിയിട്ടില്ല

തദ്ദേശസ്വയംഭരണവകുപ്പിന്റെ **26-07-2011** ലെ ജി.ഒ (എം.എസ്.)–**152/2011**/തസ്വഭവ നമ്പർ ഉത്തരവിലെ നിർദ്ദേശങ്ങൾക്കനുസൃതമായി പഞ്ചായത്ത് ആസ്തികളുടെ മൂല്യനിർണ്ണയം നടത്തി ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല. ഗ്രാമപഞ്ചായത്തിന്റെ **01-04-2024** ൽ മുന്നിരിപ്പായുള്ള ആസ്തികളുടെ മൂല്യം വാർഷിക കണക്കിൽ നിശ്ചിത ശീർഷകങ്ങളിൽ ഉൾപ്പെട്ടിട്ടുണ്ടോ എന്നത് ആധികാരികവും കാലികവുമായ അനുബന്ധ രേഖകൾ ഇല്ലാത്തതിനാൽ വ്യക്തമല്ല. സുസ്ഥിര ആസ്തി, ഉൽപാദന മേഖല ആസ്തി, സേവന മേഖല ആസ്തി, ഇൻഫ്രാസ്ട്രക്ചർ ആസ്തി, സ്ഥാപന ആസ്തി, വിട്ടുകിട്ടിയ സ്ഥാപന ആസ്തി തുടങ്ങിയ ആസ്തി വിഭജന മാനദണ്ഡങ്ങളിലുള്ള ആസ്തി ഡേറ്റാബേസ് ഇല്ലാത്തതിനാൽ വിവിധ മേഖലകളിലായുള്ള **31-03-2025** ലെ ബാലൻസ് ഷീറ്റ് പ്രകാരമുള്ള സുസ്ഥിര ആസ്തികളുടെ ആധികാരികതയും കൃത്യതയും വ്യക്തമല്ല.

പഞ്ചായത്തിന്റെ ആസ്തിവിവരങ്ങൾ എല്ലാം ക്രോഡീകരിച്ച ആസ്തി ഡേറ്റാബേസും (**Asset Register/ Database**) വിവിധ നിർമ്മിതികളുടെയും സ്ഥാപനങ്ങളുടെയും വിവിധ അതിർത്തികളുടെയും (**Landmark**) റോഡുകളുടെയും സ്ഥാനം രേഖപ്പെടുത്തിയ പഞ്ചായത്ത് ഭൂപ്രദേശത്തെ റോഡ് കണക്ടിവിറ്റി മാപ്പും കാലികമാക്കി **31-03-2025** വരെയുള്ള ആസ്തി ഡിജിറ്റലൈസേഷൻ പൂർത്തിയാക്കിയ ശേഷം ബന്ധപ്പെട്ട രേഖകൾ ഓഡിറ്റിൽ പരിശോധനയ്ക്കായി ലഭ്യമാക്കേണ്ടതാണ്.

## 1-1-4 വാർഷിക പദ്ധതിയിലെ മൂലധന ചെലവിന് ആനുപാതികായ മൂലധന വർദ്ധനവ് അക്കൗണ്ട് ചെയ്തില്ല

**2024-25** വാർഷിക പദ്ധതിയിലെ ആസ്തി വർദ്ധനവ് ബാധകമായ പ്രോജക്ടുകളുടെ ഫണ്ട് ചെലവുകൾ മൂലധന വർദ്ധനവായി ക്രമീകരിക്കപ്പെട്ടിട്ടില്ല. വാർഷിക പദ്ധതിയിലെ **1.26** കോടി രൂപയുടെ മൂലധന ചെലവിന് ആനുപാതികമായി **13.39** ലക്ഷം രൂപയുടെ വികസന ഫണ്ട് ചെലവ് മാത്രമാണ് മൂലധന വർദ്ധനവായി അക്കൗണ്ട് ചെയ്തത്. **1.13** കോടി രൂപയുടെ വികസന ഫണ്ട്, ധനകാര്യ കമ്മീഷൻ ഗ്രാന്റ്, തനത് ഫണ്ട് എന്നിവയുടെ മൂലധന ചെലവുകൾ റവന്യൂ ചെലവായിട്ടാണ് അക്കൗണ്ട് ചെയ്തിരിക്കുന്നത്. അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണം നടത്തിയ നിർമ്മാണ പ്രവൃത്തികൾ, നിക്ഷേപ പ്രവൃത്തികൾ എന്നിങ്ങനെയുള്ള ഫണ്ട് ചെലവുകൾ മൂലധന ചെലവായി അക്കൗണ്ട് ചെയ്തിട്ടില്ല. **2024-25** ലെ മൂലധന വർദ്ധനവ് തുടർ വർഷത്തിൽ **Prior Period** ഇനത്തിൽ മൂലധന വർദ്ധനവായി ക്രമീകരിച്ച് അപാകത പരിഹരിച്ച ശേഷം ബന്ധപ്പെട്ട വിശദാംശം പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

## 1-1-5 പാർട്ട് ബില്ലുകൾ Capital Work In Progress ആയി അക്കൗണ്ട് ചെയ്യുന്നില്ല

**Capital Work In Progress** ആയി പാർട്ട് ബിൽ ചെലവ് അക്കൗണ്ട് ചെയ്യുന്നില്ല. അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹിച്ച പ്രോജക്ടുകളിൽ വിവിധ പാർട്ട് ബില്ലുകൾ നൽകിയതായി കാണുന്നു. കുടിവെള്ള പദ്ധതി ടാങ്ക് നിർമ്മാണങ്ങൾ, കളിസ്ഥലം, കർഷക ഷോപ്പിങ്ങ് കോംപ്ലെക്സ് തുടങ്ങിയ പ്രവൃത്തികളുടെ എല്ലാം പാർട്ട് ബില്ലുകളായാണ് തൻവർഷം ഫണ്ടുകൾ ചെലവഴിച്ചത്. പഞ്ചായത്തിന്റെ പൂർത്തിയാകാത്ത അസ്തികൾ എല്ലാം **Capital Work In Progress** ൽ അക്കൗണ്ട് ചെയ്യേണ്ടതും പൂർത്തിയാകുമ്പോൾ മാത്രം സുസ്ഥിര ആസ്തിയായി ക്രമീകരിക്കേണ്ടതുമാണ്. **Capital Work In Progress** ക്രമീകരണങ്ങൾ നിരീക്ഷിക്കാൻ രജിസ്റ്ററും സൂക്ഷിക്കേണ്ടതാണ്.

## 1-1-6 സുസ്ഥിര ആസ്തികളുടെ സഞ്ചിത മൂല്യശോഷണം ആസ്തിയിൽ

**അധികമാകുന്നു**

അക്കൗണ്ടിങ്ങ് അപാകതകൾ മൂലം **Roads & Bridges** ഇനത്തിലുള്ള ആസ്തികളുടെ മൂല്യശോഷണം **31-03-2025** ൽ ആസ്തിയേക്കാൾ അധികമാകുന്ന അവസ്ഥയിലാണ്. **Roads & Bridges** ഇനത്തിൽ തൻവർഷം മാത്രം **1.3** കോടി രൂപ മൂല്യശോഷണം കണക്കാക്കിയതിനാൽ സഞ്ചിത മൂല്യശോഷണം **5** കോടിയിൽ എത്തിയിരിക്കുന്നു. **31-03-2025** ലെ **Roads & Bridges** ആസ്തിമൂല്യവും ഏകദേശം **5** കോടിയിലധികം മാത്രമാണുള്ളത്. **2024-25** വിവിധ ഇനങ്ങളിലായുള്ള മൂല്യശോഷണം അക്കൗണ്ട് ചെയ്യതിന്റെ ആധികാരികത കാൽക്കുലേഷൻ ഷീറ്റിലൂടെ സാക്ഷ്യപ്പെടുത്തി വ്യക്തമാക്കിയിട്ടില്ല. സുസ്ഥിര ആസ്തികളുടെ മൂല്യശോഷണം അക്കൗണ്ട് ചെയ്യുന്നതിലെ അപാകതകൾ തുടർ വർഷം **K-SMART** ൽ പരിഹരിച്ച് മൂല്യശോഷണം കൃത്യമാക്കി മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-1-7 ഗുണഭോക്താക്കൾ നേരിട്ട് ചെലവഴിക്കുന്ന വിഹിതം വാർഷിക പദ്ധതിയിൽ അക്കൗണ്ട് ചെയ്തിട്ടില്ല

**2024-25** വാർഷിക പദ്ധതിയിൽ ഗുണഭോക്താക്കൾ നേരിട്ട് ചെലവഴിക്കുന്ന ഗുണഭോക്തൃ വിഹിതം **Passive Expenditure** ആയി അക്കൗണ്ട് ചെയ്യിട്ടില്ല. ആയതിനാൽ തൻവർഷം കൃഷി ഓഫീസർ നിർവ്വഹണം നടത്തിയതും **(S0047/25– 1.2** ലക്ഷം) ഡയറി ഫാം ഇൻസ്ട്രക്ടർ നിർവ്വഹണം നടത്തിയിട്ടുള്ളതുമായ **(S0021/25 – 10.52** ലക്ഷം) **2** പ്രോജക്ടുകളിൽ നേരിട്ട് ചെലവഴിച്ച **11.72** ലക്ഷം രൂപയുടെ ഗുണഭോക്തൃ വിഹിതം വാർഷിക പദ്ധതി ചെലവായി പ്രതിഫലിച്ചിട്ടില്ല. തുടർ വർഷം മുതൽ സാമ്പത്തിക വർഷാവസാനം നിർവ്വഹണ ഉദ്യോഗസ്ഥരിൽ നിന്ന് വിനിയോഗ വിവരം ലഭ്യമാക്കി ഗുണഭോക്താക്കൾ നേരിട്ട് ചെലവഴിക്കുന്ന ഗുണഭോക്തൃ വിഹിതം **Passive Expenditure** ആയി അക്കൗണ്ട് ചെയ്യേണ്ടതാണ്.

## 1-1-8 സർക്കാരിലേക്ക് ഒടുക്കേണ്ട കാലി ബാരൽ വിലയും GST-യും വരുമാനമായി അക്കൗണ്ട് ചെയ്തു

സംരക്ഷണ ഗ്രാന്റ്(റോഡ്) ഫണ്ട് ചെലവഴിക്കുന്ന പ്രോജക്ടുകളിലെ കാലി ബാരൽ വിലയും **GST** യും ബില്ലിൽ കുറവ് ചെയ്യുന്നത് **100,071/-** രൂപ പഞ്ചായത്ത് ഫണ്ടിൽ റവന്യൂ വരവായിട്ടാണ് അക്കൗണ്ട് ചെയ്യുന്നത്. സർക്കാർ ഗ്രാന്റിലേക്ക് തിരിച്ചടയ്ക്കേണ്ട വിഹിതവും **GST** യും അതാത് ബാധ്യത ശീർഷകത്തിൽ അക്കൗണ്ട് ചെയ്ത ശേഷം സർക്കാരിലേക്ക് തിരികെ ഒടുക്കേണ്ടതായിരുന്നു. പഞ്ചായത്തിന്റെ വരുമാനമായി അക്കൗണ്ട് ചെയ്യിരിക്കുന്നതിനാൽ ബാരൽ വിലയും **GST** യും ഒടുക്കാൻ സാധിക്കുന്നില്ല.

**2024-25** വർഷം സംരക്ഷണ ഗ്രാന്റ്(റോഡ്) ഫണ്ട് ചെലവഴിച്ച റോഡ് പ്രവൃത്തികളുടെ കാലിബാരൽ വിലയും **GST** യും അക്കൗണ്ടിങ്ങ് അപാകത മൂലം റവന്യൂ വരുമാനമാക്കിയത് തുടർ വർഷം അതാത് ബാധ്യത ശീർഷകങ്ങളിലേക്ക് **Prior Period** ഇനത്തിൽ **Payable** ആക്കി മാറ്റേണ്ടതും തുക സർക്കാരിലേക്ക് ഒടുക്കിയ ശേഷം അക്കൗണ്ടിങ്ങ് ക്രമീകരണം നടത്തി തുക ഒടുക്കിയ ട്രഷറി ചെലാന്റെ വിശദാംശം ഹാജരാക്കേണ്ടതുമാണ്.

## 1-1-9 8,673/- രൂപയുടെ KURDFC വായ്പ തിരച്ചടവ് അക്കൗണ്ട് ചെയ്തില്ല

**20-02-2025** ലെ സ.ഉ.(സാധാ) നം.**1625/2025**/ധന പ്രകാരമുള്ള വികസന ഫണ്ട് മൂന്നാം ഗഡു **SCP** അലോട്ട്മെന്റിൽ **8,673/-** രൂപ **KURDFC** വായ്പ തിരിച്ചടവായി സ്രോതസ്സിൽ ക്രമീകരിച്ചത് പഞ്ചായത്ത് അക്കൗണ്ട് ചെയ്യിട്ടില്ല. പ്രോജക്ട് നം.**S0495/25** ആയി വാർഷിക പദ്ധതിയിൽ ചേർത്തിട്ടുണ്ടെങ്കിലും പഞ്ചായത്ത് വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല. സർക്കാർ സ്രോതസ്സിൽ കുറവ് ചെയ്ത് വായ്പ ഒടുക്കിയതിനാൽ ടി തുക പഞ്ചായത്തിന്റെ വായ്പ ബാധ്യതയിൽ കുറവ് വരുത്തേണ്ടതാണ്.

## 1-1-10 വാർഷിക പദ്ധതിയിലെ നിക്ഷേപ പ്രവൃത്തിയുടെ ചെലവ് തുക നിക്ഷേപമായി അക്കൗണ്ട് ചെയ്തില്ല

തൻവർഷ നിക്ഷേപ പ്രവൃത്തികൾ പ്രോജക്ട് നം **S0012/25** –രൂപ **172,475/-**, **S0016/25** – രൂപ **710,129/- (KSEB Ltd.)**, **S0014/25-** രൂപ**63,435/- (GWD)** എന്നീ പ്രോജക്ടുകൾ പ്രകാരമുള്ള തുക നിക്ഷേപ ശീർഷകത്തിൽ അക്കൗണ്ട് ചെയ്യിട്ടില്ല. ആയതിനാൽ തൻവർഷ നിക്ഷേപ പ്രവൃത്തികളുടെ മൂല്യം **31-03-2025** ബാലൻസ് ഷീറ്റിൽ നിക്ഷേപമായി പ്രതിഫലിക്കുന്നില്ല. തുടർ വർഷം ടി തുകകൾ നിക്ഷേപ ശീർഷകത്തിലേക്ക് **Prior Period** ആയി മാറ്റേണ്ടതും പ്രവൃത്തി പൂർത്തിയായ ശേഷം ധനവിനിയോഗത്തിന്റെ അടിസ്ഥാനത്തിൽ മാത്രം സുസ്ഥിര ആസ്തിയായി ക്രമീകരിക്കേണ്ടതുമാണ്.

## 1-1-11 Prior Period ഇനങ്ങളുടെ ആധികാരികത വിശദീകരിച്ചിട്ടില്ല

മുൻവർഷ ചെലവായും വരവായും ക്രമീകരിക്കപ്പെട്ട ഇനങ്ങളുടെ ആധികാരികത **Notes On Account** ലൂടെ വിശദീകരിച്ചിട്ടില്ല. **Notes On Account** ലഭ്യമാക്കി മുൻവർഷങ്ങളിലെ വരവ്-ചെലവായി ക്രമീകരിച്ച ഇനങ്ങൾ വിശദമാക്കേണ്ടതാണ്.

## 1-1-12 Govt. & Other Dues Register സൂക്ഷിക്കുന്നില്ല

**Govt. & Other Dues Register** സൂക്ഷിക്കുന്നില്ല. ദീർഘകാലമായി ഒടുക്കാതെ തുടരുന്ന ബാധ്യതകളായ **Service Tax, Others, Prior Period Grant, Stale Cheque** ഇനങ്ങളുടെ വിശദാംശം ലഭ്യമല്ല. റിക്കവറികളുടെ വിശദാംശം സൂക്ഷിച്ച് സമയബന്ധിതമായി ഒടുക്കേണ്ടതാണ്. **Stale Cheque** വിശദാംശം കണ്ടെത്തി ക്ലെയിം ചെയ്യാത്ത കാലഹരണപ്പെട്ടവ ക്രമീകരിക്കേണ്ടതാണ്.

## 1-1-13 31-03-2025 വരെയുള്ള എല്ലാ ചെലവുകളും തൻവർഷം തന്നെ Payable ആയി ക്രമീകരിച്ചിട്ടില്ല

ജനപ്രതിനിധികളുടെ **2025** മാർച്ച് മാസത്തെ ഓണറേറിയം, താത്കാലിക-കരാർ ജീവനക്കാരുടെ ശമ്പളം, വൈദ്യുതി, മറ്റ് ചെലവുകൾ **31-03-2025** വരെയുള്ള കണ്ടിജന്റ് ചെലവുകൾ തുടങ്ങിയവ **2024-25** ൽ **Payable** ആയി ക്രമീകരിച്ച് അക്കൗണ്ട് ചെയ്തില്ല. **2011**-ലെ കേരള പഞ്ചായത്ത് രാജ്(അക്കൌണ്ട്സ്) ചട്ടങ്ങളിലെ ചട്ടം-**27** പ്രകാരം അതത് വർഷ ചെലവുകൾ വർഷാവസാനം **Payable** ആയി ക്രമീകരിച്ച് പഞ്ചായത്ത് ഫണ്ടിന്റെ തൻവർഷ ബാധ്യതയാക്കി മാറ്റേണ്ടതായിരുന്നു.

തുടർവർഷം മുതൽ സാമ്പത്തിക വാർഷാവസാനം വരെയുള്ള ചെലവുകൾ **Payable** ആയി അക്കൗണ്ട് ചെയ്യുന്നതിന് **K-SMART** സോഫ്റ്റ്‌വെയറിൽ സംവിധാനം ഏർപ്പെടുത്താൻ **IKM**-മായി ബന്ധപ്പെട്ട് നടപടി സ്വീകരിക്കേണ്ടതാണ്.

## 1-1-14 അക്രുവൽ വരുമാനങ്ങൾ വർഷാരംഭത്തിൽ ഡിമാന്റ് എൻട്രി നടത്തുന്നില്ല

**2024-25** വർഷത്തെ അക്രുവൽ വരുമാനങ്ങൾ മുൻവർഷ ഡേറ്റയുടെ അടിസ്ഥാനത്തിൽ നിർണ്ണയിച്ച് വർഷാരംഭത്തിൽ **Receivable** ആയി ക്രമീകരിക്കുന്നില്ല. നികുതി/നികുതിയേതര ഇനത്തിലെ വാർഷിക വരുമാനം **2024-25** വർഷാദ്യത്തിൽ തന്നെ ഡിമാന്റ് എൻട്രി നടത്തുകയും **2024-25** ൽ നിർണ്ണയിക്കുന്നവ സപ്ലിമെന്ററി ഡിമാന്റായുമാണ് അക്കൗണ്ട് ചെയ്യേണ്ടത്. വസ്തുനികുതി ഇനത്തിൽ വിമുക്തഭടൻമാർക്കുള്ള **Exemption**, ഒഴിഞ്ഞു കിടക്കുന്ന കെട്ടിടങ്ങൾക്കുള്ള വേക്കൻസി റെമിഷൻ എന്നിവ **2024-25** വർഷത്തേക്കുള്ളത് അക്കൗണ്ട് ചെയ്യാത്തതിനാൽ ടി വിവരം ധനകാര്യ പത്രികയിൽ പ്രതിഫലിക്കുന്നില്ല. വാർഷിക ഡിമാന്റ് എൻട്രിയിൽ ഗ്രോസ് ഡിമാന്റ് അക്കൗണ്ട് ചെയ്ത ശേഷം ഒഴിവാക്കൽ തുകകൾ ക്രമീകരിക്കുകയാണ് ചെയ്യേണ്ടിയിരുന്നത്.

തുടർ വർഷം മുതൽ **K-SMART** ൽ അക്രുവൽ വരുമാനങ്ങളുടെ ഡാറ്റാബേസ് പ്രകാരമുള്ള ഡിമാന്റ് എൻട്രികൾ വർഷാദ്യം തന്നെ ചെയ്യേണ്ടതാണ്. കൂടാതെ അക്രുവൽ വരുമാനങ്ങൾ ഗ്രോസ് ഡിമാന്റ് അക്കൗണ്ട് ചെയ്യേണ്ടതും **Exemption, Vacancy Remission, Write Off** തുടങ്ങിയവ ധനകാര്യ പത്രികയിൽ പ്രതിഫലിക്കുന്നതിന് ക്രമീകരണ വൗച്ചർ അക്കൗണ്ട് ചെയ്യേണ്ടതുമാണ്.

## 1-2 ബജറ്റ്

**2024-25** വർഷത്തെ ബജറ്റ് ഭരണസമിതിയുടെ **27.01.2024** തീയതിയിലെ **1** നം. തീരുമാനപ്രകാരം അംഗീകരിച്ചു. **22.03.2025** തീയതിയിലെ **1** നം. തീരുമാനപ്രകാരം ബജറ്റ് പുതുക്കി അംഗീകരിച്ചിട്ടുണ്ട്. ബജറ്റ്, പുതുക്കിയ ബജറ്റ് എന്നിവ പ്രകാരമുള്ള വരവുചെലവ് വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | ബജറ്റ് | പുതുക്കിയ ബജറ്റ് |
|---|---|---|
| മുന്നിരിപ്പ് | 29449609 | 41636545 |
| വരവ് | 373724000 | 233712000 |
| ആകെ | 403173609 | 275348545 |
| ചെലവ് | 356295500 | 214541294 |
| നീക്കിയിരിപ്പ് | 46878109 | 60807251 |

ബജറ്റ് പ്രകാരം പ്രതീക്ഷിത ചെലവുകൾ നിലവിൽ മേഖലാടിസ്ഥാനത്തിൽ നിശ്ചയിക്കുക മാത്രമാണ് ചെയ്യുന്നത്. വിവിധ സ്റ്റാന്റിങ്ങ് കമ്മിറ്റികളുടെയും പഞ്ചായത്തിന് വിട്ടുകിട്ടിയ സ്ഥാപനങ്ങളുടെയും ബജറ്റ് ശുപാർശകൾ പരിഗണിച്ച് വിവിധ മേഖലാടിസ്ഥാനത്തിൽ വിഹിതം വിഭജിച്ച് വിട്ടുകിട്ടിയ സ്ഥാപനങ്ങൾക്ക് ഉൾപ്പെടെ കൃത്യമായ വിഹിതം ക്യാപ്പിറ്റൽ-റവന്യൂ തിരിച്ച് നിശ്ചയിച്ചിട്ടില്ല. കൂടാതെ

വിവിധ വരവുകൾ പ്രത്യേകിച്ച് വാടക മുതലായ ഇനങ്ങൾ യഥാർത്ഥത്തിൽ ലഭ്യമാകാനുള്ളതിൽ കൂടുതൽ ബജറ്റിൽ ചേർക്കുന്നതായി കാണുന്നു. ബജറ്റ് തയ്യാറാക്കുമ്പോൾ ധനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റി ഇപ്രകാരമുള്ള ഉപ-ശീർഷകങ്ങളായി (**Sub-Head**) അലോട്ട്മെന്റുകൾ കൂടി കണക്കാക്കി വിഹിതങ്ങൾ തയ്യാറാക്കാൻ ശ്രദ്ധിക്കേണ്ടതാണ്. ബജറ്റ് നടപടികളിൽ **1994**-ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ്-**214**, **2011**-ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം-**71** എന്നിവയിലെ വ്യവസ്ഥകൾ എല്ലാം പാലിക്കുന്നുണ്ട് എന്ന് ഭരണസമിതി ഉറപ്പാക്കേണ്ടതാണ്.

## 1-3 സാമ്പത്തിക വിശകലനം

ഗ്രാമപഞ്ചായത്തിന്റെ **2024-25** വർഷത്തെ റസീപ്റ്റ് & പേയ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ പത്രികയിലെ കണക്കുകളുടെ വിശദാംശവും ഓഡിറ്റ് ചെയ്ത ശേഷം വരവ്, ചെലവ് നഷ്ടം, തടസ്സപ്പെടുത്തിയ തുക എന്നിവ/**Gx** ചുവടെ ചേർക്കുന്നു.

റസീപ്റ്റ് & പേയ്മെന്റ് പത്രിക

| | |
|---|---|
| മുന്നിരിപ്പ് | **42238214.06** |
| ഓഡിറ്റ് വർഷത്തെ വരവ് | **93417467.00** |
| ആകെ | **135655681.06** |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | **94350890.00** |
| നീക്കിയിരിപ്പ് | **41304791.06** |

ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് **2024-25**

| | |
|---|---|
| ഓഡിറ്റ് വർഷത്തെ വരുമാനം | **212915738.00** |
| ഓഡിറ്റ് വർഷത്തെ ചെലവ് | **232221652.00** |
| പ്രവർത്തന നഷ്ടം | **(-)19305914.00** |
| അറ്റ മുൻകാല അക്കൗണ്ടിങ്ങ് ക്രമീകരണം | **(-)7128624.00** |
| അറ്റ പ്രവർത്തന നഷ്ടം | **(-)26434538.00** |

ഓഡിറ്റ് പ്രത്യവലോകനം

| | |
|---|---|
| വരവിനങ്ങളിലുള്ള നഷ്ടം (ചാർജ് ചെയ്യാവുന്നത്) | **51939/-** |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക(സർച്ചാർജ് ചെയ്യാവുന്നത്) | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | **10,64,813/-** |

## 1-4 ഗ്രാന്റ് വിനിയോഗം 2024-25

ചിറക്കടവ് ഗ്രാമപഞ്ചായത്തിന്റെ **2024-25** വർഷത്തെ വികസന ഫണ്ട്, മെയിന്റനൻസ് ഫണ്ട്, ധനകാര്യ കമ്മീഷൻ ഗ്രാന്റ്, ആരോഗ്യ ഗ്രാന്റ് എന്നിവയുടെ വിനിയോഗ വിവരം ചുവടെ ചേർക്കുന്നു.

| ഗ്രാന്റ്-ഇനം | മുന്നിരിപ്പ് | അലോട്ട്മെന്റ്/ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ തുക | % |
|---|---|---|---|---|---|---|
| വികസന ഫണ്ട്- ജനറൽ | **0** | **24,345,000/-** | **24,345,000/-** | **23,885,000/-** | **460,000/-** | **98.11** |
| വികസന ഫണ്ട്- **SCP** | **0** | **5,029,000/-** | **5,029,000/-** | **4,854,280/-** | **174,720/-** | **96.53** |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (അൺടൈഡ്) | **1523455**<br>പലിശ<br>ട്രഷറി<br>**Total** | **4101503 +**<br>**308657**<br>**94576 =**<br>**4,504,736/-** | **5933615/-**<br><br>**94576/-**<br>**6028191/-** | **4955636 +**<br><br>**0 =**<br>**4,955,636/-** | **977,979 +**<br><br>**94,576 =**<br>**1,072,555/-** | **82.2** |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ടൈഡ്) | **8088604**<br>റീഫണ്ട്<br>ട്രഷറി<br>**Total** | **9727000 +**<br>**3380000***<br>**1091291=**<br>**14,198,291/-** | **21195604/-**<br><br>**1091291/-**<br>**22286895/-** | **5413868 +**<br><br>**615,908 =**<br>**6,029,776/-** | **15781736 +**<br><br>**475,383/- =**<br>**16,257,119/-** | **27.05** |
| മെയിന്റനൻസ് ഗ്രാന്റ്- നോൺ റോഡ് | **0** | **6,699,000/-** | **6,699,000/-** | **6,238,211/-** | **460,789/-** | **93.12** |
| മെയിന്റനൻസ് ഗ്രാന്റ്- റോഡ് | **0** | **21,200,000/-** | **21,200,000/-** | **17,290,347/-** | **3,909,653/-** | **81.56** |
| ആരോഗ്യ ഗ്രാന്റ്- **Diagnostic** | **687,821/-** | **490,411/-** | **1,178,232/-** | **458,506/-** | **719,726/-** | **38.91** |

| | | | | | | |
|---|---|---|---|---|---|---|
| **Infra** | | | | | | |
| ആരോഗ്യ ഗ്രാന്റ്- **Wellness Centre** | **377,947/-** | **741,819/-** | **1,119,766/-** | **225,919/-** | **893,847/-** | **20.18** |

വികസന ഫണ്ട്, സംരക്ഷണ ഗ്രാന്റ് എന്നിവയുടെ സാമ്പത്തിക വർഷത്തെ മൂന്ന് ഗഡുക്കളും പൂർണ്ണമായും തൻവർഷം ലഭിച്ചിട്ടുണ്ട്. ധനകാര്യ കമ്മീഷൻ ഗ്രാന്റിന്റെ തൻവർഷത്ത അലോട്ട്മെന്റുകൾ കൂടാതെ **2023-24** വർഷം ലഭിക്കാതിരുന്ന ടൈഡ് ഫണ്ട് രണ്ടാം ഗഡു ബാങ്ക് അക്കൗണ്ടിലേക്കും **2020-21** മുതൽ **2022-23** വരെ ചെലവഴിക്കാതെ ലാപ്സായ ടൈഡ് ഫണ്ട് രണ്ട് ഗഡുക്കളായി ട്രഷറിയിലും അലോട്ട്മെന്റ് ലഭിച്ചിട്ടുണ്ട്.
വികസന ഫണ്ടിൽ നിന്ന് സ്രോതസ്സിൽ തുകകൾ കുറവ് ചെയ്തതിന്റെ വിശദാംശങ്ങളും, പഞ്ചായത്തിന് ലഭിച്ച അറ്റ ഗ്രാന്റ് വിവരവും ചുവടെ പട്ടികയിൽ ചേർക്കുന്നു.

| സർക്കാർ ഗ്രാന്റ്- ഇനം | സംസ്ഥാന ബജറ്റ് അലോട്ട്മെന്റ് | ആകെ ലഭിച്ച അലോട്ട്മെന്റ് | സ്രോതസ്സിൽ കുറവ് ചെയ്ത തുക (ജി.ഓ. പ്രോജക്ട്) | ആകെ അറ്റ അലോട്ട്മെന്റ് |
|---|---|---|---|---|
| വികസന ഫണ്ട്- (ജനറൽ) | **24,345,000/-** | **24,345,000/-** | **S0492/25 - 1489200**<br>**S0493/25 - 822270**<br>**S0494/25 – 813836**<br>ആകെ – **3,125,306/-** | **21,219,694/-** |
| വികസന ഫണ്ട്- **SCP** | **5,029,000/-** | **5,029,000/-** | **S0495/25 – 8673/-**<br>ആകെ - **8,673/-** | **5,020,327/-** |

വിവിധ ഗ്രാന്റുകളുടെ അലോട്ട്മെന്റ്, ചെലവ് എന്നിവ അക്കൗണ്ട് ചെയ്തതിലെയും വിനിയോഗത്തിലെയും അപാകതകൾ താഴെ ചേർക്കുന്നു.

1. വികസന ഫണ്ടിന്റെ സ്രോതസ്സിൽ കുറവ് ചെയ്ത തുക കിഴിച്ചാണ് ഗ്രാന്റ് പത്രികയിൽ അലോട്ട്മെന്റ് കാണുന്നത്. എന്നാൽ ചെലവ് തുക സ്രോതസ്സിൽ കുറവ് ചെയ്ത ഇനങ്ങൾ ജി.ഓ. പ്രോജക്ടായി ക്രമീകരിച്ചത് ഉൾപ്പടെയാണ്. ആയതിനാൽ ഗ്രാന്റ് പത്രികയിൽ വികസന ഫണ്ട് നീക്കിയിരിപ്പ് കൃത്യമായി പ്രതിഫലിച്ചിട്ടില്ല.
2. ധനകാര്യ കമ്മീഷൻ ഗ്രാന്റ് ഫണ്ട് സൂക്ഷിക്കുന്ന ബാങ്ക് അക്കൗണ്ടിലെ പലിശ തുക **308,657/-** അടിസ്ഥാന ഗ്രാന്റിലേക്ക് വരവായി ഗ്രാന്റ് പത്രികയിൽ ചേർത്തിട്ടില്ല.
3. ധനകാര്യ കമ്മീഷൻ ഗ്രാന്റ് ടൈഡ് ഫണ്ടിലേക്ക് **33.8** ലക്ഷം രൂപ തിരിച്ചടവ് ധനകാര്യ പത്രികയിലെ **Other Grants** ശീർഷകത്തിലാണ് പ്രതിഫലിക്കുന്നത്. കേരള വാട്ടർ അതോറിറ്റിയിൽ നിന്ന് മുൻ വർഷങ്ങളിൽ നിക്ഷേപിച്ച തുക ചെലവഴിക്കാതിരുന്നത് തിരികെ ലഭിച്ചതാണ് ഗ്രാന്റിൽ ക്രമീകരിച്ചത്. ഏതെല്ലാം പ്രോജക്ടുകൾക്ക് നിക്ഷേപിച്ച തികയാണ് എന്ന് അഡ്വാൻസ് രജിസ്റ്റർ സൂക്ഷിക്കാത്തതിനാൽ വ്യക്തമല്ല. ഗ്രാന്റ്തിരികെ ലഭിച്ചത് **E-Gram Swaraj** പോർട്ടലിൽ ക്രമീകരിച്ചിട്ടുണ്ട്.
4. ധനകാര്യ കമ്മീഷൻ ഗ്രാന്റുകളുടെ ധനകാര്യ പത്രികയിലെ മുന്നിരിപ്പ് **E-Gram Swaraj Portal** കണക്കുമായി പൊരുത്തപ്പെടുന്നില്ല. **E-Gram Swaraj Portal** ലെ ലഭ്യമാക്കിയ കണക്കിലെ മുന്നിരിപ്പാണ് പട്ടികയിൽ ചേർത്തിട്ടുള്ളത്.
5. പ്രോജക്ട് നം.**S0261/25** പ്രകാരം മണിമലക്കുന്ന് കുടിവെള്ള പദ്ധതിക്ക് **668** മീറ്റർ നീളം **75 Mm HDPE** പൈപ്പ് സ്ഥാപിച്ചതിന് **348/28-10-2024** നം. ബിൽ പ്രകാരം **3** ലക്ഷം രൂപ ജില്ല പഞ്ചായത്ത് വിഹിതം ചെലവഴിച്ചിരുന്നു. ടി ചെലവ് **2024-25** വാർഷിക പദ്ധതി ചെലവായി പഞ്ചായത്തിന്റെ ചെലവ് പത്രികയിൽ ഉൾപ്പെട്ടിട്ടില്ല.
6. പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെ വിനിമയം **ACR** സൂക്ഷിച്ച് നിരീക്ഷിക്കുന്നില്ല. വാർഷിക പദ്ധതിയിലെ പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെ വിനിമയം ധനകാര്യ പത്രികയുമായി പൊരുത്തപ്പെടുന്നില്ല. അപാകതകൾ പ്രത്യേക ഖണ്ഡികയായി പരാമർശിച്ചിട്ടുണ്ട്.

സർക്കാർ ഗ്രാന്റുകളുടെയും മറ്റ് പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെയും അലോട്ട്മെന്റ് കണക്കുകളിൽ മേൽവിവരിച്ച പ്രകാരമുള്ള അപാകതകൾക്ക് വിധേയമായിട്ടാണ് റിപ്പോർട്ടിന്റെ അനുബന്ധം-**2** പ്രകാരം ഗ്രാന്റ് വിനിയോഗ സാക്ഷ്യപത്രം പുറപ്പെടുവിച്ചിട്ടുള്ളത്.

## 1-5 വാർഷിക പദ്ധതി അവലോകനം

ചിറക്കടവ് ഗ്രാമപഞ്ചായത്തിന്റെ **14**-ാം പഞ്ചവത്സര പദ്ധതിയിലെ **(2022-27)** മൂന്നാം വാർഷിക പദ്ധതിയ്ക്ക് **(2024-25) 13-03-2025** ൽ ചേർന്ന ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ **1(1)**-ാം നമ്പർ തീരുമാന പ്രകാരം അന്തിമ അംഗീകാരം ലഭിച്ചിട്ടുണ്ട്. ജില്ലാ ആസൂത്രണ സമിതിയുടെ **21-03-2025** ലെ **84898/24/DPC/DPO/KTM** നമ്പർ ഉത്തരവു പ്രകാരം ഭേദഗതി നിർദ്ദേശങ്ങളോടെ വാർഷികപദ്ധതിയ്ക്ക് അന്തിമ അംഗീകാരം ലഭിച്ചു.

വാർഷിക പദ്ധതിയിൽ 206 സ്പിൽഓവർ പ്രോജക്റ്റുകളും 178പുതിയ പ്രോജക്റ്റുകളും ഉൾപ്പെടെ ആകെ384 പ്രോജക്റ്റുകൾക്കാണ് അംഗീകാരം ലഭിച്ചത്. വാർഷികപദ്ധതിയുടെ ആകെ അടങ്കൽ 245294759/- രൂപയാണ്. വാർഷിക പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട പ്രാരംഭ നടപടികളായ ആസൂത്രണസമിതി രൂപീകരണം, വർക്കിംഗ് ഗ്രൂപ്പുകളുടെ രൂപീകരണം, സ്റ്റാറ്റസ് റിപ്പോർട്ട് തയ്യാറാക്കൽ, വർക്കിംഗ് ഗ്രൂപ്പുകളുടെ ചുമതലയിൽ വികസനരേഖ തയ്യാറാക്കൽ, വികസന സെമിനാർ എന്നിവ നിശ്ചിത സമയപരിധിയ്ക്കുള്ളിൽ പൂർത്തീകരിച്ചിട്ടുണ്ട്.

(എ) ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്റ്റുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു .

| അംഗീകാരം ലഭിച്ചത്(എണ്ണം) | പദ്ധതി അടങ്കൽ | പദ്ധതി ചെലവ് | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പ്രോജക്റ്റുകളുടെ ശതമാനം |
|---|---|---|---|---|
| 384 | 245294759 | 114075384 | 139 | 63.8 |

പദ്ധതി രൂപീകരണത്തിന്റെ വിവിധ ഘട്ടങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| വർക്കിംഗ് ഗ്രൂപ്പുകൾ യോഗം ചേർന്നത് | 18-12-23,18.1.24 |
| ഗുണഭോക്തൃ തെരഞ്ഞെടുപ്പ് ഗ്രാമസഭ | 02-09-24 മുതൽ 12-09-24 വരെ |
| പദ്ധതി രൂപീകരണഗ്രാമസഭ | 27.12.23 മുതൽ 8.1.24വരെ |
| ഊരുകൂട്ട യോഗം | 16-1-24 |
| വികസനസെമിനാർ | 18-1-24 |
| പ്രൊക്യുർമെന്റ് കമ്മിറ്റി | 15.11.24,17.1.25,16.3.25 |

പദ്ധതിനിർവ്വഹണം

അംഗീകാരം ലഭിച്ച 384 പ്രോജക്റ്റുകളിൽ 245 എണ്ണം തൻവർഷം നടപ്പാക്കിയിട്ടുണ്ട്. വിവിധ സ്രോതസ്സുകളിൽ നിന്നായി വാർഷിക പദ്ധതിയുടെ ആകെ ചെലവ്114075384/ രൂപയാണ്. അടങ്കൽ തുകയുടെ 46.5% തുക തൻവർഷം ചെലവഴിക്കുകയുണ്ടായി.

നിർവ്വഹണോദ്യോഗസ്ഥരുടെ പദ്ധതി ചെലവുവിവരങ്ങൾ

പദ്ധതി നിർവ്വഹണ ചുമതല 13 നിർവ്വഹണോദ്യോഗസ്ഥർക്കായി വിഭജിച്ചു നൽകിയിരുന്നു. നിർവ്വഹണോദ്യോഗസ്ഥരുടെ പദ്ധതി ചെലവു വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| നിർവ്വഹണോദ്യോഗസ്ഥൻ | അംഗീകാരം ലഭിച്ച പ്രോജക്റ്റുകൾ/ നടപ്പിലാക്കിയ പ്രോജക്റ്റുകൾ | വകയിരുത്തിയ തുക | ചെലവഴിച്ച തുക | ചെലവ് ശതമാനം |
|---|---|---|---|---|
| കൃഷിഓഫീസർ | 12/12 | 2613820 | 2493820 | 95.4 |
| വെറ്ററിനറി സർജൻ | 4/3 | 1080000 | 980114 | 90.75 |
| മെഡിക്കൽ ഓഫീസർ (സി.എച്ച്.സി) | 17/14 | 6595687 | 3648574 | 55.31 |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | 3/3 | 570000 | 570000 | 100 |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | 5/5 | 1171004 | 1171002 | 99.9 |
| വി.ഇ.ഒ1 | 2/1 | 9361600 | 3625000 | 38.72 |
| വി.ഇ.ഒ2 | 17/14 | 66610541 | 19873892 | 29.83 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 14/8 | 8171309 | 6399544 | 78.3 |
| സെക്രട്ടറി | 55/34 | 16068144 | 13083637 | 81.4 |
| ഹെഡ്മിസ്ട്രസ്സ് ഗവ.എൽ.പി.എസ്സ്, ചിറക്കടവ് | 8/6 | 2306124 | 1795184 | 77.84 |
| അസിസ്റ്റന്റ് എഞ്ചിനീയർ | 235/130 | 124325093 | 57134808 | 45.95 |
| ഡയറിഫാം ഇൻസ്ട്രക്ടർ | 4/4 | 4396547 | 1410490 | 32.08 |
| അസിസ്റ്റന്റ് സെക്രട്ടറി | 8/8 | 2024890 | 1889319 | 93.3 |
| ആകെ | 384/242 | 245294759 | 114075384 | 46.5 |

വാർഷികപദ്ധതി വിലയിരുത്തൽ

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണം ഏറ്റെടുത്തിരുന്ന 235 പ്രോജക്റ്റുകളിൽ 130എണ്ണം മാത്രമാണ്

പൂർത്തിയാക്കി ബില്ല് മാറിയിട്ടുള്ളത്. പ്രോജക്ട് നിർവ്വഹണത്തിൽ മാതൃകാപരമായ പുരോഗതി കൈവരിക്കാൻ സാധിച്ചില്ല. ഗ്രാമപഞ്ചായത്തിന് തൻ വർഷം ലഭിച്ച വികസനഫണ്ട് (ജനറൽ, എസ്.സി.എസ്.പി) വിഭാഗങ്ങളിൽ യഥാക്രമം **98.11%, 96.53%** തുക ചെലവഴിയ്ക്കാൻ സാധിച്ചിട്ടുണ്ട്. മെയിന്റനൻസ് ഗ്രാന്റ് (റോഡ്, നോൺറോഡ്) വിഭാഗങ്ങളിൽ നിന്നും യഥാക്രമം **81.56%, 93.12%** തുക ചെലവഴിയ്ക്കാൻ സാധിച്ചു.

<u>സഞ്ചിതനിധിയിലേയ്ക്ക് 50ലക്ഷത്തിലധികം രൂപ തിരികെ എടുക്കപ്പെട്ടു</u>

പ്രോജക്ടുകൾ നടപ്പാക്കാത്തതിനാലും , സമയബന്ധിതമായി ബില്ലുകൾ മാറാൻ ഗ്രാമപഞ്ചായത്തിന് സാധിക്കാതിരുന്നതിനാലും ചുവടെ ചേർക്കും പ്രകാരമുള്ള ഫണ്ടിനങ്ങൾ വർഷാവസാനം സഞ്ചിത നിധിയിലേയ്ക്ക് തിരികെ എടുക്കപ്പെട്ടു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഗ്രാന്റ്-ഇനം | തുക |
|---|---|
| വികസനഫണ്ട്(ജനറൽ) | **460000** |
| വികസനഫണ്ട്(എസ്.സി.എസ്.പി) | **174720** |
| മെയിന്റനൻസ്ഗ്രാന്റ്-**Road** | **3909653** |
| മെയിന്റനൻസ്ഗ്രാന്റ്-**Non Road** | **460789** |
| ആകെ | **5005162** |

നിർവ്വഹണത്തിന് ഏറ്റെടുക്കുന്ന പ്രോജക്ടുകൾ സാമ്പത്തിക വർഷം അവസാനിക്കുന്നതിന് മുൻപായി പൂർത്തിയാക്കി, ട്രഷറിയിൽ ബില്ല് സമർപ്പിച്ച് തുടർ നടപടികൾ സ്വീകരിക്കുവാൻ നിർവ്വഹണോദ്യോഗസ്ഥർ ശ്രദ്ധിക്കേണ്ടതാണ്. ഈ വിഷയത്തിൽ നിർവ്വഹണോദ്യോഗസ്ഥർക്ക് ഭരണസമിതിയുടെ സഹകരണവും ലഭ്യമാക്കേണ്ടതാണ്.

## <u>1-6 മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതി</u>

തൊഴിലുറപ്പ് പദ്ധതിയുടെ **2024-2025** വർഷത്തെ ലേബർ ഗ്രാമസഭയിൽ ഗ്രാമപഞ്ചായത്തിലെ **20** വാർഡുകളിലെ തൊഴിലാളികളെ ഉൾപ്പെടുത്തുകയും, ഓഡിറ്റ് വർഷം സാങ്കേതിക അനുമതി ലഭിച്ച **156** പ്രോജക്ടുകളിൽ, **98** എണ്ണം തൻവർഷം നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്. **31556** തൊഴിൽദിനങ്ങൾ സൃഷ്ടിക്കപ്പെട്ടു. **512** കുടുംബങ്ങൾ പദ്ധതിയുമായി സഹകരിച്ചു. തോട് ആഴം കൂട്ടൽ, മഴക്കുഴി നിർമ്മാണം, തോട് വൃത്തിയാക്കൽ, കൃഷിക്ക് നിലം ഒരുക്കൽ, തൊഴുത്ത്, ആട്ടിൻകൂട്, കോഴിക്കൂട്, കയ്യാല നിർമ്മാണം എന്നിവയാണ് ഏറ്റെടുത്ത പ്രധാന പ്രവൃത്തികൾ. **MGNREGS** ക്യാഷ്ബുക്ക് പ്രകാരമുള്ള **2024-2025** വർഷത്തെ വരവ്-ചെലവ് കണക്കുകളുടെ സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| കാഷ് | **41520.38** | **1213928**<br>***1043315 (മുൻകൂർ)** | **2298763.38** | **2009276** | |
| ഇ.എഫ്.എം.എസ് | **0** | **15249351** | **15249351** | **15249351** | |
| ആകെ | **41520.38** | **17506594** | **17548114.38** | **17258627** | **289487** |

* വാർഷിക ധനകാര്യ പത്രിക, **RP-49** ഷെഡ്യൂൾ പ്രകാരം **10,35,815/-** രൂപയാണ് മുൻകൂറായി അക്കൗണ്ട് ചെയ്തിട്ടുള്ളത്. പഞ്ചായത്ത് ഫണ്ടിൽ നിന്നും അനുവദിച്ച മുൻകൂർ തുകയിൽ വാർഷിക ധനകാര്യ പത്രികയും യഥാർത്ഥ കണക്കുകളും തമ്മിൽ വ്യത്യാസമുണ്ട്.

## <u>1-7 സാമൂഹ്യക്ഷേമ പദ്ധതികൾ</u>

ഓഡിറ്റ് വർഷം, വിവിധ ക്ഷേമ പദ്ധതികൾക്കായി ഗ്രാമപഞ്ചായത്ത് ചെലവഴിച്ച തുകകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്ഷേമപദ്ധതി | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| വാർദ്ധക്യകാല പെൻഷൻ | **46306400** | **3255** |
| കർഷക തൊഴിലാളി പെൻഷൻ | **2084400** | **128** |
| വിധവ പെൻഷൻ | **17675100** | **1166** |
| **50** വയസിലധികം പ്രായമുള്ള അവിവാഹിത പെൻഷൻ | **802400** | **53** |
| ഭിന്നശേഷിക്കാർക്കുള്ള പെൻഷൻ | **5125700** | **324** |

## <u>1-8 ക്യാഷ്ബാലൻസ് പരിശോധന</u>

**1994**-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ **6(4)**-ാം വകുപ്പ് പ്രകാരം സംസ്ഥാന ഓഡിറ്റ്

വകുപ്പ് ചിറക്കടവ് ഗ്രാമപഞ്ചായത്തിന്റെ ക്യാഷ് ബാലൻസ് പരിശോധന **26/09/2025-ന് 02:55 PM** സമയത്ത് ഓഫീസ് മേധാവിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പ്രസ്തുത പരിശോധനയിൽ **8,071/-** രൂപ ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവെ തൃപ്തികരമാണ്.
ജീവനക്കാരുടെ ചുമതലകൾ ഓഫീസ് ഉത്തരവുകൾ മുഖേന വിഭജിച്ച് നൽകിയിട്ടുണ്ട്. ജനറൽ കമ്മിറ്റി, സ്റ്റാന്റിംഗ് കമ്മിറ്റി മിനിറ്റ്സ് തയാറാക്കിയിട്ടുണ്ട്. ബജറ്റ്, ധനകാര്യ പത്രിക എന്നിവ തയ്യാറാക്കി അംഗീകരിച്ചിട്ടുണ്ട്.
നികുതികൾ കൃത്യമായി പിരിച്ചെടുത്ത് പഞ്ചായത്തിന്റെ തനതുവരുമാനം വർദ്ധിപ്പിക്കുന്നതിൽ ശ്രദ്ധ ചെലുത്തിയിട്ടുണ്ട്.
പ്രോജക്ടുകൾ രൂപീകരിക്കുന്നതിലും നടപ്പാക്കുന്നതിലും പദ്ധതിമാർഗ്ഗരേഖയിൽ നിഷ്ക്കർഷിച്ചിട്ടുള്ള മാനദണ്ഡങ്ങൾ പാലിക്കുന്നതിൽ വീഴ്ച വരുത്തിയിട്ടുണ്ട്. ഭരണസമിതിയും നിർവ്വഹണ ഉദ്യോഗസ്ഥരും ഇക്കാര്യത്തിൽ കൂടുതൽ ശ്രദ്ധ ചെലുത്തേണ്ടതാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | **24.01.2023** | **2021-22** | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | **08.03.2017** മുതൽ **20.03.2017** വരെ | **2014-15** മുതൽ **2015-16** വരെ | എൽബിഎ (എച്ച് ക്യു) **II/I/8**എ-**2594/17-18/22,** തീയതി **03.05.2017** |

## 1-11 പാർപ്പിടാവശ്യത്തിനുള്ള കെട്ടിടം - കുറഞ്ഞ നിരക്കിൽ വസ്തുനികുതി നിർണ്ണയിച്ചു

പഞ്ചായത്തിലെ വസ്തുനികുതി സപ്ലിമെന്ററി അസസ്സ്മെന്റ് രജിസ്റ്റർ പരിശോധിച്ചതിൽ ശ്രീ. സ്റ്റീഫൻ ജോബ് എന്നയാളുടെ ഉടമസ്ഥതയിലുള്ള പുരയിടത്തിൽ (ചിറക്കടവ് വില്ലേജ്, സർവേ നമ്പർ: **54/15, 54/16-3,54/16-4**) താമസാവശ്യത്തിനായി നിർമ്മിച്ചിട്ടുള്ള **338.42** ച.മീ. വിസ്തീർണ്ണമുള്ള കെട്ടിടത്തിന് **2024-25** വർഷം വസ്തുനികുതി നിർണയിച്ച് **20/671 A** എന്ന നമ്പർ നൽകിയിട്ടുണ്ട്. **300** ച. മീറ്ററിൽ കൂടുതൽ വിസ്തീർണ്ണമുള്ള കെട്ടിടത്തെ 'പാർപ്പിടാവശ്യം- **300** ച.മീ.മുകളിലുള്ളവ' (അടിസ്ഥാന വസ്തുനികുതി നിരക്ക് - **10/-**) എന്ന ഉപയോഗ ഗണത്തിൽ ഉൾപ്പെടുത്തിയായിരുന്നു വസ്തു നികുതി നിർണയിക്കേണ്ടിയിരുന്നത്. എന്നാൽ മേൽ കെട്ടിടത്തെ 'പാർപ്പിടാവശ്യം- സ്വന്തം താമസത്തിന് ഉപയോഗിക്കുന്ന പാർപ്പിടങ്ങൾ ,ഹോം സ്റ്റേ, (വിനോദ സഞ്ചാരികൾക്ക് വാടകയ്ക്ക് നൽകുന്നത്) **300** ച.മീ.വരെയുള്ളവ ' (അടിസ്ഥാന വസ്തുനികുതി നിരക്ക് - **7/-**) എന്ന ഉപയോഗ ഗണത്തിലുൾപ്പെടുത്തിയാണ് വസ്തു നികുതി നിർണയിച്ചിട്ടുള്ളത്. കെട്ടിടത്തിന്റെ ഉപയോഗക്രമം സഞ്ചയയിൽ തെറ്റായി രേഖപ്പെടുത്തിയതുമൂലം നികുതി നിർണയത്തിൽ കുറവ് വന്നതായി കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ഈടാക്കേണ്ട വസ്തുനികുതി
കെട്ടിടത്തിന്റെ ആകെ തറ വിസ്തീർണ്ണം - **338.42** ച.മീ.
(അടിസ്ഥാന വസ്തുനികുതി നിരക്ക്- **10/-) = 338.42 X 10 = 3384.2/-**
മേഖല അടിസ്ഥാനത്തിൽ ഇളവ് **(10 %) = 338.4/-**
റോഡിന്റെ അടിസ്ഥാനത്തിൽ വർദ്ധനവ് **(20%) = 676.8/-**
ഈടാക്കേണ്ട വസ്തുനികുതി (സെസ്, സർവ്വീസ് ചാർജ് ഉൾപ്പെടുത്താതെ) **= 3384.2 - 338.4 + 676.8 = 3723/-**
ഈടാക്കിയ നികുതി
സഞ്ചയ പ്രകാരം നിർണ്ണയിച്ച അടിസ്ഥാന വസ്തു നികുതി **= 338.42 X 7 = 2369/-**
മേഖല അടിസ്ഥാനത്തിൽ ഇളവ് **(10 %) = 237/-**
റോഡിന്റെ അടിസ്ഥാനത്തിൽ വർദ്ധനവ് **(20%) = 473.8/-**
നിലവിൽ ഈടാക്കുന്ന വസ്തുനികുതി (സെസ്, സർവ്വീസ് ചാർജ് ഉൾപ്പെടുത്താതെ) **= 2369 -237 + 473.8= 2606/-**

വസ്തുനികുതിയിലുള്ള കുറവ് = **3723 – 2606 = 1117/-**
നികുതി കുറഞ്ഞ നിരക്കിൽ നിശ്ചയിച്ചതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. **23/29.06.2025**) മറുപടി ലഭ്യമാക്കിയില്ല. വസ്തുനികുതി നിർണയിച്ചപ്പോൾ ഉണ്ടായ അപാകത പരിഹരിച്ച് കെട്ടിട ഉടമയ്ക്ക് രേഖാമൂലം അറിയിപ്പ് നൽകി കുറവ് വന്ന തുക ഈടാക്കേണ്ടതാണ്. കെ സ്മാർട്ട് സോഫ്റ്റ്‌വെയറിൽ വസ്തുനികുതി പുനർനിർണയം നടത്തി കുടിശ്ശിക തുക ഈടാക്കി വിവരമറിയിക്കേണ്ടതും ഭാവിയിൽ ഇത്തരം അപാകതകൾ ഒഴിവാക്കേണ്ടതുമാണ്.

## <u>1-12 ഒരേ കെട്ടിടത്തിന്റെ വിവിധ മുറികൾക്ക് വ്യത്യസ്ത നമ്പറുകൾ നല്കി വസ്തു നികുതി നിർണ്ണയിച്ചതു മൂലം നികുതിയിനത്തിൽ നഷ്ടം</u>

ഗ്രാമപഞ്ചായത്തിലെ സഞ്ചയ വസ്തുനികുതി സപ്ളിമെന്ററി അസസ്മെന്റ് രജിസ്റ്റർ പരിശോധിച്ചതിൽ വാണിജ്യാവശ്യത്തിന് ഉപയോഗിക്കുന്ന കെട്ടിടത്തിലെ വിവിധ നിലകൾക്ക് വ്യത്യസ്ത നമ്പറുകൾ നല്കി വസ്തു നികുതി നിർണ്ണയിച്ചതു മൂലം നികുതിയിനത്തിൽ നഷ്ടം സംഭവിച്ചതായി കാണുന്നു. **2011**ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം **3(5)** പ്രകാരം ഒരു കെട്ടിടത്തിന്റെ വ്യത്യസ്ത ഭാഗങ്ങൾ **4** -ാം ചട്ടം **1**-ാം ഉപചട്ടത്തിൽ പ്രതിപാദിച്ചിരിക്കുന്ന വ്യത്യസ്ത ഉപയോഗക്രമങ്ങൾക്ക് ഉപയോഗിക്കുന്നുണ്ടങ്കിൽ മാത്രമേ വേറെ വേറെ കെട്ടിടങ്ങളായി കണക്കാക്കി ഓരോ കെട്ടിട ഭാഗത്തിനും പ്രത്യേക വസ്തു നികുതി ചുമത്തേണ്ടതുള്ളൂ. എന്നാൽ പഞ്ചായത്തിൽ ഒരേ ഉടമസ്ഥതയിലുള്ള വാണിജ്യാവശ്യത്തിനായി മാത്രം ഉപയോഗിക്കുന്ന **100**ച.മീ. കൂടുതൽ വിസ്തീർണ്ണമുള്ള കെട്ടിടത്തിന്റെ ഓരോ ഭാഗത്തിനും വിവിധ നമ്പരുകൾ നല്കി, ഒരു ച.മീറ്ററിന് **42** രൂപ നിരക്കിലാണ് നികുതി നിർണ്ണയിച്ചിരിക്കുന്നത്. ഗ്രാമ പഞ്ചായത്തിലെ വിജ്ഞാപന പ്രകാരം **100** ച.മീ. കൂടുതൽ വിസ്തീർണ്ണമുള്ള കടമുറികൾക്ക് **63** രൂപ നിരക്കിലാണ് നികുതി നിർണ്ണയിക്കേണ്ടത്. (കെട്ടിടത്തിന്റെ വസ്തുനികുതി അസസ്മെന്റ് **2023** ഏപ്രിൽ **1** ന് ശേഷമായതിനാൽ പുതിയ നിരക്കിലുള്ള നികുതിയാണ് ബാധകമായിട്ടുള്ളത്). വസ്തുനികുതി ഇപ്രകാരം കണക്കാക്കിയതു മൂലം നഷ്ടം വന്നതായി കാണുന്നു. വിശദാംശം ചുവടെ ചേർക്കുന്നു.

| കെട്ടിട ഉടമ | കെട്ടിട നമ്പർ/ വിസ്തീർണ്ണം | നിർണ്ണയിക്കേണ്ട വസ്തു നികുതി (63 രൂപ/ ച.മി) | | | | നിർണ്ണയിച്ച വസ്തു നികുതി (42 രൂപ/ ച.മി) | കുറവ് (സെസ്, സർവ്വീസ് ചാർജ്ജ്, വാർഷിക വർദ്ധനവ് ഉൾപ്പെടുത്താതെ) |
|---|---|---|---|---|---|---|---|
| | | അടിസ്ഥാന വസ്തു നികുതി (രൂപ) | വർദ്ധനവ് (റോഡ്- 20%) | കുറവ് | ആകെ | | |
| ജോജി ഏബ്രഹാം | **18/2 D-E 139.7** ച.മീ | **8801/-** | **1760/-** | **-** | **10561/-** | **5867.4** (അടിസ്ഥാന വസ്തു നികുതി) + **1173.48** (റോഡ് **-20%) = 7041/-** | **3520/-** |

വിശദീകരണം ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. **18/29.09.2025**) മറുപടി ലഭ്യമാക്കിയില്ല. അപാകത പരിഹരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ച് പരാമർശിത കെട്ടിടത്തിന്റെ വസ്തു നികുതി കുടിശ്ശിക സഹിതം ഈടാക്കി വിവരമറിയിക്കേണ്ടതാണ്.

## <u>1-13 തെറ്റായ ഉപയോഗക്രമത്തിൽ വസ്തുനികുതി നിർണ്ണയിച്ചു.</u>

ഗ്രാമപഞ്ചായത്തിൽ **05-04-2023** ലെ സ.ഉ.(അച്ചടി) നം.**25/2023/LSGD** പ്രകാരം **01-04-2023** പ്രാബല്യത്തിൽ വസ്തുനികുതിയുമായി ബന്ധപ്പെട്ട ഉപയോഗക്രമങ്ങളും നിരക്കുകളും പരിഷ്കരിച്ചിട്ടുണ്ട്. ആയത് പ്രകാരം പാർപ്പിടാവശ്യം- സ്വന്തം താമസത്തിന് ഉപയോഗിക്കുന്ന പാർപ്പിടങ്ങൾ , ഹോം സ്റ്റേ, (വിനോദ സഞ്ചാരികൾക്ക് വാടകയ്ക്ക് നൽകുന്നത്) **300** ച.മീ.വരെയുള്ളവ , **300** ച.മീ. മുകളിലുള്ളവ എന്നീ ഉപയോഗക്രമത്തിന് ചതുരശ്ര മീറ്ററിന് യഥാക്രമം **7/-, 10/-** എന്നിങ്ങനെയാണ് നികുതി നിശ്ചയിച്ച് വിജ്ഞാപനം ചെയ്തിട്ടുള്ളത്. ലോഡ്ജ്, ഹോട്ടൽ ഉൾപ്പെടെയുള്ള മറ്റ് പ്രത്യേക ആവശ്യത്തിനുള്ളവ എന്ന ഉപയോഗക്രമത്തിന് **300** ച.മീ.വരെയുള്ളവ , **300** ച.മീ. മുകളിലുള്ളവ എന്നിവയ്ക്ക് ച.മീറ്ററിന് യഥാക്രമം **40/-, 55/-** എന്നിങ്ങനെയാണ് നികുതി നിരക്ക് നിശ്ചയിച്ചിട്ടുള്ളത്.

ചെറുവള്ളി വില്ലേജ്, സർവേ നമ്പർ **252/7,252/8** ലുള്ള പുരയിടത്തിൽ നിർമ്മിച്ചിട്ടുള്ള **2** നിലകളുള്ള കെട്ടിടത്തിന്റെ ഒന്നാം നിലയിൽ പാർപ്പിടാവശ്യത്തിനുള്ള **4** യൂണിറ്റുകളാണുള്ളത്. **13/329 A1-A4** എന്നിങ്ങനെ കെട്ടിട നമ്പറുകൾ അനുവദിച്ചിട്ടുള്ള പ്രസ്തുത യൂണിറ്റുകളുടെ ആകെ വിസ്തീർണ്ണം **168.36**ച.

മീ. ആണ്. മേൽ ഭാഗത്തിന്റെ നികുതി നിർണ്ണയിച്ചിരിക്കുന്നത് സ്വന്തം താമസത്തിന് ഉപയോഗിക്കുന്ന 300 ച.മീ. ന് മുകളിൽ വിസ്തീർണ്ണമുള്ള പാർപ്പിട കെട്ടിടങ്ങളുടെ ഗണത്തിൽപ്പെടുത്തി ച.മീ.ന് 10 രൂപ നിരക്കിലാണ്. കെട്ടിട ഉടമയ്ക്ക് ഇതേ പുരയിടത്തിൽ തന്നെ 180 ച.മീ. തറ വിസ്തീർണ്ണമുള്ള കെട്ടിടത്തിന് പാർപ്പിടാവശ്യത്തിനായി വസ്തുനികുതി നിർണയിച്ചിരുന്നു. എന്നാൽ ഇത് പരിഗണിക്കാതെയാണ് ടിയാന്റെ ഉടമസ്ഥതയിലുള്ള കെട്ടിട സമുച്ചയത്തിലെ മുഴുവൻ കെട്ടിട യൂണിറ്റുകളെയും കുറഞ്ഞ നിരക്കിലുള്ള ഉപയോഗക്രമത്തിൽ ഉൾപ്പെടുത്തി നിർണയിച്ചത്. 'പാർപ്പിടാവശ്യം- ലോഡ്ജ്, ഹോട്ടൽ ഉൾപ്പടെ മറ്റ് പ്രത്യേക പാർപ്പിടാവശ്യത്തിനുള്ളവ- 300 ച.മീ വരെയുള്ളവയുടെ (40/ച.മീ.) ഗണത്തിൽപ്പെടുത്തിയായിരുന്നു മേൽ കെട്ടിട ഭാഗത്തിന് നിർണയിക്കേണ്ടിയിരിക്കേണ്ടത് . നികുതി നിർണ്ണയത്തിലെ അപാകത മൂലം നികുതിയിലുണ്ടായ കുറവ് താഴെ പട്ടികയിൽ ചേർക്കുന്നു.

| ക്രമ നം | കെട്ടിട നം./ഉടമയുടെ പേര്/നിർണ്ണയിച്ച ഉപയോഗക്രമം | വിസ്തീർണ്ണം (ച.മീ.) | നിർണ്ണയിച്ച നികുതി (ഇളവുകളും വർദ്ധവനവുകളും ഉൾപ്പെടെ) | നിർണ്ണയിക്കേണ്ടത് ച.മീറ്ററിന് 40/- രൂപ നിരക്കിൽ (ഇളവുകളും വർദ്ധവനവുകളും ഉൾപ്പെടെ) | നികുതിയിലെ കുറവ് (സേവന ഉപനികുതിയും ലൈബ്രറി സെസും ഒഴികെ) നികുതി നിർണ്ണയിച്ച തീയതി |
|---|---|---|---|---|---|
| 1 | 13/329 A1-A4 ടോമി എൻ ജോസഫ് പാർപ്പിടാവശ്യം- സ്വന്തം താമസത്തിന് ഉപയോഗിക്കുന്ന പാർപ്പിടങ്ങൾ, ഹോം സ്റ്റേ (വിനോദ സഞ്ചാരികൾക്ക് വാടകയ്ക്ക് നൽകുന്നത്) 300 ച.മീ.ൽ മുകളിലുള്ളവ | 168.36 | 168.36X10=1683.6/- വഴി-20% വർദ്ധനവ്-337/-, ആകെ – 2021/- (ച.മീറ്ററിന് 10/- നിരക്കിലാണ് നിലവിൽ നികുതി നിർണ്ണയിച്ചത്) | 168.36X40=6734.4/- വഴി-20% വർദ്ധനവ്-1345/-, ആകെ - 8079/- | 6058/- 07/6/24 |

ടി കെട്ടിടങ്ങളുടെ വസ്തുനികുതി നിർണ്ണയത്തിലെ അപാകതയ്ക്കും നികുതി വരുമാന നഷ്ടത്തിനും രേഖാമൂലം വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (33/29.09.25) മറുപടി ലഭ്യമാക്കിയില്ല. ഭൗതിക പരിശോധന നടത്തി വസ്തുതകൾ പരിശോധിച്ച് നികുതി പുനർനിർണ്ണയിച്ച് നികുതി കുടിശ്ശിക സഹിതം ഈടാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-14 സ്വകാര്യ വിദ്യാഭ്യാസ സ്ഥാപനത്തിന്റെ വസ്തുനികുതി ഈടാക്കിയില്ല - അനധികൃത നിർമ്മാണം പരിശോധിക്കേണ്ടതാണ്

സഞ്ചയ അസസ്മെന്റ് രജിസ്റ്റർ പരിശോധിച്ചപ്പോൾ പഞ്ചായത്ത് ഏഴാം വാർഡിൽ സ്ഥിതിചെയ്യുന്ന അൺ എയ്ഡഡ് സ്കൂളായ സെന്റ് ജോസഫ് പബ്ലിക് സ്കൂൾ, കുന്നുംഭാഗം എന്ന സ്ഥാപനത്തിന് നികുതി നിർണയിച്ചിട്ടുള്ളതായി കാണുന്നില്ല. കേന്ദ്ര/സംസ്ഥാന സർക്കാർ വകയായുള്ളതോ, എയ്ഡഡോ, കേന്ദ്ര സർക്കാരിന്റെയോ സംസ്ഥാന സർക്കാരിന്റെയോ ധനസഹായത്തോടെ പ്രവർത്തിക്കുന്നതോ ആയ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ഉടമസ്ഥതയിലുള്ള വിദ്യാഭ്യാസ ആവശ്യങ്ങൾക്ക് അല്ലെങ്കിൽ വിദ്യാഭ്യാസ അനുബന്ധ ആവശ്യങ്ങൾക്ക് മാത്രം ഉപയോഗിക്കുന്ന കെട്ടിടങ്ങളെയും, പ്രസ്തുത സ്ഥാപനങ്ങളിലെ വിദ്യാർത്ഥികൾ താമസിക്കുന്നതുമായ ഹോസ്റ്റൽ കെട്ടിടങ്ങളെയും, 1994 കേരള പഞ്ചായത്ത് രാജ് ആക്ട് 207 വകുപ്പ് പ്രകാരം വസ്തു നികുതിയിൽ നിന്നും, വകുപ്പ്- 200 ഉപവകുപ്പ്- 2 പ്രകാരം സേവന ഉപനികുതിയിൽ നിന്നും ഒഴിവാക്കിയിട്ടുള്ളതാണ്. അതിൻപ്രകാരം അൺ എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനത്തിന് വസ്തുനികുതി ഒഴിവില്ലാത്തതാണ്. നിലവിൽ, ഗ്രാമ പഞ്ചായത്തിന്റെ വസ്തു നികുതി പരിഷ്കരണ ഉത്തരവ് പ്രകാരം, വിദ്യാഭ്യാസ/ അനുബന്ധ സ്ഥാപനങ്ങൾക്ക്, ചതുരശ്ര മീറ്ററിന് 7/- രൂപ നിരക്കിലാണ് നികുതി നിശ്ചയിച്ചിട്ടുള്ളത്. പ്രസ്തുത വിദ്യാഭ്യാസ സ്ഥാപനത്തിന് വസ്തു നികുതി ഒഴിവാക്കി നൽകിയതിന്റെ സാഹചര്യം സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (17/29.09.2025), മറുപടി ലഭ്യമാക്കിയില്ല. പ്രസ്തുത കെട്ടിടത്തിൽ സാങ്കേതിക വിഭാഗം ഉദ്യോഗസ്ഥരുടെ

നേതൃത്വത്തിൽ ഫീൽഡ് പരിശോധന നടത്തേണ്ടതും, 2010 ന് ശേഷം പെർമിറ്റില്ലാതെയുള്ള നിർമ്മിതികൾ ഉണ്ടോ എന്ന് പ്രത്യേകം പരിശോധിക്കേണ്ടതുമാണ്. സ്കൂൾ കോംബൗണ്ടിലെ എല്ലാ കെട്ടിടങ്ങളും അളന്ന് തിട്ടപ്പെടുത്തി നികുതി നിർണ്ണയത്തിൽ നിലനിൽക്കുന്ന അവ്യക്തത പരിഹരിക്കുവാനായി ചട്ടപ്രകാരമുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്. തുടർ നടപടി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-15 സമീപകെട്ടിടങ്ങൾക്ക് വ്യത്യസ്ഥ വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിൽ വസ്തു നികുതി നിർണ്ണയം നടത്തിയിരിക്കുന്നു

വസ്തു നികുതി നിർണ്ണയിക്കുന്നതിനായി 2011 ലെ കേരള പഞ്ചായത്ത് രാജ് പട്ടിക 2 പ്രകാരം കെട്ടിടത്തിലേക്കുള്ള വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിൽ 5 മീറ്ററോ അതിൽ കൂടുതലോ വീതിയുള്ള റോഡിൽ നിന്ന് പ്രവേശന മാർഗ്ഗമുള്ള കെട്ടിടങ്ങൾ(20 % നികുതി വർദ്ധനവ്), 1.5 മീറ്ററോ അതിൽ കുറവോ വഴി സൗകര്യമുള്ള കെട്ടിടങ്ങൾ (10 % നികുതി ഇളവ്) പെതു വഴി സൗകര്യം ഇല്ലാത്ത കെട്ടിടങ്ങൾ (20 % നികുതി ഇളവ്) എന്നും തരം തിരിച്ചിട്ടുണ്ട്. 1.5 മീറ്റർ മുതൽ 5 മീറ്റർ വരെ വീതിയുള്ള റോഡിൽ നിന്ന് പ്രവേശന മാർഗ്ഗമുള്ള കെട്ടിടങ്ങൾക്ക് നികുതി വർദ്ധനവോ ഇളവോ ഇല്ല. ഗ്രാമ പഞ്ചായത്തിലെ വസ്തു നികുതി നിർണ്ണയം സംബന്ധിച്ച രേഖകളും സഞ്ചയ സോഫ്റ്റ്‌വെയറിൽ നിന്ന് ലഭ്യമായ ഫോം-6 സ്റ്റേറ്റ്മെന്റുകളും പരിശോധിച്ചതിൽ ഒരേ സർവേ നമ്പറിലുള്ള പുരയിടത്തിൽ സ്ഥിതിചെയ്യുന്ന സമീപകെട്ടിടങ്ങൾക്ക് വ്യത്യസ്ത വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിൽ വസ്തു നികുതി നിർണ്ണയം നടത്തിയതായി കാണുന്നു. ഉദാഹരണം ചുവടെ ചേർക്കുന്നു.

| ഉടമയുടെ പേര് | കെട്ടിട നമ്പർ | ഉപയോഗ ഗണം | വഴി സൗകര്യം |
|---|---|---|---|
| സുഭാഷ്കുമാർ, തകടിയേൽ | 15/205 A | വാണിജ്യവശ്യം | 5 മീറ്ററിൽ കൂടുതൽ വീതിയുള്ള റോഡിൽ നിന്ന് പ്രവേശനം |
| | 15/205 D | പാർപ്പിടാവശ്യം | 1.5 മീറ്ററോ അതിൽ കൂടുതലോ വീതിയുള്ള റോഡിൽ നിന്ന് പ്രവേശനം |

അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (25/29.09.25) മറുപടി ലഭ്യമാക്കിയില്ല. സ്ഥല പരിശോധന നടത്തി അപാകത പരിഹരിക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്. മറ്റു കെട്ടിടങ്ങളുടെ അസസ്സ്മെന്റിലും ഇതേ അപാകത സംഭവിച്ചിട്ടുണ്ടോയെന്ന് പരിശോധിക്കേണ്ടതാണ്. തുടർ നടപടികളുടെ വിവരമറിയിക്കേണ്ടതാണ്.

## 1-16 സമീപകെട്ടിടങ്ങൾക്ക് വ്യത്യസ്ഥ മേഖലയുടെ അടിസ്ഥാനത്തിൽ വസ്തു നികുതി നിർണ്ണയം നടത്തിയിരിക്കുന്നു

വസ്തു നികുതി നിർണ്ണയിക്കുന്നതിനായി 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപ നികുതിയും സർചാർജ്ജും) ചട്ടങ്ങൾ ചട്ടം 6 പട്ടിക 1 പ്രകാരം ഗ്രാമ പഞ്ചായത്തിനെ പ്രഥമം, ദ്വിതീയം (കെട്ടിടങ്ങൾക്ക് 10 % നികുതി ഇളവ്), തൃതീയം (കെട്ടിടങ്ങൾക്ക് 20 % നികുതി ഇളവ്) എന്നീ മേഖലകളായി തരം തിരിച്ചിട്ടുണ്ട്. ഗ്രാമ പഞ്ചായത്തിലെ വസ്തു നികുതി നിർണ്ണയം സംബന്ധിച്ച രേഖകളും സഞ്ചയ സോഫ്റ്റ്‌വെയറിൽ നിന്ന് ലഭ്യമായ ഫോം-6 സ്റ്റേറ്റ്മെന്റുകളും പരിശോധിച്ചതിൽ ഒരേ പുരയിടത്തിൽ സ്ഥിതി ചെയ്യുന്ന സമീപകെട്ടിടങ്ങൾക്ക് വ്യത്യസ്ത മേഖല അടിസ്ഥാനത്തിൽ വസ്തു നികുതി നിർണ്ണയം നടത്തിയതായി കാണുന്നു. വിശദാംശം ചുവടെ ചേർക്കുന്നു

| ഉടമയുടെ പേര് | വില്ലേജ്/സർവേ നം. | കെട്ടിട നമ്പർ | വിസ്തീർണ്ണം (ച.മീ ) | മേഖല | റോഡിന്റെ തരം |
|---|---|---|---|---|---|
| ടി കെ രാമചന്ദ്രൻ | ചിറക്കടവ് 137/18/1 | 18/275 A | 14.31 | പ്രഥമം | മറ്റത്തിൽപ്പടി - പത്തൊൻപതാം മൈൽ |
| | | 18/275 B | 181.12 | ദ്വിതീയം | |

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (24/29.09.25) മറുപടി ലഭ്യമാക്കിയില്ല . തുടർ നടപടികളുടെ വിവരമറിയിക്കേണ്ടതാണ്. മറ്റു കെട്ടിടങ്ങളുടെ അസസ്സ്മെന്റിലും ഇതേ അപാകത സംഭവിച്ചിട്ടുണ്ടോയെന്ന് പരിശോധിക്കേണ്ടതാണ്. വസ്തു നികുതി നിർണ്ണയിച്ചതിലെ അപാകത മൂലം നികുതിയിനത്തിൽ തനതു ഫണ്ടിന് നഷ്ടം സംഭവിക്കുന്നില്ലായെന്ന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഉറപ്പുവരുത്തേണ്ടതാണ്.

## 1-17 ഗ്രാമപഞ്ചായത്ത് പരിധിയിൽ ജിംനേഷ്യങ്ങൾക്ക് വസ്തു നികുതി

## ഈടാക്കുന്നില്ല

**2024-25** വർഷത്തെ വസ്തു നികുതി നിർണ്ണയ (സഞ്ചയ) സോഫ്റ്റ് വെയർ പരിശോധിച്ചതിൽ ഗ്രാമ പഞ്ചായത്ത് പ്രദേശത്ത് പ്രവർത്തിക്കുന്ന ജിംനേഷ്യങ്ങൾക്ക് വസ്തു നികുതി നിർണയിച്ചിട്ടുള്ളതായി കാണുന്നില്ല. ഗ്രാമ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന ഏതാനും ജിംനേഷ്യങ്ങളുടെ വിവരം ചുവടെ നൽക്കുന്നു.

**1.** ബെൽസ് ഇന്റർനാഷണൽ ജിം, തെക്കേത്തുകവല
**2.** ഫിറ്റ്നസ് വേൾഡ്, പൊൻകുന്നം
**3.** റോയൽ മൾട്ടി ജിം, തെക്കേത്തുകവല
**4.** ഇവോൾവ് ലേഡീസ് ഫിറ്റ്നെസ് സെന്റർ

മേൽ സ്ഥാപനങ്ങളെ -സ്വിമ്മിംഗ് പൂളുകൾ, ജിംനേഷ്യങ്ങൾ, ടർഫുകൾ - ഫീസ് നൽകി പൊതുജനങ്ങൾക്ക് പ്രവേശിക്കാവുന്നവ/വാണിജ്യ സ്വഭാവത്തോടുകൂടിയവ' എന്ന ഉപയോഗക്രമത്തിൽ ഉൾപ്പെടുത്തി നികുതി **(25/ച.മീ.)** നിർണയിക്കേണ്ടതായിരുന്നു . ജിംനേഷ്യങ്ങളെ വസ്തുനികുതി ഡിമാന്റിൽ ഉൾപ്പെടുത്താതിരുന്നതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് **(നം.21/29.09.2025)** മറുപടി ലഭ്യമാക്കിയില്ല. ഖണ്ഡികയിൽ പരാമർശിച്ചിട്ടുള്ളവ കൂടാതെ പഞ്ചായത്തിൽ പ്രവർത്തിച്ച് വരുന്ന മറ്റു ജിംനേഷ്യങ്ങളെ കണ്ടെത്തുന്നതിനായി ഫീൽഡ് വെരിഫിക്കേഷൻ നടത്തേണ്ടതും ജിംനേഷ്യങ്ങളുടെ നികുതി നിർണയിച്ച് ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

## 1-18 വാട്ടർ അതോറിറ്റിയുടെ ഉടമസ്ഥതയിലുള്ള കെട്ടിടത്തെ വസ്തുനികുതിയിൽനിന്നും ഒഴിവാക്കി

**1994** ലെ കേരള പഞ്ചായത്ത് രാജ് ആക്ട് **207**-ാം വകുപ്പ് പ്രകാരം ആരാധനാലയങ്ങൾ, ഹയർ സെക്കന്ററി തലം വരെയുള്ള സർക്കാർ/എയ്ഡഡ് വിദ്യാലയങ്ങളും അനുബന്ധ ഹോസ്റ്റലുകളും, സൗജന്യ ചികിത്സ ലഭിക്കുന്ന ആതുരാലയങ്ങൾ, അഗതി മന്ദിരങ്ങൾ, വായന ശാലകൾ, പ്രാചീന സ്മാരകങ്ങൾ, ശവം അടക്കുകയോ ദഹിപ്പിക്കുകയോ ചെയ്യുന്ന സ്ഥലങ്ങൾ, തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ വക കെട്ടിടങ്ങൾ, അറുപത് ച.മീ കുറവുള്ള വാസ ഗൃഹങ്ങൾ, സർക്കാർ ക്ഷേമ പ്രവർത്തനങ്ങളുടെ ഭാഗമായി സൗജന്യമായി നിർമ്മിച്ച് കൊടുത്തിട്ടുള്ള വാസ ഗൃഹങ്ങൾ എന്നീ ഇനങ്ങളിൽ ഉൾപ്പെട്ട കെട്ടിടങ്ങൾക്കാണ് വസ്തു നികുതി ഇളവിന് അർഹതയുള്ളത്. വസ്തു നികുതി നിർണ്ണയവുമായി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചതിൽ പഞ്ചായത്തിലെ **8**-ാം വാർഡിൽ സ്ഥിതിചെയ്യുന്ന കേരള വാട്ടർ അതോറിറ്റിയുടെ ഉടമസ്ഥതയിലുള്ള കെട്ടിടത്തെ വസ്തുനികുതിയിൽ നിന്നും ഒഴിവാക്കിയതായി കാണുന്നു. വിശദാംശം ചുവടെ ചേർക്കുന്നു.

| കെട്ടിട നം. | ഉടമ | വിസ്തീർണ്ണം | റിമാർക്സ് |
|---|---|---|---|
| **8/681 A** | എക്സിക്യൂട്ടീവ് എഞ്ചിനീയർ, കേരളാ വാട്ടർ അതോറിറ്റി | **96** ച.മീ | **2013 1st Half** മുതൽ സ്ഥിരമായി വസ്തു നികുതി ഒഴിവാക്കിയിരിക്കുന്നു. |

സർക്കാർ ഉടമസ്ഥതയിലുള്ള സ്ഥാപനങ്ങൾക്ക് വസ്തു നികുതിയിൽ നിന്നും ഒഴിവ് അനുവദിച്ചിട്ടില്ലാത്തതാണ്. മേൽ കെട്ടിടത്തിന് വസ്തുനികുതി ഒഴിവാക്കി നല്കിയതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് **(നം.20/29.09.2025)** മറുപടി ലഭ്യമാക്കിയില്ല. സാങ്കേതിക വിഭാഗത്തിന്റെ മേൽനോട്ടത്തിൽ കെട്ടിടം പരിശോധിച്ച് ആകെ വിസ്തീർണ്ണം കാണക്കാക്കി ആയതിന് വസ്തുനികുതി ചുമത്തി വിശദാംശങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

## 1-19 സ്ഥാപനങ്ങളുടെ തൊഴിൽ നികുതി ഈടാക്കുന്നതിലെ അപാകതകൾ

**1994**-ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് **204(1)** പ്രകാരം പഞ്ചായത്ത് പ്രദേശത്ത് അർദ്ധവർഷം **60** ദിവസത്തിൽ കുറയാതെ തൊഴിലിലോ കലയിലോ ജോലിയിലോ ഏർപ്പെട്ടവർക്ക് തൊഴിൽ നികുതി ചുമത്തേണ്ടതാണ്. ഗ്രാമപഞ്ചായത്തിൽ തൊഴിൽ നികുതി ചുമത്തുന്നതിന് ആധാരമാക്കേണ്ട അടിസ്ഥാന രേഖയായ സ്ഥാപന ലിസ്റ്റ് **(Institution List)** പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ഔദ്യോഗിക സ്ഥാപന ലിസ്റ്റിന്റെ അഭാവത്തിൽ **2024-25** ലെ ജീവനക്കാരുടെ തൊഴിൽ നികുതി രജിസ്റ്റർ ഇൻഡെക്സിലെ **157** സ്ഥാപനങ്ങളുടെ നികുതിയാണ് ഡിമാന്റ് ചെയ്തിരിക്കുന്നത്. എന്നാൽ പഞ്ചായത്ത് പരിധിയിലുള്ളതും ധാരാളം ജീവനക്കാർ ജോലി ചെയ്യുന്നതുമായ പല സ്ഥാപനങ്ങളും പ്രസ്തുത ഡേറ്റയിൽ ഉൾപ്പെട്ടിട്ടില്ല എന്ന് കാണുന്നു. തൊഴിൽ നികുതി പരിധിയിൽ ഉൾപ്പെടാത്ത പഞ്ചായത്ത് പ്രദേശത്തുള്ള സ്ഥാപനങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് |
|---|---|

| | |
|---|---|
| 1. | ഫോക്കസ് സിനിമാസ്, പൊൻകുന്നം |
| 2. | വിവിധ ഡെന്റൽ ക്ലിനിക്കുകളും ദന്താശുപത്രികളും |
| 3. | മെഡിക്കൽ ലാബുകൾ |
| 4. | ക്ലിനിക്കുകളും ആയുർവേദ ആശുപത്രികളും |
| 5. | ട്യൂട്ടോറിയൽ സ്ഥാപനങ്ങൾ |
| 6. | അക്ഷയ സെന്ററുകൾ, ഇ-സേവന കേന്ദ്രങ്ങൾ |
| 7. | കൺസ്ട്രക്ഷൻ കമ്പനികൾ |
| 8. | കൺസൾട്ടൻസികൾ |
| 9. | സ്വകാര്യ ധനകാര്യ സ്ഥാപനങ്ങൾ |
| 10. | ടൂർ ട്രാവൽ ഏജൻസികൾ |
| 11. | വാഹന ഷോറൂം സർവ്വീസ് സെന്ററുകൾ |
| 12. | ഓഡിറ്റോറിയങ്ങളും കൺവൻഷൻ സെന്ററുകളും |

മേൽപറഞ്ഞതുൾപ്പടെ സ്വകാര്യ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി അതാത് വർഷങ്ങളിൽ തദ്ദേശ സ്ഥാപനങ്ങളിൽ ഒടുക്കേണ്ട അക്രുവൽ ചെയ്യാത്ത നികുതി വരുമാനമാണ്. ജീവനക്കാർക്ക് സ്ഥലംമാറ്റം ഉൾപ്പടെയുള്ള സാഹചര്യങ്ങൾ ഉള്ളതിനാൽ അവരുടെ തൊഴിൽ നികുതി ഡിമാന്റ് ചെയ്യാതെയും സമയബന്ധിതമായി പഞ്ചായത്തിൽ ഒടുക്കാതെയും തുടരുന്നത് പഞ്ചായത്ത് ഫണ്ടിന് നികുതി ഇനത്തിൽ നഷ്ടത്തിന് ഇടയാക്കുന്നു. സ്ഥാപനങ്ങളുടെ ലിസ്റ്റ് നിലവിലില്ല എന്നതിനാൽ **2024-25** ലെ ടേണോവർ അടിസ്ഥാനത്തിലുള്ള തൊഴിൽ നികുതി ഡിമാന്റും ആധികാരികവും പൂർണ്ണവുമല്ല. സ്ഥാപന ലിസ്റ്റ് തയ്യാറാക്കി തൊഴിൽ നികുതി നടപടികൾ ആധികാരികമാക്കാതെ തുടരുന്നതിന് രേഖാമൂലം വിശദീകരണം ലഭ്യമാക്കുന്നതിന് ഓഡിറ്റ് അന്വേഷണം (നം. **27/29.09.2025**) നൽകിയെങ്കിലും മറുപടി ലഭ്യമായില്ല. വാർഡ് അടിസ്ഥാനത്തിൽ സ്ഥാപനലിസ്റ്റ് തയ്യാറാക്കി നിയമാനുസൃതം തൊഴിൽ നികുതി പരിധിയിൽ വരുന്ന മുഴുവൻ സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## <u>1-20 കരാറുകാരുടെ തൊഴിൽനികുതി ഈടാക്കിയില്ല</u>

ഓഡിറ്റ് വർഷം ഗ്രാമപഞ്ചായത്തിന്റെ വാർഷിക പദ്ധതിയിലുൾപ്പെട്ട മരാമത്ത് പദ്ധതികൾ ഏറ്റെടുത്ത ചുവടെ പേര് സൂചിപ്പിക്കുന്ന കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുകയോ അവർ മറ്റേതെങ്കിലും തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിൽ നികുതി ഒടുക്കിയതിന്റെ രേഖകൾ ലഭ്യമാക്കുകയോ ചെയ്തിട്ടില്ല.

| ക്രമ നമ്പർ | കരാറുകാരന്റെ പേര് |
|---|---|
| 1 | പി.എം.ഗോപകുമാർ |
| 2 | ജയകൃഷ്ണൻ പി.ആർ. |
| 3 | ചെല്ലദുരൈ |
| 4 | ശ്രീകാന്ത് പി.ജി. |
| 5 | ഷാജി വർഗീസ് |
| 6 | അൽഫോൻസ് ജോർജ് |
| 7 | ജുബി കെ ജോസഫ് |
| 8 | റെജികുമാർ എ.സി. |
| 9 | സലിം എ.ബി. |
| 10 | അനീഷ് മാത്യു |
| 11 | ശ്രീറാം സി |
| 12 | റ്റി. ജെ. ജോസഫ് |
| 13 | ബിജു ജോസഫ് |
| 14 | ശ്രീജിത്ത് ബി നായർ |
| 15 | അനിൽകുമാർ വി.ജി. |

മേൽ സൂചിത കരാറുകാരിൽ നിന്നും തൊഴിൽനികുതി ഈടാക്കിയിട്ടുണ്ടെങ്കിൽ രേഖകൾ സഹിതം ഹാജരാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ഓഡിറ്റ് അന്വേഷണം (നം.**28/29.09.2025**) നൽകിയെങ്കിലും

മറുപടി ലഭ്യമായില്ല. മേൽ സൂചിത കരാറുകാരുടെ തൊഴിൽ നികുതി ഈടാക്കി വിവരം രേഖാമൂലം അറിയിക്കേണ്ടതാണ്.

## 1-21 വിനോദ നികുതി - പിഴത്തുക ഈടാക്കിയില്ല

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 31.08.2019-ലെ സ.ഉ.(കൈ)നം.112/ 2019/നമ്പർ ഉത്തരവ് പ്രകാരം ജി.എസ്.ടി. ഒടുക്കുന്ന ടിക്കറ്റുകളുടെ എണ്ണത്തിന് അനുസൃതമായി തൊട്ടടുത്ത മാസം 3-ാം തീയതിക്കുള്ളിൽ വിനോദ നികുതിയിനത്തിൽ പിരിച്ച തുക തദ്ദേശസ്വയംഭരണ സ്ഥാപനത്തിൽ ഒടുക്കേണ്ടതാണ്. ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന ഫോക്കസ് സിനിമാസ് എന്ന തിയേറ്ററിൽനിന്നുമുള്ള 2024-25 വർഷത്തെ വിനോദനികുതി കുടിശ്ശികയായിരുന്നത് 2 തവണകളായാണ് അടവാക്കിയിട്ടുള്ളത്. വിശദാംശം ചുവടെ.

| ക്രമ നം. | കാലയളവ് | അടവാക്കിയ തുക | രസീത് നം./തീ. |
|---|---|---|---|
| 1 | 2024 ഏപ്രിൽ- സെപ്റ്റംബർ | 53665.83 | 1240104912/31.12.2024 |
| 2 | 2024 ഒക്ടോബർ - 2025മാർച്ച് | 43917.52 | G051001-25004405/10.09.2025 |
| ആകെ തുക | | 97583.35/- | |

1994ലെ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 209 E പ്രകാരം നികുതി ഇനത്തിലുള്ള തുകകൾ അടവാക്കുവാൻ താമസിച്ച ഓരോ മാസത്തിനും 2% നിരക്കിൽ (2023 ലെ ഫിനാൻസ് ആക്ട് 18 പ്രകാരം 01.04.2023 പ്രാബല്യത്തിൽ വകുപ്പ് 209 E ഭേദഗതി ചെയ്തത്) പിഴപ്പലിശ ഈടാക്കേണ്ടതാണ്. എന്നാൽ തിയേറ്റർ ഉടമ പിഴപ്പലിശ ഇനത്തിൽ തുകയൊന്നും അടവാക്കിയതായി കാണുന്നില്ല. വിനോദനികുതി കൃത്യമായി അടവാക്കുന്നതിൽ കാലതാമസം വരുത്തിയതിലുള്ള പിഴപ്പലിശ കണക്കാക്കി തിയേറ്റർ ഉടമയ്ക്ക് നോട്ടീസ് നൽകേണ്ടിയിരുന്നു. കൂടാതെ 2023-24 വർഷത്തെ വിനോദ നികുതിയിന്മേലുള്ള പിഴപ്പലിശ കണക്കാക്കിയതിലെ അപാകതയെക്കുറിച്ചും പിഴപ്പലിശ ഈടാക്കാത്തത് സംബന്ധിച്ചും മുൻവർഷ ഓഡിറ്റ് റിപ്പോർട്ട് ഖ.1-21 ൽ പരാമർശമുണ്ടായിരുന്നെങ്കിലും തുടർ നടപടികൾ സ്വീകരിച്ചതായി കാണുന്നില്ല . വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 02/25.09.2025) മറുപടി ലഭ്യമാക്കിയില്ല. തിയേറ്റർ ഉടമയ്ക്ക് വിനോദനികുതിയിന്മേലുള്ള പിഴപ്പലിശ ഈടാക്കുന്നതിനായി ഡിമാൻഡ് നോട്ടീസ് നൽകി പിഴത്തുക ഈടാക്കി രേഖകൾ സഹിതം മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-22 മുറിച്ചിട്ട മരത്തടികൾ ലേലം ചെയ്തില്ല

തനത് ഫണ്ട് വൗച്ചർ പരിശോധനയിൽ ഗ്രാമ പഞ്ചായത്തിലെ വിവിധ സ്ഥലങ്ങളിൽ മരം മുറിയ്ക്കുന്നതിന് തുക ചെലവഴിച്ചതായി കാണുന്നു.

1. 19-ാം വാർഡിൽ വെള്ളക്കയം ഭാഗത്ത് തോട്ടുപുറമ്പോക്കിൽ നിൽക്കുന്ന മാവ് വെട്ടിമാറ്റിയ വകയിൽ 17000/-രൂപ (ചെക്ക് നം.610807/23.08.24)
2. 20-ാം വാർഡിൽ പഴയ ചന്ത ഭാഗത്ത് അപകടകരമായി നിന്ന വാകമരം വെട്ടിമാറ്റിയ വകയിൽ 5000/- രൂപ (ചെക്ക് നം.860303/09.09.24 )
3. 17-ാം വാർഡിൽ യു പി സ്കൂളിന് സമീപം അപകടകരമായി നിന്ന ആഞ്ഞിലി, തേക്ക് എന്നിവ വെട്ടിമാറ്റിയ വകയിൽ 45000/-രൂപ (ചെക്ക് നം.610823/25.09.24)
4. ഓഫീസ് കോമ്പൗണ്ടിലെ പ്ലാവ്, തെങ്ങ് എന്നിവ വെട്ടിമാറ്റിയ വകയിൽ 15000/-രൂപ (ചെക്ക് നം.610850/10.12.24 )
5. 18-ാം വാർഡിൽ തോട്ടുപുറമ്പോക്കിൽ നിൽക്കുന്ന കാട്ടുകടപ്ലാവ് വെട്ടിമാറ്റിയ വകയിൽ 3700/-രൂപ (ചെക്ക് നം.610876/06.02.25)
6. 14-ാം വാർഡിൽ അപകടാവസ്ഥയിൽ നിൽക്കുന്ന ആഞ്ഞിലി വെട്ടിമാറ്റിയ വകയിൽ 5000/-രൂപ (ചെക്ക് നം.496021/29.02.25)

തടികൾ വാല്യുവേഷൻ എടുത്ത് ലേലം ചെയ്തതിന്റെ വിശദാംശങ്ങൾ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (15/27.09.2025) മറുപടി ലഭ്യമാക്കിയിട്ടില്ല. മുറിച്ചിട്ട മരത്തടികൾ മൂല്യ നിർണ്ണയം നടത്തി ലേലം ചെയ്ത വിവരങ്ങൾ രേഖാമൂലം അറിയിക്കേണ്ടതാണ്.

## 1-23 പാർഷ്യൽ ഒക്യുപ്പൻസി അനുവദിച്ചശേഷമുള്ള നിർമ്മാണം - വിനിയോഗ ഗണം മാറ്റി നിർമ്മിച്ച കെട്ടിടഭാഗം ക്രമവൽക്കരിച്ച് വസ്തുനികുതി ഈടാക്കിയില്ല

ചിറക്കടവ് വില്ലേജിൽ സർവേ നമ്പർ 167/1-2,1-4 ലുള്ള 27 ആർ വിസ്തീർണമുള്ള പുരയിടത്തിൽ

**418.8m²** നിർമിത വിസ്തീർണ്ണമുള്ള രണ്ട് നില വാണിജ്യ – പാർപ്പിട ആവശ്യത്തിനുള്ള കെട്ടിടം നിർമ്മിക്കുന്നതിനായി സ്ഥല ഉടമയായ ശ്രീമതി ലത പി ആർ, ചിറക്കടവ് സെന്റർ പി ഒ എന്നയാൾക്ക് **16.11.2022** ൽ **B-BA(358089)/2022** നമ്പറായി കെട്ടിട നിർമ്മാണ അനുമതി നൽകിയിരുന്നു. കെട്ടിട നിർമ്മാണം പൂർത്തിയാവുന്നതിന് മുൻപ് നമ്പറിങ്ങിനായി ഉടമ പാർഷ്യൽ കംപ്ലീഷൻ പ്ലാൻ സമർപ്പിക്കുകയും (ഫയൽ നമ്പർ **SC4 - 7923/2023** തീ: **22.08.2023**) ആയതിന്റെ അടിസ്ഥാനത്തിൽ ഫീൽഡ് പരിശോധന നടത്തി മേൽ കെട്ടിടത്തിന്റെ തറ നിരപ്പ് നിലയ്ക്ക് ഒക്കുപ്പൻസി അനുവദിച്ച് **17/397 A-D** എന്നീ കെട്ടിട നമ്പറുകൾ നൽകുകയും (**Signed Date: 03/10/2024**) ചെയ്തിട്ടുണ്ട്. പെർമിറ്റിനായി സമർപ്പിച്ച പ്രോപോസ്ഡ് പ്ലാൻ, സഞ്ചയ ഫോം 6, പാർഷ്യൽ കംപ്ലീഷൻ പ്ലാൻ എന്നിവ പ്രകാരമുള്ള കെട്ടിടത്തിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു .

| നില | പെർമിറ്റ് | | പാർഷ്യൽ കംപ്ലീഷൻ പ്ലാൻ | | സഞ്ചയ ഫോം 6 | |
|---|---|---|---|---|---|---|
| | നിർമ്മിത വിസ്തൃതി (ച.മീ.) | വിനിയോഗ ഗണം | നിർമ്മിത വിസ്തൃതി (ച.മീ.) | വിനിയോഗ ഗണം | തറ വിസ്തീർണ്ണം (ച.മീ.) | വിനിയോഗ ഗണം |
| ഗ്രൗണ്ട് ഫ്ലോർ | **204.8** | വാണിജ്യാവശ്യം | **187.65** | വാണിജ്യാവശ്യം | **187.65** | വാണിജ്യാവശ്യം |
| ഫസ്റ്റ് ഫ്ലോർ | **196** | പാർപ്പിടാവശ്യം | **224.58** | പാർപ്പിടാവശ്യം | - | - |
| സെക്കൻഡ് ഫ്ലോർ | **18** | പാർപ്പിടാവശ്യം | **10.75** | പാർപ്പിടാവശ്യം | - | - |
| ആകെ | **418.8** | | **422.98** | | **187.65** | |

മേൽ കെട്ടിടത്തിന്റെ നിർമ്മാണ പെർമിറ്റ്, പെർമിറ്റിനായി സമർപ്പിച്ച പ്ലാൻ, കംപ്ലീഷൻ പ്ലാൻ എന്നിവ പരിശോധിച്ചതിന്റെയും കെട്ടിടത്തിൽ ഭൗതിക പരിശോധന നടത്തിയതിന്റെയും അടിസ്ഥാനത്തിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു.


1. പെർമിറ്റ് അനുവദിച്ചതിൽ നിന്നും വ്യത്യസ്ത ഉപയോഗക്രമത്തിൽ കെട്ടിട നിർമ്മാണം നടത്തി

നമ്പറിങ്ങിനായി സമർപ്പിച്ച പാർഷ്യൽ കംപ്ലീഷൻ പ്ലാൻ പ്രകാരം ഫസ്റ്റ് ഫ്ലോറിന്റെ ആകെ നിർമ്മിത വിസ്തൃതി**224.58** ച.മീ. ആണ്. മേൽ പ്ലാനിൽ ഫസ്റ്റ് ഫ്ലോറിൽ **Incompleted Construction** എന്നാണ് രേഖപ്പെടുത്തിയിരുന്നത്. എന്നാൽ കെട്ടിടത്തിൽ ഭൗതിക പരിശോധന നടത്തിയപ്പോൾ കെട്ടിട നിർമ്മാണാനുമതി പത്രത്തിലെ വിനിയോഗ ഗണത്തിൽ (പാർപ്പിടാവശ്യം) നിന്നും വ്യത്യസ്തമായി ഫസ്റ്റ് ഫ്ലോറും സ്റ്റെയർ റൂമും പൂർണമായും നിർമ്മാണം പൂർത്തിയാക്കിയിട്ടുള്ളതായും രണ്ട് അപ്പാർട്മെന്റുകൾക്കായി നിർമ്മാണാനുമതി ലഭിച്ചിരുന്ന ഫാസ്റ്റ് ഫ്ലോർ, അപ്പ്രൂവ്ഡ് പ്ലാനിൽ നിന്നും വ്യതിചലിച്ച് നിർമ്മാണം നടത്തി കടമുറികളാക്കി മാറ്റി വാണിജ്യാവശ്യത്തിന് സ്വകാര്യ സ്ഥാപനങ്ങൾക്ക് വാടകയ്ക്ക് നല്കിയിരിക്കുന്നതായുമാണ് കണ്ടത്. പാർപ്പിടാവശ്യത്തിനായി നിർമാണാനുമതി നേടിയശേഷം വാണിജ്യാവശ്യത്തിന് ഉപയോഗിക്കുന്നത് ക്രമവിരുദ്ധമാണ്.

**Permited Built-Up Area** യിൽ അധികരിച്ച് നിർമ്മാണം നടത്തി

നമ്പറിങ്ങിനായി സമർപ്പിച്ച പാർഷ്യൽ കംപ്ലീഷൻ പ്ലാൻ പ്രകാരം ഫസ്റ്റ് ഫ്ലോറിന്റെ (**Under Construction**) ആകെ നിർമ്മിത വിസ്തൃതിയായി രേഖപ്പെടുത്തിയിരിക്കുന്നത് **224.58** ച.മീ. ആണ്. ഫസ്റ്റ് ഫ്ലോറിൽ **2** അപ്പാർട്മെന്റുകൾ നിർമ്മിക്കുന്നതിനായി **196** ച.മീ. ബിൽറ്റപ്പ് ഏരിയയ്ക്കായിരുന്നു പെർമിറ്റ് അനുവദിച്ചിരുന്നത്. പെർമിറ്റിലധികരിച്ച് മുകൾ നിലയിൽ നിർമ്മാണം നടന്നിട്ടുണ്ട്.

അധിക നിർമ്മിതി = **224.58 - 196 = 28.58** ച.മീ.



**2. Occupancy** മാറ്റം വരുത്തി നിർമ്മിച്ച കെട്ടിട ഭാഗത്തിന് **51,939/-**രൂപ കോമ്പൗണ്ടിങ് ഫീ ഈടാക്കിയില്ല.

തദ്ദേശ സ്വയംഭരണ (ആർ.എ) വകുപ്പിന്റെ **13-03-2024**ലെ ജി.ഒ**(Rt) No.588/2024** നമ്പർ ഉത്തരവ് പ്രകാരം കേരള പഞ്ചായത്ത് രാജ് കെട്ടിട നിർമ്മാണ ചട്ടത്തിലെ ചട്ടം **109**ന് സ്പഷ്ടീകരണം നൽകി ഉത്തരവായിട്ടുണ്ട്. ഈ ഉത്തരവ് പ്രകാരം "**10.04.2023** ന് മുൻപ് കെട്ടിട നിർമ്മാണ പെർമിറ്റ് എടുത്തതിന് ശേഷം ഒക്യുപ്പൻസി(ഉപയോഗ ഗണം) കൂടി പൂർണ്ണമായോ ഭാഗികമായോ മാറ്റി നിർമ്മിച്ചതും എന്നാൽ വിസ്തൃതിയിൽ വർദ്ധനവ് വരുത്താതെയോ വരുത്തിയോ നിർമ്മിച്ച കെട്ടിടങ്ങളിൽ, കംപ്ലീഷൻ (നമ്പറിംഗ്) സമയത്ത്, വർദ്ധനവ് വരുത്തിയ ഭാഗത്തിന് മാത്രമല്ല, ഒക്യുപ്പൻസി വ്യതിയാനം വരുത്തിയ ഭാഗത്തിനും പുതിയ നിരക്കിൽ കോംപൗണ്ടിംഗ് ഫീസ് ബാധകമാണ്" എന്ന് വ്യക്തമാക്കിയിട്ടുണ്ട്. ഉപയോഗ ഗണത്തിൽ മാറ്റം വരുത്തിയ ഒന്നാം നിലയിലെ **224.58** ച.മീ. കെട്ടിടഭാഗം ഫീസ് ഈടാക്കി ക്രമവത്ക്കരിക്കേണ്ടതുണ്ട്. സ.ഉ(കൈ)നം **85/2023/LSGD Dtd 31.03.23** നമ്പർ ഉത്തരവ് പ്രകാരം **300 M2** ന് മുകളിലുള്ള കെട്ടിടത്തിന്റെ ഒക്യുപ്പൻസിയിൽ മാറ്റം വന്ന അളവിന് ച.മീറ്ററിന് **120/-**രൂപ (വാണിജ്യാവശ്യം) നിരക്കിലുള്ള പെർമിറ്റ് ഫീസിന്റെ ഇരട്ടി തുക കോംപൗണ്ടിംഗ് ഫീയായി ഈടാക്കേണ്ടതാണ്.

ഉപയോഗ ഗണം മാറിയത് മൂലം ക്രമവൽക്കരിക്കേണ്ട കെട്ടിട ഭാഗം **- 224.58**ച.മീ. **(**പാർഷ്യൽ കംപ്ലീഷൻ പ്ലാൻ പ്രകാരം)

കോമ്പൗണ്ടിങ് ഫീസ് **- 224.58 X 120 X2**

**= 53,899/-**

മേൽ പരാമർശിത സ്പഷ്ടീകരണപ്രകാരം പ്രസ്തുത കെട്ടിടത്തിന്റെ പെർമിറ്റിൽ നിന്നും വ്യതിയാനം വരുത്തിയ **224.58 M2** ന് ക്രമവൽക്കരണ ഫീസ് ആയി **53,899/-** രൂപ ഈടാക്കേണ്ടതാണ്. ഇതിൽ കെട്ടിട നിർമ്മാണ പെർമിറ്റ് അനുവദിച്ചപ്പോൾ ഈടാക്കിയ ഫീസ് കുറയ്ക്കാവുന്നതാണ്. അതായത് **Permitted Area** ആയ **196 M2** ന് ഈടാക്കിയ പെർമിറ്റ് ഫീസായ **1960/- (**ഈടാക്കിയ പെർമിറ്റ് ഫീസ് = **196x10)** രൂപ **53,899/-** ൽ നിന്നും കുറച്ച തുകയായ **51,939/-**രൂപ കോംപൗണ്ടിംഗ് ഫീയായി മേൽ കെട്ടിട ഉടമയിൽ നിന്നും ഈടാക്കേണ്ടതാണ്. അല്ലാത്ത പക്ഷം സെക്രട്ടറിയുടെ ബാധ്യതയായി തിട്ടപ്പെടുത്തുന്നതാണ്.

മേൽ വിഷയങ്ങളിൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് **(**നം. **34/03.10.2025)** മറുപടി ലഭ്യമാക്കിയില്ല. കെട്ടിട ഉടമയിൽ നിന്നും കോംപൗണ്ടിംഗ് ഫീ ഈടാക്കി ഉപയോഗക്രമം മാറ്റിയുള്ള നിർമ്മാണം ക്രമവൽക്കരിക്കേണ്ടതും വസ്തുനികുതി കുടിശിക സഹിതം ഈടാക്കേണ്ടതുമാണ് . തുടർ നടപടികളുടെ വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-24 ഫാക്ടറികൾക്കും, വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ - അപാകതകൾ

**2024-25** സാമ്പത്തിക വർഷത്തെ ലൈസൻസ് അപേക്ഷകൾ, ലൈസൻസ്ഫീസ്, ഡിമാന്റ് രജിസ്റ്റർ സഞ്ചയ സോഫ്റ്റ്‌വെയറിൽ രേഖപ്പെടുത്തിയിരിക്കുന്ന വിവരങ്ങൾ എന്നിവ പരിശോധിച്ചതിൽ ചുവടെ വിവരിക്കുന്ന അപാകതകൾ ശ്രദ്ധയിൽപെട്ടു.

**1. 1994** ലെ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ **232, 1996**ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ എന്നിവ പ്രകാരം മനുഷ്യന്റെ ജീവനോ ആരോഗ്യത്തിനോ വസ്തുവകകൾക്കോ അപകടകരമോ അസഹ്യതയുണ്ടാക്കുന്നതോ ആയേക്കാനിടയുള്ളതോ ആയ സ്ഥാപനങ്ങൾ പ്രവർത്തിപ്പിക്കുന്നതിന് സെക്രട്ടറി നൽകുന്ന ലൈസൻസ് ആവശ്യമാണ്. എന്നാൽ ചിറക്കടവ് ഗ്രാമപഞ്ചായത്തിൽ വാണിജ്യ-വ്യവസായ ആവശ്യങ്ങൾക്കായി വസ്തുനികുതി നിർണ്ണയിച്ച കെട്ടിടങ്ങളിലെ മുഴുവൻ സ്ഥാപനങ്ങളും ലൈസൻസ് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ല. പഞ്ചായത്തിലെ സഞ്ചയ സോഫ്റ്റ്‌വെയറിൽ നിന്നും ലഭ്യമായ, വാണിജ്യാവശ്യത്തിനായി വസ്തുനികുതി നിർണ്ണയിച്ച കെട്ടിടങ്ങളുടെ എണ്ണം ചുവടെ ചേർക്കുന്നു.

| കെട്ടിടത്തിന്റെ നികുതി നിർണ്ണയത്തിന്റെ ഇനം | എണ്ണം |
|---|---|
| വാണിജ്യാവശ്യത്തിനുള്ള **100** ച.മീ. വരെ തറ വിസ്തീർണ്ണമുള്ള കെട്ടിടങ്ങൾ | **1831** |
| വാണിജ്യാവശ്യത്തിനുള്ള **100** ച.മീ.ൽ കൂടുതൽ തറ വിസ്തീർണ്ണമുള്ള കെട്ടിടങ്ങൾ | **679** |
| വാണിജ്യാവശ്യത്തിനുള്ള **200** ച.മീ. വരെ തറ വിസ്തീർണ്ണമുള്ള സൂപ്പർമാർക്കറ്റുകൾ, ഷോപ്പിങ്ങ് കോംപ്ലെക്സ് | **1** |
| വാണിജ്യാവശ്യത്തിനുള്ള **200** ച.മീ.ൽ കൂടുതൽ വിസ്തീർണ്ണമുള്ള സൂപ്പർമാർക്കറ്റുകൾ, ഷോപ്പിങ്ങ് കോംപ്ലെക്സ് | **126** |
| വാണിജ്യാവശ്യം **- 100** ച.മീ മുകളിൽ **500** ച.മീ. വരെയുള്ളവ | **98** |

| | |
|---|---|
| വാണിജ്യാവശ്യത്തിനുള്ള 500 ച.മീ.ൽ കൂടുതൽ തറ വിസ്തീർണ്ണമുള്ള കെട്ടിടങ്ങൾ | 29 |
| വാണിജ്യാവശ്യത്തിനുള്ള പെട്ടിക്കടകൾ, ബങ്കുകൾ | 12 |
| വ്യവസായാവശ്യത്തിനുള്ള - കൈത്തറിഷെഡ്, കയർപിരിഷെഡ് | 138 |
| ഇതരവ്യവസായാവശ്യത്തിനുള്ളവ | 2 |
| ആകെ എണ്ണം | 2916 |

സഞ്ചയ പ്രകാരം പഞ്ചായത്ത് പരിധിയിൽ 2916 കെട്ടിടങ്ങളെ വാണിജ്യ-വ്യവസായ ഗണത്തിൽപ്പെടുത്തി വസ്തുനികുതി നിർണ്ണയിച്ചിട്ടുണ്ട്. എന്നാൽ 696 സ്ഥാപനങ്ങൾക്ക് മാത്രമേ പഞ്ചായത്ത് ലൈസൻസ് നൽകിയിട്ടുള്ളൂ. ഇതിൽനിന്നും നിരവധി വാണിജ്യ-വ്യവസായ സ്ഥാപനങ്ങൾ പഞ്ചായത്തിന്റെ ലൈസൻസില്ലാതെ പ്രവർത്തിയ്ക്കുന്നുവെന്ന് വ്യക്തമാണ്. ലൈസൻസ്, ട്രേഡേഴ്സിന്റെ തൊഴിൽ നികുതി എന്നിവയുടെ ഡിമാന്റ്, ട്രേഡേഴ്സ് ലിസ്റ്റ് അടിസ്ഥാനമാക്കി തയ്യാറാക്കേണ്ടതാണ്. അദാലത്തുകൾ നടത്തി ലൈസൻസ് പിരിവ് കൂടുതൽ കാര്യക്ഷമമാക്കാവുന്നതാണ്. ധനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റി ഇക്കാര്യത്തിൽ പ്രത്യേക ശ്രദ്ധ പതിപ്പിക്കേണ്ടതാണ്.

2. 1996 -ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ, ചട്ടം 10 പ്രകാരം ലൈസൻസ് പുതുക്കുന്നതിനുള്ള അപേക്ഷ ഏതൊരു സാമ്പത്തിക വർഷവും അവസാനിക്കുന്നതിന് മുപ്പത് ദിവസം മുമ്പായി സമർപ്പിക്കേണ്ടതാണ്. കൂടാതെ, ചട്ടം 8 പ്രകാരം ഏതൊരു ലൈസൻസിന്റേയും കാലാവധി ആ സാമ്പത്തിക വർഷം അവസാനിക്കുന്നതും, അല്ലാത്ത പക്ഷം ലൈസൻസിന്റെ കാലാവധി പ്രസിഡന്റ് ഒരു മുൻ തീയതിയിൽ അതിന്റെ കാലവധി അവസാനിക്കണമെന്ന് പ്രത്യേക കാരണങ്ങളാൽ കരുതുകയാണെങ്കിൽ അതിൽ പ്രത്യേകം പറയാവുന്ന മുൻ തീയതിയിൽ അവസാനിക്കുന്നതുമാകുന്നു.

തൻവർഷം ചിറക്കടവ് ഗ്രാമപഞ്ചായത്തിലെ ലൈസൻസ് പുതുക്കുന്നതിനുള്ള അപേക്ഷകളും രജിസ്റ്ററും പരിശോധിച്ചതിൽ, 696 സ്ഥാപനങ്ങൾ ലൈസൻസ് പുതുക്കുന്നതിനും/പുതിയ ലൈസൻസിനുമായി അപേക്ഷിച്ചിട്ടുണ്ട്. മേൽ പരാമർശിത ചട്ടങ്ങൾ പ്രകാരം ഗ്രാമപഞ്ചായത്തിൽ നിലവിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ എല്ലാം ലൈസൻസ് പുതുക്കുന്നതിനുള്ള അപേക്ഷ 2024 ഫെബ്രുവരി-മാർച്ച് മാസത്തിൽ തന്നെ നൽകേണ്ടതായിരുന്നു. ഇവയിൽ 86 സ്ഥാപനങ്ങൾ മാത്രമാണ് അപേക്ഷ ഫെബ്രുവരി/മാർച്ച് മാസങ്ങളിൽ നൽകിയത്. ബാക്കിയുള്ളവ 2024 ഏപ്രിൽ മുതൽ 2025 മാർച്ച് വരെയുള്ള മാസങ്ങളിലായാണ് ലൈസൻസ് പുതുക്കിയിട്ടുള്ളത്. ചട്ടപ്രകാരം ലൈസൻസ് യഥാസമയം പുതുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

3. തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 31.10.2017 ലെ സ.ഉ(അ)നം.80/2017/ത.സ്വ.ഭ.വ., എസ്.ആർ.ഒ. നമ്പർ 674/2017 പ്രകാരം പുറപ്പെടുവിച്ച വിജ്ഞാപന പ്രകാരം 1996 ലെ കേരള പഞ്ചായത്ത് രാജ് (അസഹ്യവും അപകടകരവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ റൂൾ 2 (ഫാക്ടറികൾക്കും, വ്യാപാരങ്ങൾക്കും, സംരംഭക പ്രവർത്തനങ്ങൾക്കും, മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) എന്ന് ഭേദഗതി ചെയ്തിട്ടുണ്ട്. കൂടാതെ ചട്ടം 10 ലെ പട്ടിക-II ൽ വിവിധ വ്യാപാരങ്ങൾക്ക് ഈടാക്കാവുന്ന പരമാവധി ഫീസ് ദിവസേനയുള്ള വിറ്റുവരവിന്റെ അടിസ്ഥാനത്തിൽ മൈക്രോ, മിനി, സ്മോൾ, മീഡിയം, ലാർജ് സംരംഭങ്ങൾ എന്നിങ്ങനെ വിവിധ തട്ടുകളാക്കി മൂലധന നിക്ഷേപത്തിൻറെ അടിസ്ഥാനത്തിൽ തരം തിരിച്ച് പരമാവധി ഫീസ് ഈടാക്കുന്നതിന് ഉത്തരവാകുകയും ചെയ്തിട്ടുണ്ട്. ചട്ടം 7 പ്രകാരം II-ാം പട്ടികയിൽ നിർദ്ദേശിച്ചിട്ടുള്ളതിൽ അധികരിക്കാത്ത തുക ഗ്രാമപഞ്ചായത്തിന് ചുമത്താവുന്നതുമാണ്. എന്നാൽ സാമ്പത്തിക വർഷം ലൈസൻസ് ഫീസ് പിരിച്ചിട്ടുണ്ടെങ്കിലും ഭൂരിഭാഗം അപേക്ഷകളിലും മൂലധന നിക്ഷേപം സംബന്ധിച്ച യാതൊരു വിവരവും രേഖപ്പെടുത്തിയിട്ടില്ല. ഈ സാഹചര്യത്തിൽ ലൈസൻസ് ഫീസ് പിരിച്ചതിന്റെ മാനദണ്ഡം ഓഡിറ്റിൽ വ്യക്തമായിട്ടില്ല. മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ ലൈസൻസ് ഫീ ഈടാക്കാത്തതുമൂലം ഗ്രാമപഞ്ചായത്തിന് വരുമാന നഷ്ടം ഉണ്ടായിട്ടുള്ളതായി ഓഡിറ്റ് വിലയിരുത്തുന്നു. ആയതിനാൽ സർക്കാർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന ഉത്തരവുകളും, സർക്കുലറുകളും, ചട്ട ഭേദഗതികളും സമയബന്ധിതമായി നടപ്പാക്കുന്നതിൽ പഞ്ചായത്ത് ശ്രദ്ധിക്കേണ്ടതാണ്.

4. ലൈസൻസ് അപേക്ഷകൾ പരിശോധിച്ചതിൽ അപേക്ഷകർ ലൈസൻസ് അപേക്ഷയിൽ പൂർണമായ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല. കൂടാതെ അപേക്ഷകൾ പരിശോധിച്ച് അപേക്ഷയിൽ പറയുന്ന വിവരങ്ങളുടെ കൃത്യത പരിശോധിച്ച് ഉദ്യോഗസ്ഥർ സാക്ഷ്യപ്പെടുത്തിയിട്ടില്ല.

മേൽ സൂചിത അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിന് ഓഡിറ്റ് അന്വേഷണം (നം.35/03.10.2025) നല്കിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. ലൈസൻസില്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളെ വാർഡ് തലത്തിൽ പരിശോധനയിലൂടെ കണ്ടെത്തി നടപടി സ്വീകരിക്കേണ്ടതാണ്. ധനകാര്യ സ്റ്റാന്റിങ് കമ്മറ്റിയുടെയും ഭരണ സമിതിയുടെയും പ്രത്യേക ശ്രദ്ധ മേൽ വിഷയങ്ങളിൽ

ഉണ്ടാകേണ്ടതാണ്.

## 1-25 പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകൾ - സമയബന്ധിതമായി ചെലവഴിക്കുന്നില്ല

പ്രത്യേക ഉദ്ദേശ്യങ്ങൾ മുൻനിർത്തി കേന്ദ്ര സംസ്ഥാന സർക്കാരുകൾ, ഇതര സ്ഥാപനങ്ങൾ എന്നിവ അനുവദിച്ച ഗ്രാന്റുകൾ സമയബന്ധിതമായി വിനിയോഗിക്കുന്നതിൽ ഗ്രാമപഞ്ചായത്തിന് ഗൗരവമേറിയ വീഴ്ച സംഭവിച്ചിട്ടുണ്ട്. വിവിധ വർഷങ്ങളിൽ ലഭിച്ച പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകൾ, ജില്ല ബ്ലോക്ക് വിഹിതങ്ങൾ തുടങ്ങിയ ഫണ്ടുകൾ ചെലവഴിക്കാതെ ബാധ്യതയായി തുടരുകയാണ്. **2024-25** ധനകാര്യ പത്രിക പ്രകാരമുള്ള വിശദാംശങ്ങൾ ചേർക്കുന്നു.

| ക്രമ നം. | ഫണ്ട് | തുക |
|---|---|---|
| **1.** | ലൈഫ് സ്റ്റേറ്റ് ഷെയർ | **1,752,353/-** |
| **2.** | ടോട്ടൽ സാനിട്ടേഷൻ ക്യാമ്പയിൻ | **137,376/-** |
| **3.** | നിർമൽ പുരസ്കാർ | **250,000/-** |
| **4.** | ശുചിത്വ മിഷൻ ഗ്രാന്റ് | **1,093,774/-** |
| **5.** | മറ്റു ബാധ്യതകൾ | **1,740,954/-** |
| **6.** | സോളിഡ് വേസ്റ്റ് മാനേജ്മെന്റ് | **464,243/-** |
| **7.** | ടോട്ടൽ സാനിട്ടേഷൻ | **13,050/-** |
| **8.** | ആയുഷ് ഗ്രാന്റ് | **500,000/-** |
| **9.** | സ്പെസിഫിക് ക്യാപിറ്റൽ | **57,000/-** |
| **10.** | ഐ.സി.ഡി.എസ്. സെൻട്രൽ ഷെയർ | **1,426,078/-** |
| ആകെ | | **7,434,828/-** |

മേൽ വിവരിച്ച ഫണ്ടുകളുടെ വിനിമയം വ്യക്തമാക്കുന്ന **ACR** സൂക്ഷിക്കുന്നില്ല. ഗ്രാന്റ് വിനിമയം അക്കൗണ്ട് ചെയ്തതിലും അപാകത നിലനിൽക്കുന്നു.

1. ശബരിമല ഗ്രാന്റ് ഏത് ശീർഷകത്തിലാണ് ഉൾപ്പെട്ടിട്ടുള്ളതെന്ന് വ്യക്തമല്ല.
2. വാർഷിക പദ്ധതിയിലെ പ്രോജക്ട് നം.**149/25** പ്രകാരം **ICDS** ഫണ്ട് ചെലവ് **1,195,714/-** രൂപയായിരുന്നത് **1,854,996/-** രൂപ എന്നാണ് ഗ്രാന്റ് ബാധ്യതയിൽ കുറവ് ചെയ്തത്.
3. ലൈഫ് സംസ്ഥാന വിഹിതം **14.2** ലക്ഷം ചെലവഴിച്ചെങ്കിലും **8.8** ലക്ഷം മാത്രമാണ് ഗ്രാന്റ് ബാധ്യത കുറവ് ചെയ്തത്. ബ്ലോക്ക് ജില്ലാ വിഹിതങ്ങൾ തൻവർഷം ബാധ്യത ഒഴിവാക്കിയതിന്റെ ആധികാരികത വ്യക്തമാക്കിയിട്ടില്ല.
4. **Others** ശീർഷകത്തിലെ **2.36** ലക്ഷം ഗ്രാന്റ് ബാധ്യത കുറവ് ചെയ്തതിന്റെ ആധികാരികതയും വ്യക്തമാക്കിയിട്ടില്ല.

ഫണ്ട് വിനിമയത്തിലെ അപാകതകൾക്കും **ACR** സൂക്ഷിക്കാതിരുന്നതിനും ഫണ്ടുകൾ ചെലവഴിക്കാതെ തുടരുന്നതിനും വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് **(**നം.**29/29-9-2025)** മറുപടി ലഭിച്ചില്ല. പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെയും വിഹിതങ്ങളുടെയും മുന്നിരിപ്പ് വിശദാംശം ഉൾപ്പടെ **2024-25 ACR** തയ്യാറാക്കി ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്. മേൽപറഞ്ഞ അപാകതകൾക്ക് വിശദീകരണം നൽകേണ്ടതും ഫണ്ടുകൾ തുടർ വാർഷിക പദ്ധതിയിൽ ചെലവഴിക്കുകയോ അല്ലാത്ത പക്ഷം അവ ലഭ്യമാക്കിയ ഏജൻസിയിലേക്ക് ക്രമീകരിച്ചോ പഞ്ചായത്ത് ഫണ്ടിന്റെ ബാധ്യത ഒഴിവാക്കേണ്ടതുമാണ്. ഈ വിഷയത്തിലുള്ള മറുപടി ഭരണസമിതിയുടെ സാക്ഷ്യപ്പെടുത്തലോടെ ലഭ്യമാക്കേണ്ടതാണ്.

## 1-26 പഞ്ചായത്ത് ഫണ്ടിലേക്ക് ലഭ്യമായ നിക്ഷേപങ്ങളുടെ വിശദാംശം സൂക്ഷിക്കുന്നില്ല

വിവിധ അവശ്യങ്ങൾക്കും പ്രോജക്ടുകളുടെ നടത്തിപ്പിനുമായി പഞ്ചായത്ത് ഫണ്ടിലേക്ക് ലഭിച്ച നിക്ഷേപങ്ങളുടെ വിശദാംശം **Deposit Register** ൽ സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല. **31-03-2025** ലെ ബാലൻസ് ഷീറ്റ് പ്രകാരം ആകെ **1.47** കോടി രൂപയുടെ നിക്ഷേപമാണ് പഞ്ചായത്ത് ഫണ്ടിന് ബാധ്യതയായി നിലനിൽക്കുന്നത്. ഇതിൽ **1.07** കോടി രൂപ ക്യാപ്പിറ്റൽ സ്വഭാവമുള്ള വാടക നിക്ഷേപവും ബാക്കിയുള്ള **40** ലക്ഷം രൂപ റവന്യൂ നിക്ഷേപവുമാണ്. **2011**-ലെ കേരള പഞ്ചായത്ത് രാജ്(അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം-**58(3)**(എ) പ്രകാരം സെക്രട്ടറി എല്ലാ നിക്ഷേപങ്ങളും എല്ലാ സാമ്പത്തിക വർഷാന്ത്യത്തിലും സ്ഥിരീകരിക്കേണ്ടതായിരുന്നു. നിക്ഷേപം ലഭിച്ച വർഷം, ഒടുക്കിയ വ്യക്തി/ സ്ഥാപനം, നിക്ഷേപത്തിന്റെ ഉദ്ദേശ്യം/പ്രോജക്ട്, ഉദ്ദേശ്യ പൂർത്തീകരണ തീയതി തുടങ്ങിയ അടിസ്ഥാന

വിവരങ്ങൾ ചേർക്കേണ്ടതും സാക്ഷ്യപ്പെടുത്തേണ്ടതുമായിരുന്നു.
വാടക നിക്ഷേപം ഒടുക്കിയവരുടെ വിശദാംശങ്ങൾ സാക്ഷ്യപ്പെടുത്താതിരുന്നതിനാൽ ഏതെല്ലാം കുത്തകക്കാരാണ് നിക്ഷേപം ഒടുക്കിയിട്ടുള്ളത് എന്ന് വ്യക്തമല്ല. നിക്ഷേപം ഒടുക്കാതെ കുത്തകക്കാർ തുടരുന്നുണ്ടോ എന്ന് പരിശോധിക്കാൻ സംവിധാനമില്ല. **40** ലക്ഷത്തോളം വരുന്ന റവന്യൂ നിക്ഷേപങ്ങളിൽ അവകാശം ഉന്നയിക്കപ്പെടാതെ കാലഹരണപ്പെട്ടവ ഉണ്ടോ എന്നും വ്യക്തമല്ല. **Kerala Financial Code Vol-I** അനുച്ഛേദം **282(1)** പ്രകാരം ഉദ്ദേശ്യ പൂർത്തീകരണ ശേഷം ക്ലെയിം ചെയ്യപ്പെടാത്ത **3** വർഷത്തിൽ അധികരിച്ച റവന്യൂ നിക്ഷേപങ്ങളുടെ ബാധ്യത ഒഴിവാക്കി മുതൽക്കൂട്ടാമായിരുന്നു.
ഡെപ്പോസിറ്റ് രജിസ്റ്ററിൽ നിക്ഷേപം സ്വീകരിച്ചതിന്റെ കൃത്യമായ വിവരങ്ങൾ ചേർക്കാതെ മേൽപറഞ്ഞ ചട്ടങ്ങളുടെ ലംഘനം തുടരുന്നതിനും കാലഹരണപ്പെട്ട നിക്ഷേപങ്ങൾ മുൽക്കൂട്ടാതിരുന്നതിനും രേഖാമൂലം വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണക്കുറിപ്പ് **(നം.6/2024-25/26-09-2025)** നൽകിയതിന് മറുപടി ലഭിച്ചില്ല. നിക്ഷേപങ്ങളുടെ വിശദാംശം **Deposit Register** ൽ ചേർക്കേണ്ടതും കാലഹരണപ്പെട്ട നിക്ഷേപങ്ങൾ ഭരണസമിതിയുടെ അനുമതിയോടെ മുതൽക്കൂട്ടി പഞ്ചായത്ത് ഫണ്ടിന്റെ ബാധ്യത ഒഴിവാക്കേണ്ടതുമാണ്. **1.07** കോടി രൂപ വാടക നിക്ഷേപം ഒടുക്കിയ കുത്തകക്കാരുടെ കൃത്യമായ ലിസ്റ്റും തുകയും സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതും ഓഡിറ്റിൽ ഹാജരാക്കേണ്ടതുമാണ്. ഈ വിഷയത്തിൽ തുടർ നടപടി പൂർത്തിയാക്കി വിശദാംശം ഉൾപ്പടെ മറുപടി നൽകേണ്ടതാണ്.

## 1-27 നിർവ്വഹണ ഏജൻസികളിൽ നിലനിൽക്കുന്ന 86.94 ലക്ഷം രൂപയുടെ നിക്ഷേപത്തിന്റെ വിശദാംശങ്ങൾ ലഭ്യമല്ല

**2024-25** സാമ്പത്തിക വർഷത്തിനു മുൻപുള്ള കാലയളവിൽ കേരള വാട്ടർ അതോറിറ്റി, കെ.എസ്.ഇ.ബി, ഭൂജല വകുപ്പ് എന്നീ ഏജൻസികളിൽ നിക്ഷേപിച്ചിരുന്ന **86.94** ലക്ഷം രൂപയുടെ വിശദാംശം **2024-25** വർഷത്തെ അഡ്വാൻസ് രജിസ്റ്ററിൽ സാക്ഷ്യപ്പെടുത്തിയിട്ടില്ല. **2011**-ലെ കേരള പഞ്ചായത്ത് രാജ്(അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം-**58(4)**(ഡി) പ്രകാരം സെക്രട്ടറി എല്ലാ മുൻകൂറുകളും എല്ലാ സാമ്പത്തിക വർഷാന്ത്യത്തിലും സ്ഥിരീകരിക്കേണ്ടതായിരുന്നു. നിക്ഷേപിച്ച വർഷം, ഫണ്ടിനം, ചെലവ് വിശദാംശം, പ്രോജക്ടിന്റെ പേര്/നം., പ്രവൃത്തി നടത്തേണ്ട സ്ഥലം/വാർഡ്(**Location**), തുക നിക്ഷേപിച്ച ഏജൻസിയുടെ ഓഫീസ് തുടങ്ങിയ അടിസ്ഥാന വിവരങ്ങൾ ചേർക്കേണ്ടതും പ്രവൃത്തികളുടെ **31-03-2025** വരെയുള്ള നിർവ്വഹണ പുരോഗതി (**Implementation Status**) പഞ്ചായത്ത് അധികാരികൾ പരിശോധിച്ച് സാക്ഷ്യപ്പെടുത്തേണ്ടതുമായിരുന്നു. **10-03-2023** ലെ സ.ഉ.(കൈ) നം.**45/2023**/ധന ഉത്തരവിൽ നിർവ്വഹണ ഏജൻസികൾ മുഖേന നിർവ്വഹിക്കുന്ന നിക്ഷേപ പ്രവൃത്തികൾ തുക നിക്ഷേപിക്കുന്ന സാമ്പത്തിക വർഷം തന്നെ പൂർത്തീകരിക്കണമെന്നും സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്. വിശദാംശങ്ങളുടെ അഭാവത്തിൽ ടി പ്രവൃത്തികൾക്ക് ഏതെല്ലാം വർഷങ്ങളിൽ നിക്ഷേപിച്ച തുകയാണ് എന്നതിൽ വ്യക്തതയില്ല. ധനകാര്യ പത്രികയിൽ **01-04-2024** ൽ മുന്നിരിപ്പ് ഉണ്ടായിരുന്ന നിക്ഷേപ പ്രവൃത്തികളുടെ വിവരം പട്ടികയിൽ ചേർക്കുന്നു.

| ക്രമ നം. | നിർവ്വഹണ ഏജൻസി | നിക്ഷേപം തുക |
|---|---|---|
| **1.** | കേരള വാട്ടർ അതോറിറ്റി | **3,622,000/-** |
| **2.** | കെ.എസ്.ഇ.ബി | **1,823,386/-** |
| **3.** | ഭൂജല വകുപ്പ് | **3,248,160/-** |
| ക്രമീകരിക്കാതെ തുടരുന്ന മുൻവർഷങ്ങളിലെ നിക്ഷേപം | | **8,693,546/-** |

മേൽപറഞ്ഞ മൂന്ന് ഏജൻസികളിലെ നിക്ഷേപങ്ങളും പ്രവൃത്തി പൂർത്തിയാക്കുന്നതായി രേഖപ്പെടുത്തി **2024-25** വർഷം ക്രമീകരിച്ചിട്ടുമുണ്ട്. പ്രവൃത്തികളുടെ കൃത്യമായ വിവരങ്ങൾ **Advance Register** ൽ സാക്ഷ്യപ്പെടുത്താതെ പ്രസ്തുത പ്രവൃത്തികൾ പൂർത്തിയായതായി അക്കൗണ്ട് ചെയ്തതിന്റെ ആധികാരികത വ്യക്തമല്ല. മുൻ വർഷങ്ങളിലെ നിക്ഷേപ പ്രവൃത്തികളുമായി ബന്ധപ്പെട്ട അപാകതകൾക്കും മേൽപറഞ്ഞ ചട്ടങ്ങളുടെയും സർക്കാർ ഉത്തരവിന്റെയും വ്യക്തമായ ലംഘനത്തിനും രേഖാമൂലം വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണക്കുറിപ്പ് (**നം.5/26-9-2025**) നൽകിയതിന് വിനിയോഗ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിലാണ് നിക്ഷേപങ്ങൾ ക്രമീകരിച്ചത് എന്നാണ് അറിയിച്ചത്.
നിക്ഷേപ പ്രവൃത്തികളുടെ എല്ലാ വിവരങ്ങളും(ഖണ്ഡികയുടെ ആദ്യ ഭാഗത്ത് നിർദ്ദേശിച്ചത്) ധനവിനിയോഗ വിവരവും ക്രമീകരണ വൗച്ചറും അഡ്വാൻസ് രജിസ്റ്ററിൽ ഉൾപ്പെടുത്തി സാക്ഷ്യപ്പെടുത്തേണ്ടതാണ്.

## 1-28 വിവിധ റവന്യൂ മുൻകൂറുകളുട വിശദാംശങ്ങൾ സൂക്ഷിക്കാത്തതിനാൽ ക്രമീകരണം നടത്താൻ സാധിക്കുന്നില്ല

പഞ്ചായത്ത് ഫണ്ടിൽ നിന്ന് നൽകുന്ന മുൻകൂറുകളുടെ വിശദാംശം **Advance Register** ൽ ചേർത്ത് സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല. **2011**-ലെ കേരള പഞ്ചായത്ത് രാജ്(അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം-**58(4)**(ഡി) പ്രകാരം സെക്രട്ടറി എല്ലാ മുൻകൂറുകളും എല്ലാ സാമ്പത്തിക വർഷാന്ത്യത്തിലും സ്ഥിരീകരിക്കേണ്ടതായിരുന്നു. മുൻകൂറുകളുട വിശദാംശം (കൈപ്പറ്റിയവരുടെ വിവരം, തീയതി, ഉദ്ദേശ്യം തുടങ്ങിയവ) **Advance Register** ൽ കൃത്യമായി രേഖപ്പെടുത്തിയിട്ടില്ല എന്നതിനാൽ പ്രസ്തുത മുൻകൂർ ആരൊക്കെയാണ് കൈപ്പറ്റിയത് എന്നും ഏത് കാലയളവിൽ ഏതെല്ലാം ഉദ്ദേശ്യത്തിനാണ് എന്നുള്ളതും വ്യക്തമല്ല. **31-03-2025** ബാലൻസ് ഷീറ്റ് പ്രകാരം ക്രമീകരിക്കാനവശേഷിക്കുന്ന മുൻകർ തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | മുൻകൂർ കണക്ക് ശീർഷകം | തുക | ലഭ്യമാക്കിയ മറുപടി |
|---|---|---|---|
| **1.** | **Festival Advace** | **32,000/-** | **20,000/-** രൂപ സിനി പി.എസ്., സീനിയർ ക്ലാർക്ക് **2025-26** ൽ ഒടുക്കി.<br>**12,000/-** രാകേഷ് റ്റി., ക്ലാർക്ക് ഒടുക്കുമെന്ന് അറിയിച്ചു |
| **2.** | **Advance To Implementing Officers** | **68,750/-** | മെഡിക്കൽ ഓഫീസർ പി.എച്ച്.സി. **2025-26** ൽ **68,750/-** ഒടുക്കി ക്രമീകരിച്ചു |
| **3.** | **MGNREGS Advance** | **1,375,242/-** | ബാങ്ക് അക്കൗണ്ടിലെ തൊഴിലുറപ്പ് ഫണ്ട് തുക മുൻകൂറിലേക്ക് ക്രമീകരിക്കുമെന്ന് അറിയിച്ചു. |
| **4.** | **Advance To Others** | **112,770/-** | പ്രേരക് വേതനം |

**13.75** ലക്ഷം രൂപ ക്രമീകരിക്കാനുള്ള സാഹചര്യത്തിൽ തൊഴിലുറപ്പ് പദ്ധതിയുടെ ഫണ്ട് ലഭിച്ചപ്പോൾ ടി അക്കൗണ്ടിൽ **2.9** ലക്ഷം രൂപ നിലനിർത്തി ബാക്കി തുക മാത്രമാണ് പഞ്ചായത്ത് ഫണ്ടിലേക്ക് ക്രമീകരിച്ചത്. തൊഴിലുറപ്പ് അക്കൗണ്ടിലെ ലഭ്യമായും മുഴുവൻ തുകയും ക്രമീകരിക്കാതിരുന്നതിന്റെ കാരണം വ്യക്തമല്ല.

കൃത്യമായി വിശദാംശങ്ങൾ സൂക്ഷിക്കാത്തതിനും മുൻകൂറുകളുടെ ക്രമീകരണത്തിൽ നിലനിൽക്കുന്ന അവ്യക്തതയ്ക്കും രേഖാമൂലം വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണക്കുറിപ്പ് (നം.**1/2024-25/24-09-2025**) നൽകിയതിന് ലഭ്യമാക്കിയ മറുപടിയുടെ വിവരം പട്ടികയിൽ ചേർത്തിട്ടുണ്ട്. മുൻകൂറുകൾ സമയബന്ധിതമായി ക്രമീകരിക്കേണ്ടതാണ്. മേൽ വിശദാംശങ്ങൾ അഡ്വാൻസ് രജിസ്റ്ററിൽ പോസ്റ്റ് ചെയ്ത് സാക്ഷ്യപ്പെടുത്തി അറിയിക്കേണ്ടതാണ്.

## 1-29 സർക്കാർ ഉത്തരവിന് വിരുദ്ധമായി ആർജ്ജിതാവധി സറണ്ടർ പണമായി നൽകിയിരിക്കുന്നു

സർക്കാർ ഉത്തരവ് (പി) നം. **23/2024**/ധന തീയതി **16.03.2024** പ്രകാരം **2024-25** സാമ്പത്തിക വർഷത്തെ ആർജ്ജിതാവധി സറണ്ടർ പി എഫ് അക്കൗണ്ടിലേക്ക് നൽകുന്നതിന് ഉത്തരവായിരുന്നു. ലാസ്റ്റ് ഗ്രേഡ് ജീവനക്കാർ, പി എഫ് അക്കൗണ്ടില്ലാത്ത ജീവനക്കാർ (സ്ഥിര ജീവനക്കാർ അല്ലാത്തവർ ഉൾപ്പെടെ) എന്നിവർക്ക് പണമായി നൽകാവുന്നതാണെന്നും ഉത്തരവിൽ നിർദ്ദേശിക്കുന്നുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്തിലെ താഴെപ്പറയുന്ന ജിവനക്കാർക്ക് സർക്കാർ ഉത്തരവിന് വിരുദ്ധമായി **30** ദിവസത്തെ ആർജ്ജിതാവധി സറണ്ടർ പണമായി അനുവദിച്ചിട്ടുള്ളതായി കാണുന്നു.

| ക്രമ നം. | ബിൽ നം., തീയതി | ഉദ്യോഗസ്ഥന്റെ പേര്, തസ്തിക | വൗച്ചർ നം., തീയതി | തുക |
|---|---|---|---|---|
| **1** | **2024/6001** | അനു പി തോമസ്, സീനിയർ ക്ലർക്ക് | **2100358, 19.07.24** | **43279** |
| **2** | **2024/6004** | മനു എം എസ്, ക്ലർക്ക് | **2100360, 19.07.24** | **35143** |
| **3** | **2024/6075** | രാകേഷ് ടി, ക്ലർക്ക് | **2100359, 19.07.24** | **30848** |

സർക്കാർ ഉത്തരവിന് വിരുദ്ധമായി ആർജ്ജിതാവധി സറണ്ടർ പണമായി അനുവദിച്ചതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (**08/26.09.2025**) മറുപടി ലഭ്യമാക്കിയിട്ടില്ല. ആർജ്ജിതാവധി സറണ്ടർ പണമായി നൽകുന്നത് അനുവദനീയമല്ലാത്ത സാഹചര്യത്തിൽ സർക്കാർ ഉത്തരവ് (അ) നം. **136/2022**/ധന തീയതി **04.11.2022** പ്രകാരം പലിശ സഹിതം തിരികെ ഈടാക്കേണ്ടതാണ്.

## 1-30 അഭിഭാഷകർക്കുള്ള പ്രതിഫലം - ആദായ നികുതി ടി.ഡി.എസ്. നടത്തുന്നില്ല

ഗ്രാമപഞ്ചായത്തിനുവേണ്ടി വിവിധ കോടതികളിൽ നിലവിലുള്ള കേസുകളിൽ ഹാജരായി തുടർനടപടികൾ സ്വീകരിച്ചതിന് പ്രതിഫലമായി തൻവർഷം അഡ്വ. മാത്യു ജോൺ & അഡ്വ. അബി ജെ അഗസ്റ്റിൻ അസോസിയേറ്റ്സ്, കടവന്ത്ര-ക്ക് **75,000/-** രൂപ താഴെപ്പറയുംപ്രകാരം അനുവദിച്ചിട്ടുണ്ട്

| ക്രമ നം. | വൗച്ചർ നം., തീയതി | തുക |
|---|---|---|
| 1 | 22400069, 27.04.24 | 7500 |
| 2 | 22400339, 24.07.24 | 7500 |
| 3 | 22400734, 30.10.24 | 7500 |
| 4 | 22400735, 30.10.24 | 7500 |
| 5 | 22400725, 30.10.24 | 15000 |
| 6 | 22400880, 19.12.24 | 7500 |
| 7 | 22401140, 11.02.25 | 7500 |
| 8 | 22401562, 28.03.25 | 15000 |

**1961**-ലെ ആദായനികുതി നിയമം വകുപ്പ് **194** (ജെ) പ്രകാരം സാമ്പത്തിക വർഷം വക്കീൽ ഫീസിനത്തിൽ ഒരു അഭിഭാഷകന് നൽകുന്ന തുക **30000/-** രൂപയിൽ അധികമാവുകയാണെങ്കിൽ **10%** തുക ടി.ഡി.എസ്. ഇനത്തിൽ ഈടാക്കേണ്ടതുണ്ട്. എന്നാൽ ടി.ഡി.എസ് നടത്താതെയാണ് ഗ്രാമപഞ്ചായത്ത് പ്രസ്തുത തുക അനുവദിച്ചിട്ടുള്ളത്. ഇത് സംബന്ധിച്ച വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് **(16/27.09.2025)** മറുപടി ലഭ്യമാക്കിയിട്ടില്ല. അഭിഭാഷകർക്ക് നൽകുന്ന പ്രതിഫലത്തുകയിൽ നിന്നും ആദായനികുതി കിഴിവ് ചെയ്യുന്നുവെന്ന് ഉറപ്പാക്കേണ്ടതാണ്. ആദായ നികുതിയിനത്തിൽ ഈടാക്കേണ്ട **(7500/-** രൂപ **(75000@10%)** മേൽപ്പറഞ്ഞ അസോസിയേറ്റ്സിൽ നിന്നും ഈടാക്കേണ്ടതാണ്. അല്ലാത്തപക്ഷം സെക്രട്ടറിയുടെ ബാധ്യതയായി തിട്ടപ്പെടുത്തുന്നതാണ്.

## 1-31 സാക്ഷരത പ്രേരക് - ഹോണറേറിയം പൂർണ്ണമായും തനത് ഫണ്ടിൽ നിന്നും നൽകി

സ.ഉ (സാധാ) നം.**1131/24**/എൽ എസ് ജി ഡി തീയതി **25.06.24** പ്രകാരം സാക്ഷരത പ്രേരക്മാരുടെ ഹോണറേറിയത്തിന്റെ **60 %** തനത് ഫണ്ടിൽ നിന്നും ബാക്കി **40 %** സാക്ഷരത മിഷന്റെ വരുമാനത്തിൽ നിന്നും നൽകേണ്ടതാണ്. എന്നാൽ ഗ്രാമ പഞ്ചായത്തിലെ പ്രേരകുമാരായ ശ്രീമതി. സബീന ഇ, ശ്രീമതി. ശ്രീരഞ്ജിനി വി വി എന്നിവരുടെ വർഷത്തെ എല്ലാ മാസത്തേയും ഹോണറേറിയം പൂർണ്ണമായും **(12000/-** രൂപ = **7200/-** രൂപ, തനത് ഫണ്ട് വിഹിതം + **4800/-** രൂപ, സാക്ഷരതാ ഫണ്ട് വിഹിതം) തനത് ഫണ്ടിൽ നിന്നാണ് നൽകിയിരിക്കുന്നത്. ആയതിന് വിശദീകരണവും അധികം നൽകിയ ഹോണറേറിയം തിരികെ ലഭ്യമായിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരങ്ങളും ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം. **30/29.09.25**) മറുപടി ലഭ്യമായിട്ടില്ല. തനത് ഫണ്ടിൽ നിന്നും പ്രേരക്മാർക്കായി അധികമായി ചെലവഴിച്ച അധികം നൽകിയ തുക **115200/-** രൂപ **[(4800+4800) X 12]** സാക്ഷരത മിഷനിൽ നിന്ന് ഈടാക്കി വിവരമറിയിക്കേണ്ടതാണ്.

## 1-32 വാർഷിക പദ്ധതി - പഞ്ചായത്തിന്റെ തനത് ഫണ്ട് വകയിരുത്തലിൽ അപാകത

പഞ്ചായത്തിന്റെ തനത് ഫണ്ട് വാർഷിക പദ്ധതിക്കായി വകയിരുത്തിയത് കൃത്യമായ കണക്കുകളുടെ അടിസ്ഥാനത്തിലല്ല എന്ന് കാണുന്നു. പഞ്ചായത്തിന്റെ നികുതി നികുതിയേതര വരുമാനങ്ങളും സർക്കാരിൽ നിന്നുള്ള ജനറൽ പർപ്പസ് ഗ്രാന്റും ഉൾപ്പെടെയുള്ള തുകയാണ് പഞ്ചായത്തിന്റെ തനത് ഫണ്ട്. **2024-25** വർഷം നികുതി നികുതിയേതര വരുമാനമായ **2.89** കോടി രൂപയും ജനറൽ പർപ്പസ് ഗ്രാന്റ് **2.27** കോടി രൂപയും ഉൾപ്പടെ **5.16** കോടി രൂപയാണ് തനത് വരുമാനം. തനത് ഫണ്ടിൽ നിന്ന് **Non Plan** ചെലവ് **2.91** കോടി രൂപയും വാർഷിക പദ്ധതിയിൽ **3.67** കോടി രൂപയും ഉൾപ്പടെ **6.58** കോടി രൂപ തൻവർഷം ചെലവഴിച്ചു. വാർഷിക പദ്ധതിയിൽ തനത് ഫണ്ട് വകയിരുത്തിയിരുന്നത് **8.66** കോടി രൂപ ആയിരുന്നു. കൃത്യമായ ഫണ്ട് സ്രോതസ്സ് വ്യക്തമാക്കാതെ തനത് ഫണ്ട് വകയിരുത്തിയതിന്റെ ആധികാരികത വ്യക്തമല്ല. **2024-25** ലെ തനത് ഫണ്ട് സ്രോതസ്സും വകയിരുത്തലും തമ്മിലുള്ള വ്യത്യാസം ചുവടെ ചേർക്കുന്നു.

| വകയിരുത്തൽ | 2024-25 ലഭ്യമായ തനത് ഫണ്ട് | അധികമായി വകയിരുത്തിയത് |
|---|---|---|
| പദ്ധതി - **8.66** കോടി<br>**Non Plan** – **2.91** കോടി<br>ആകെ - **11.57** കോടി | ബാധ്യതകൾക്ക് ശേഷം മുന്നിരിപ്പ് - **20** ലക്ഷം<br>സ്ഥിര നിക്ഷേപം - **1.2** കോടി<br>തനത് വരുമാനം - **2.89** കോടി<br>ജനറൽ പർപ്പസ് ഗ്രാന്റ് - **2.27** കോടി<br>ആകെ - **6.56** കോടി | **5.01** കോടി |

പഞ്ചായത്ത് ഫണ്ടിലുള്ളതും തൻവർഷം ലഭ്യമാകുന്നതുമായ തനത് വരുമാനത്തിൽ അധികരിച്ച് 5 കോടിയിലധികം രൂപ വകയിരുത്തിയതാണ് വാർഷിക പദ്ധതി തയ്യാറാക്കിയത്. 8.66 കോടി വകയിരുത്തിയ വാർഷിക പദ്ധതി ചെലവ് 3.67 കോടി രൂപയിൽ മാത്രം വന്നതിനാലാണ് പഞ്ചായത്ത് ഫണ്ടിന് ചെലവ് ചെയ്യാൻ കഴിഞ്ഞത്. തനത് ഫണ്ട് വകയിരുത്തലിലെ അപാകതയ്ക്ക് രേഖാമൂലം വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.26/2024-25/29-09-2025) മറുപടി ലഭിച്ചില്ല. തുടർ വർഷം മുതൽ വാർഷിക പദ്ധതിയിൽ പഞ്ചായത്ത് ഫണ്ടിന് ലഭ്യമായ തനത് ഫണ്ട് മാത്രം വകയിരുത്തനാൻ നടപടി സ്വീകരിക്കേണ്ടതാണ്. ഈ വിഷയം തദ്ദേശ സ്വയംഭരണ വകുപ്പ് കോട്ടയം ജോയിന്റ് ഡയറക്ടറുടെയും ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-33 തെരുവുവിളക്കുകളുടെ അറ്റകുറ്റപ്പണി - പ്രോജക്ട് നിർവ്വഹണത്തിൽ അപാകതകൾ

തെരുവുവിളക്ക് പരിപാലനത്തിനും, പുതിയ പോസ്റ്റുകളിൽ എൽ.ഇ.ഡി. ബൾബുകളും അനുബന്ധ ഉപകരണങ്ങളും സ്ഥാപിക്കുന്നതിനും സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി ചുവടെ പറയും പ്രകാരം പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുണ്ട്.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്ട് നമ്പർ/പേര് | 1) 10/25, തെരുവ് വിളക്ക് മെയിന്റനൻസിന് സാധനങ്ങൾ വാങ്ങൽ<br>2)352/25തെരുവുവിളക്ക് അറ്റകുറ്റപ്പണിയ്ക്ക് വേതനം നൽകൽ |
| ചെലവ് | 1)₹ 4,90,000/- (ധനകാര്യ കമ്മീഷൻ ഗ്രാന്റ്), വൗച്ചർ നംXVFC/2024-25/P/42 /24.2.25<br>2)1,63,725 (തനതുഫണ്ട്), വൗച്ചർ നം.5861262/20.3.25 |

പദ്ധതി പ്രകാരം ചിറക്കടവ് ഗ്രാമ പഞ്ചായത്തിലെ തെരുവ് വിളക്കുകളുടെ വാർഷിക അറ്റകുറ്റ പണികൾക്ക് ആവശ്യമായ സാധനസാമഗ്രികൾ വിതരണം ചെയ്യുന്നതിന് ടെണ്ടർ ക്ഷണിക്കുകയും കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത മുട്ടത്ത് ഏജൻസിയുടെ ടെണ്ടർ അംഗീകരിക്കുകയും ചെയ്തു.തെരുവുവിളക്ക് ഉപകരണങ്ങൾ സപ്ലൈ ചെയ്തതിന് മുട്ടത്ത് ഏജൻസിയ്ക്ക് 3,73,814 രൂപ നൽകിയിട്ടുണ്ട്. CHIPRO LED BULBS &SOLAR SYSTEMS ചിറക്കടവ് സെന്റർ പൊൻകുന്നം എന്ന സ്ഥാപനത്തിൽ നിന്നും 15w LED ബൾബുകൾ 600 എണ്ണം വാങ്ങിയിട്ടുണ്ട്. പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട സർക്കാർ ഉത്തരവുകളിലും, പഞ്ചായത്ത് ഡയറക്ടറുടെ സർക്കുലർ നമ്പർ ജി2-44274/2015 തീയതി 17.08.2015 , സർക്കുലർ നം.3055/DA3/2011/ *LSGD*/തീ. 15.9.2011, സർക്കുലർ നം. 177/DA3/2016/ LSGD/തീ. 7.9.2017, സർക്കുലർ നം.ഡി.എ1/17/2019/ത.സ്വ.ഭ.വ,21.02.2019 എന്നിവയിലും നിഷ്കർഷിച്ചിട്ടുള്ള നടപടികൾ പൂർണ്ണമായി പാലിച്ചിട്ടില്ല. വിശദ വിവരം ചുവടെ ചേർക്കുന്നു.

1. കെ.എസ്.ഇ.ബി-യുമായി സംയുക്ത പരിശോധന നടത്തുകയും ആയതിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്തിലെ തെരുവു വിളക്കുകളുടെ എണ്ണം രേഖപ്പെടുത്തിയ രജിസ്റ്റർ സൂക്ഷിയ്ക്കേണ്ടതാണ്. ഇപ്രകാരം സംയുക്ത പരിശോധന നടത്തിയതിന്റെ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല. ഓരോ വാർഡിലും സ്ഥാപിച്ചിട്ടുള്ള തെരുവ് വിളക്കുകളുടെ എണ്ണം, തരം എന്നിവ സംബന്ധിച്ച വിവരങ്ങൾ തെരുവ് വിളക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതാണ്.
2. പരാതി രജിസ്റ്റർ ഹാജരാക്കിയിട്ടില്ല. പ്രസ്തുത രജിസ്റ്ററിൽ പരാതിയുടെ വിശദാംശങ്ങൾ, പരാതികൾ പരിഹരിച്ചതിന്റെ വിവരങ്ങൾ എന്നിവ രേഖപ്പെടുത്തേണ്ടതും പരിഹരിച്ച പരാതിയുടെ വിവരം നോഡൽ ഓഫീസർ സാക്ഷ്യപ്പെടുത്തേണ്ടതുമാണ്.
3. കെ.എസ്.ഇ.ബി. ഉദ്യോഗസ്ഥരുടെ സാന്നിദ്ധ്യത്തിലാണ് അറ്റകുറ്റപ്പണികൾ നടത്തേണ്ടതെങ്കിലും പ്രസ്തുത ഉദ്യോഗസ്ഥരുടെ സാക്ഷ്യപ്പെടുത്തലുകൾ ഫയലിൽ ഉൾപ്പെടുത്തിയിട്ടില്ല.
4. വാർഡ് മെമ്പർ ചെയർമാനായി കെ.എസ്.ഇ.ബി. ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി മോണിട്ടറിംഗ് കമ്മറ്റി രൂപീകരിക്കേണ്ടതും കമ്മറ്റി വാർഡ് തല പരിശോധന നടത്തി പുരോഗതി വിലയിരുത്തേണ്ടതുമാണ്. എന്നാൽ ഇപ്രകാരമുള്ള മോണിട്ടറിംഗ് സമിതി രൂപീകരിച്ചിട്ടില്ല.
5. സർക്കാർ ഉത്തരവിൽ നിഷ്കർഷിച്ചിട്ടുള്ള മാതൃകയിലുള്ള മെയിന്റനൻസ് രജിസ്റ്റർ, രജിസ്റ്റർ ഓഫ് അൺസർവ്വീസബിൾ ഐറ്റംസ് എന്നിവ സൂക്ഷിക്കുന്നില്ല.

ഇതു സംബന്ധിച്ചു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.13/27.9.25) തുടർവർഷം അപാകതകൾ പരിഹരിക്കുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്. പരാമർശിത അപാകതകൾ വരും വർഷങ്ങളിൽ ആവർത്തിക്കുന്നില്ലായെന്ന് നിർവ്വഹണ ഉദ്യോഗസ്ഥനും ഭരണസമിതിയും ഉറപ്പു വരുത്തേണ്ടതാണ്.

## 1-34 സംയുക്തപരിശോധനയ്ക്കു ശേഷവും വാട്ടർചാർജ് ക്രമീകരിച്ചില്ല

കേരളവാട്ടർ അതോറിറ്റിയുടെ **05.11.2024**ലെ **224/DB3/2022/PHD-KTM(1)**/നം.കത്തുപ്രകാരം ചിറക്കടവ് ഗ്രാമപ്പഞ്ചായത്തിൽ വാട്ടർചാർജ് ഒടുക്കിയിരുന്ന **70** ടാപ്പുകളിൽ **59** എണ്ണം വിച്ഛേദിക്കുന്നതിന് **41800/-** രൂപയുടെ എസ്റ്റിമേറ്റ് നൽകുകയും തുക അടയ്ക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ തുടർന്നുള്ള മാസങ്ങളിലും **70** ടാപ്പുകളുടെ ചാർജും ഫൈനും ഉൾപ്പടെയുള്ള ബില്ലാണ് ലഭിച്ചുകൊണ്ടിരിക്കുന്നത്. ഇതു സംബന്ധിച്ച് പഞ്ചായത്ത്കമ്മിറ്റി തീരുമാനമുൾപ്പെടെ വാട്ടർ അതോറിറ്റിയ്ക്ക് കത്തയച്ചെങ്കിലും അപാകത പരിഹരിക്കപ്പെട്ടിട്ടില്ല. വാട്ടർ അതോറിറ്റിയുടെ **2025** സെപ്റ്റംബർ മാസത്തെ ബില്ലിൽ കുടിശികയും ഫൈനും ഉൾപ്പെടെ **40,13,688/-** രൂപയാണ് ബിൽതുക. അപാകത പരിഹരിക്കുന്നതിന് അടിയന്തിര തുടർനടപടികൾ സ്വീകരിക്കേണ്ടതും വാട്ടർചാർജ് ക്രമീകരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

## 1-35 വൃദ്ധർക്ക് കട്ടിൽ വിതരണം(എസ്.സി.പി) അഡീഷണൽ ഗുണഭോകൃതലിസ്റ്റിന് ഗ്രാമസഭയുടെ സാധൂകരണം ലഭ്യമായിട്ടില്ല

അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥയായി നടപ്പിലാക്കിയ വൃദ്ധർക്ക് കട്ടിൽ വിതരണം(എസ്.സി,പി) പ്രോജക്റ്റ് നം.**S0145/25** എന്ന പദ്ധതിയുടെ അഡീഷണൽ ഗുണഭോക്തൃലിസ്റ്റിൽ താഴെ പറയുന്ന ഗുണഭോക്താക്കളെ കൂടി ഉൾപ്പെടുത്തുന്നതിനും തുടർന്നുവരുന്ന ഗ്രാമസഭയിൽ സാധൂകരണം വാങ്ങുന്നതിനും **27/12/2024**ലെ **1(22)**നം.തീരുമാനപ്രകാരം ഗ്രാമപഞ്ചായത്ത് കമ്മറ്റി ഐകകണ്ഠേന തീരുമാനിച്ചിരുന്നു.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് | വാർഡ് നം. |
|---|---|---|
| **1** | രാജമ്മ സി കെ പടിഞ്ഞാറ്റേൽ, ചിറക്കടവ് ഈസ്റ്റ് പി ഒ | **5** |
| **2** | ലീലാമ്മ,മാടവനകുന്നേൽ,പൊൻകുന്നം | **3** |
| **3** | ഗോപി എ ജി,ആലപ്പാട്ടുകാവുങ്കൽ, ചിറക്കടവ് | **9** |
| **4** | കൃഷ്ണൻകുട്ടി കെ കെ,തകിടിയ്ക്കൽ, ചിറക്കടവ് | **9** |
| **5** | തങ്കപ്പൻ എ ജി,ആലപ്പാട്ടുകാവുങ്കൽ, ചിറക്കടവ് | **9** |
| **6** | ഓമനരാജു,കല്ലുകുളം,പൊൻകുന്നം | **19** |
| **7** | സുരേന്ദ്രൻ കെ പി ,തൊമ്മിത്താഴെ, പൊൻകുന്നം | **3** |
| **8** | ഗോപിക്കുട്ടൻ എം സി,മുല്ലക്കുന്നേൽ, പൊൻകുന്നം | **18** |
| **9** | പി എ കുട്ടപ്പൻ ,പുളിയ്ക്കൽതടത്തിൽ, പൊൻകുന്നം | **4** |

അഡീഷണൽ ഗുണഭോക്തൃ ലിസ്റ്റിന് ഗ്രാമസഭയുടെ സാധൂകരണം ലഭിച്ചിട്ടുള്ള പക്ഷം ആയത് ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക്(നം.**31/3.10.25**) സമർപ്പിച്ച മറുപടിയിൽ ഗ്രാമപഞ്ചായത്ത് കമ്മിറ്റി അംഗീകരിച്ച് നൽകിയ അഡീഷണൽ ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ട ആളുകൾക്കാണ് കട്ടിൽ വിതരണം ചെയ്തതെന്നും .എസ്.സി.പി ഫണ്ട് നഷ്ടപ്പെടാതിരിക്കാനാണ് അപ്രകാരം നടപടി സ്വീകരിച്ചതെന്നും നിർവ്വഹണ ഉദ്യോഗസ്ഥ അറിയിച്ചു. ഗുണഭോക്തൃ പട്ടികയ്ക്ക് ഗ്രാമസഭാ സാധൂകരണം ലഭ്യമാക്കി അറിയിക്കുന്നതാണെന്നും മറുപടിയിൽ പരാമർശമുണ്ട്. പ്രസ്തുത പട്ടിക ഗ്രാമസഭയിൽ അവതരിപ്പിച്ച് സാധൂകരണം വാങ്ങി വിവരം അറിയിക്കേണ്ടതാണ്.

## 1-36 പദ്ധതി ആസൂത്രണ മാർഗരേഖ പ്രകാരം അനുവദനീയമല്ലാത്ത പ്രോജക്ട് ആവിഷ്ക്കരിച്ച് നടപ്പാക്കി

| | |
|---|---|
| പ്രോജക്റ്റ് | നം.**440/25**, സമ്പൂർണ്ണ ഭരണഘടന സാക്ഷരതാ പഞ്ചായത്ത്. (സ്പിൽ ഓവർ) |
| നിർവഹണ ഉദ്യോഗസ്ഥൻ | ഹെഡ്മാസ്റ്റർ, ജി.എൻ.എസ്.എൽ.പി.എസ്. ചിറക്കടവ്. |
| അടങ്കൽ | **₹8,00,000/-**(തനത് ഫണ്ട്) |
| ചെലവ് | **₹7,08,547/-**(തനത് ഫണ്ട്) |
| ബിൽ നം./തീയതി/തുക | **1)331/16.01.2025/₹23,700**<br>**2)537/29.01.2025/₹4,54,690**<br>**3)1187/01.03.2025/₹10,000**<br>**4)2056/20.03.2025/₹38,657**<br>**5)2058/20.03.2025/₹51,000**<br>**6)2057/24.03.2025/₹1,30,500** |

പ്രസ്തുത പ്രോജക്ട് ആവിഷ്ക്കരിക്കുന്നതിനും അതിന് തുക ചെലവഴിക്കുന്നതിനും പതിനാലാം പഞ്ചവത്സര പദ്ധതി ആസൂത്രണ മാർഗരേഖയിലും(**G.O.(MS) 84/2022/LSGD**, തീയതി **19.04.2022**) സബ്സിഡിയും അനുബന്ധ വിഷയവും സംബന്ധിച്ച മാർഗ്ഗരേഖയിലും(**G.O.(MS) 115/2022/LSGD**, തീയതി **28.05.2022**)വ്യവസ്ഥകൾ ഇല്ലാത്തതാണ്. എന്നാൽ സൂചിത പ്രോജക്ട് പ്രകാരം വിവിധ ഇനങ്ങളിലായി ബിൽ ക്രമത്തിൽ ചുവടെ ചേർക്കും വിധം ചെലവുകൾ ഉണ്ടായിട്ടുണ്ട്.

| ക്രമ നമ്പർ | ചെലവ് ഇനം | വൗച്ചർ നം (ബിൽനം)/ തീയതി | തുക(₹) |
|---|---|---|---|
| 1 | മാതൃകാ നിയമസഭ ബാനർ, ബോർഡ് | 203/22.10.2024 | 7200 |
| 2 | മാതൃകാ നിയമസഭ, ഓൺലൈൻ ക്ലാസ് വീഡിയോ നിർമ്മാണം1 (11000 + 5500) **Eira Communications** | 25/31.12.2024 | 16500 |
| ആകെ (ബിൽ നം331/16.01.2025) | | | 23700 |
| 3 | ഭരണഘടനാ ബുക്ക് പ്രിന്റിംഗ് (8000) | 430/20.01.2025 | 329340 |
| 4 | ഭരണഘടനാ കലണ്ടർ (8000) | 429/20.01.2025 | 76,880 |
| 5 | ഭരണഘടനാ ചോദ്യപേപ്പർ (21000) | 428/20.01.2025 | 27320 |
| 6 | ഭക്ഷണം (3 **X** 55 **Meals** = 165, 450 **Coffee Etc.**) | 564/20.10.2024 | 21150 |
| ആകെ (ബിൽ നം-537/29.01.2025) | | | 454690 |
| 7 | കില കൊട്ടാരക്കര ട്രെയിനിംഗ് യാത്ര (2) | 147/27.01.2024, 148/08.03.2024 | 10000 |
| ആകെ (ബിൽ നം.1187/01.03.2025) | | | 10000 |
| 8 | ചായ, സ്നാക്സ് (**Superior Bakers, Kvms Jn**) | 131/07.06.2024 | 705 |
| 9 | ചായ,സ്നാക്സ് | 151/26.06.2024 | 422 |
| 10 | ചായ,സ്നാക്സ് | 161/23.07.2024 | 360 |
| 11 | ചായ,സ്നാക്സ് | 170/29.07.2024 | 270 |
| 12 | ചായ,സ്നാക്സ് | 174/14.08.2024 | 405 |
| 13 | ഹാജർബുക്ക്, കത്ത് പ്രിന്റിംഗ് | 203/18.08.2024 | 6496 |
| 14 | ചായ,സ്നാക്സ് | 177/08.10.2024 | 384 |
| 15 | ഭക്ഷണം (കുടുംബശ്രീ കാന്റീൻ) | 522/16.10.2024 | 2200 |
| 16 | **Swadesh Residency** | 18888/20.10.2024 | 2240 |
| 17 | സ്റ്റേഷനറി(സെന്റ് ആന്റണീസ് ഫാൻസി സ്റ്റോർ) | 1218/21.10.2024 | 745 |
| 18 | ഭക്ഷണം (160) (കുടുംബശ്രീ കാന്റീൻ) | 512/21.10.2024 | 9600 |
| 19 | ഭക്ഷണം (കുടുംബശ്രീ കാന്റീൻ) (**Breakfast**) | 517/22.10.2024 | 5280 |
| 20 | ഭക്ഷണം (കുടുംബശ്രീ കാന്റീൻ) (**Supper**) | 567/22.10.2024 | 5800 |
| 21 | മേശ, വിരി... വാടക | 1/24.10.2024 | 3750 |
| ആകെ (ബിൽ നം.2056/20.03.2025) | | | 38657 |
| 22 | കൈപുസ്തകം വീടുകളിൽ എത്തിച്ചതിന് ചെലവ് (34x1500) | 24.02.2025 | 51000 |
| ആകെ (ബിൽ നം.2058/20.03.2025) | | | 51000 |
| 23 | സൗണ്ട് സിസ്റ്റം | 90/26.10.2024 | 22000 |
| 24 | ഹോണറേറിയം (ഭരണഘടന ക്ലാസ്)- അശ്വതി ശശി (6 ക്ലാസ്) | 23.02.2025 | 3000 |
| 25 | പരീക്ഷാ മൂല്യനിർണയം-അശ്വതി ശശി (2 ദിവസം) | 24.02.2025 | 2000 |
| 26 | മൈക്ക് സെറ്റ് വാടക | 31/11.07.2024 | 3000 |
| 27 | ഭരണഘടന ക്ലാസ് ഹോണറേറിയം-എൻ ശശികുമാർ (15 ക്ലാസ്) | 24.02.2025 | 7500 |
| 28 | പരീക്ഷാ മൂല്യനിർണയം - എൻ ശശികുമാർ (1 ദിവസം) | 24.02.2025 | 1000 |
| 29 | ഭരണഘടന ക്ലാസ് ഹോണറേറിയം- ബാബു പി ആർ (3 ക്ലാസ്) | 24.02.2025 | 1500 |
| 30 | പരീക്ഷാ മൂല്യനിർണയം-ബാബു പി ആർ (2 ദിവസം) | 01.2025 | 2000 |
| 31 | ഭരണഘടന ക്ലാസ് ഹോണറേറിയം- മോഹൻദാസ് (4 ക്ലാസ്) | 24.02.2025 | 2000 |
| 32 | പരീക്ഷാ മൂല്യനിർണയം- മോഹൻദാസ് (2 ദിവസം) | 24.02.2025 | 2000 |

| | | | |
|---|---|---|---|
| 33 | ഭരണഘടന ക്ലാസ് ഹോണറേറിയം- സിനി രാജീവ് (6 ക്ലാസ്) | 24.02.2025 | 3000 |
| 34 | പരീക്ഷാ മൂല്യനിർണയം-സിനി രാജീവ് (2 ദിവസം) | 24.02.2025 | 2000 |
| 35 | ഭരണഘടന ക്ലാസ് ഹോണറേറിയം- അമ്മിണിയമ്മ (6 ക്ലാസ്) | തീയതി ലഭ്യമല്ല | 3000 |
| 36 | പരീക്ഷാ മൂല്യനിർണയം- അമ്മിണിയമ്മ (2 ദിവസം) | തീയതി ലഭ്യമല്ല | 2000 |
| 37 | ഭരണഘടന ക്ലാസ് ഹോണറേറിയം- സരസമ്മ (11 ക്ലാസ്) | 24.02.2025 | 5500 |
| 38 | പരീക്ഷാ മൂല്യനിർണയം- സരസമ്മ (2 ദിവസം) | 24.02.2025 | 2000 |
| 39 | ഭരണഘടന ക്ലാസ് ഹോണറേറിയം- വിജയൻനായർ (17 ക്ലാസ്) | 24.02.2025 | 8500 |
| 40 | പരീക്ഷാ മൂല്യനിർണയം- വിജയൻനായർ (2 ദിവസം) | 21.02.2025 | 2000 |
| 41 | ഭരണഘടന ക്ലാസ് ഹോണറേറിയം- കെ വി ബീന (55 ക്ലാസ്) | 24.02.2025 | 27500 |
| 42 | ചോദ്യപേപ്പർ ജോലികൾ -കെ വി ബീന (7 ദിവസം) | 24.02.2025 | 7000 |
| 43 | പരീക്ഷാ മൂല്യനിർണ്ണയം -കെ വി ബീന (2 ദിവസം) | 24.02.2025 | 2000 |
| 44 | ഭരണഘടന ക്ലാസ് ഹോണറേറിയം- സുരേന്ദ്രൻനായർ (22 ക്ലാസ്) | തീയതി ലഭ്യമല്ല | 11000 |
| 45 | പരീക്ഷാ മൂല്യനിർണ്ണയം- സുരേന്ദ്രൻനായർ (3 ദിവസം) | തീയതി ലഭ്യമല്ല | 3000 |
| 46 | പരീക്ഷാ മൂല്യനിർണ്ണയം- സുരേന്ദ്രൻനായർ (2 ദിവസം) | തീയതി ലഭ്യമല്ല | 2000 |
| 47 | ഭരണഘടന ക്ലാസ് ഹോണറേറിയം- മറിയമ്മ ആന്റണി (4 ക്ലാസ്) | 24.02.2025 | 2000 |
| 48 | പരീക്ഷാ മൂല്യനിർണ്ണയം- മറിയമ്മ ആന്റണി (1 ദിവസം) | 24.02.2025 | 1000 |
| 49 | ഭരണഘടന ക്ലാസ് ഹോണറേറിയം- ശ്രീകുമാർ (2 ക്ലാസ്) | തീയതി ലഭ്യമല്ല | 1000 |
| ആകെ (ബിൽ നം. 2057/24.03.2025) | | | 130500 |
| ഒട്ടാകെ | | | 708547 |

പ്രോജക്ടിന്റെ ചെലവ് വൗച്ചറുകളിൽ ചിലയിനങ്ങളിൽ വൗച്ചർ നമ്പർ, തീയതി എന്നിവ രേഖപ്പെടുത്തിയിട്ടില്ല. വൗച്ചറുകളിൽ നമ്പർ തീയതി എന്നിവ രേഖപ്പെടുത്താതെ അപൂർണമായി സൂക്ഷിച്ചതിനുള്ള മറുപടിയും സർക്കാർ ഉത്തരവിൽ പരാമർശിച്ചിട്ടില്ലാത്ത പ്രോജക്ട് രൂപീകരിച്ച് നടപ്പാക്കുന്നതിന് സർക്കാരിൽ നിന്ന് പ്രത്യേക അനുമതി ലഭിച്ചിട്ടുണ്ടെങ്കിൽ ആയതും ഹാജരാക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിന് (നം. 17/29.09.2025) മറുപടി ലഭിച്ചില്ല. കൂടാതെ പ്രോജക്ട് അംഗീകരിക്കേണ്ട എ.ഇ.ഒ. പ്രോജക്ട് രൂപീകരണത്തിന് അംഗീകാരം നല്കിയിട്ടില്ല. പകരം പ്രോജക്ട് പരിശോധനയ്ക്കും അംഗീകാരത്തിനുമുള്ള ഫോറം 3 ലെ ഭാഗം IV ൽ പദ്ധതി ആസൂത്രണ മാർഗ്ഗരേഖപ്രകാരം പ്രസ്തുത പ്രോജക്ട് അനുവദനീയമല്ല എന്ന് പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ ശ്രീ പ്രസാദ് സി.ആർ. 12.09.2024ലെ തീരുമാനം നമ്പർ AD/1/755/2024/2025 നമ്പർ സൂചന പ്രകാരം ഭാഗം Vൽ രേഖപ്പെടുത്തുകയാണ് ഉണ്ടായത്. എന്നിരിക്കിലും പ്രോജക്ടിന് അംഗീകാരം നൽകിയത് ആസൂത്രണസമിതിയുടെ ഭാഗത്തുനിന്നുണ്ടായ വീഴ്ചയാണ്. സർക്കാർ മാർഗ്ഗരേഖകൾക്ക് വിരുദ്ധമായി പ്രോജക്ട് ആവിഷ്ക്കരിച്ച നടപടി തദ്ദേശസ്വയംഭരണവകുപ്പിന്റെ 28.5.2023ലെ ജി.ഒ.(എം.എസ്) 115/2022 നമ്പർ ഉത്തരവിന്റെ (14-ാം പഞ്ചവത്സര പദ്ധതി സബ്സിഡിയും അനുബന്ധ വിഷയങ്ങളും സംബന്ധിച്ച മാർഗ്ഗരേഖ) ഖണ്ഡിക 2.2 അനുസരിച്ച് ധനദുർവിനിയോഗമായി ഓഡിറ്റ് വിലയിരുത്തുന്നു. ആകയാൽ ചെലവു തുക ₹7,08,547/-(ഏഴ് ലക്ഷത്തി എണ്ണായിരത്തി അഞ്ഞൂറ്റി നാല്പത്തിയേഴ് രൂപ) ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-37 ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ - മരുന്ന് പൂർണ്ണമായും ലഭിച്ചില്ല

| നിർവ്വഹണ ഉദ്യോഗസ്ഥൻ | | മെഡിക്കൽ ഓഫീസർ, ഗവ. ഹോമിയോ ഡിസ്പെൻസറി, ചിറക്കടവ്. | | |
|---|---|---|---|---|
| ക്രമ നമ്പർ | പ്രോജക്ട് നം. | അടങ്കൽ | ചെലവ് | ബിൽനം/ തീയതി/ തുക |
| 1. | എസ് 0170/2025, ഹോമിയോ ഡിസ്പെൻസറിയിലേയ്ക്ക് മരുന്ന് വാങ്ങൽ | മെയിന്റനൻസ് ഫണ്ട്-നോൺ റോഡ്- ₹1,50,000 | മെയിന്റനൻസ് ഫണ്ട്-നോൺ റോഡ്- ₹1,50,000 | 326/11.02.2025/ ₹1,50,000 |
| 2. | എസ് 0479/2025, ഹോമിയോ ഡിസ്പെൻസറിയിലേയ്ക്ക് മരുന്ന് | മെയിന്റനൻസ് ഫണ്ട്-നോൺ റോഡ്- | മെയിന്റനൻസ് ഫണ്ട്-നോൺ റോഡ്- | 328/11.02.2025/ ₹4,00,000 |

| | | | | |
|---|---|---|---|---|
| | വാങ്ങൽ | ₹4,00,000 | ₹4,00,000 | |

മേൽ പദ്ധതി പ്രകാരം ഹോമിയോ ഡിസ്പെൻസറിയിലേയ്ക്ക് മരുന്ന് വാങ്ങുന്നതിലേക്കായി ₹5,50,000/- ഹോംകോയുടെ അക്കൗണ്ടിലേക്ക് മാറി നൽകിയിരുന്നു. പരിശോധനയ്ക്ക് ലഭ്യമാക്കിയ ഫയലുകൾ, സ്റ്റോക്ക് രജിസ്റ്ററുകൾ എന്നിവ പരിശോധിച്ചത് പ്രകാരം ₹2,46,573/- ന്റെ മരുന്നുകൾ ലഭ്യമായിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഇൻവോയിസ് നമ്പർ/തീയതി | ഇൻവോയിസ് പ്രകാരമുള്ള തുക (₹) |
|---|---|---|
| 1. | LF 2341/27.01.2025 | 96,573 |
| 2. | LF 139/10.05.2025 | 72,696 |
| 3. | LF 1502/20.09.2025 | 77,304 |
| ആകെ | | 246573 |

എന്നാൽ ബാക്കി ₹3,03,427/- യുടെ മരുന്നുകൾ ലഭ്യമാകാനുണ്ട്. നാളിതുവരെ മരുന്നുകൾ പൂർണമായി ലഭിച്ചിട്ടില്ല എന്നതിനാൽ മരുന്നുകൾ ലഭ്യമാക്കുന്നതിന് സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ അറിയിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം.09/26.09.2025) മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ 3,03,427/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. മരുന്നുകൾ ലഭ്യമാക്കുന്ന മുറയ്ക്ക് സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തി വിവരം അറിയിക്കേണ്ടതാണ്.

## 1-38 ആയുർവേദ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ - മരുന്ന് പൂർണ്ണമായും ലഭ്യമായില്ല.

| നിർവ്വഹണ ഉദ്യോഗസ്ഥൻ | | മെഡിക്കൽ ഓഫീസർ, ഗവ. ആയുർവേദ ഡിസ്പെൻസറി, ചിറക്കടവ്. | | |
|---|---|---|---|---|
| ക്രമ നമ്പർ | പ്രോജക്റ്റ് നം. | അടങ്കൽ | ചെലവ് | ബിൽനം/തീയതി/ തുക |
| 1. | എസ് 0174/2025, ആയുർവേദ ഡിസ്പെൻസറിയിലേയ്ക്ക് മരുന്ന് വാങ്ങൽ | മെയിന്റനൻസ് ഫണ്ട്-നോൺ റോഡ്- ₹4,00,000 | മെയിന്റനൻസ് ഫണ്ട്-നോൺ റോഡ്- ₹4,00,000 | 1)182/16.11.2024/ ₹2,00,000 2)469/17.03.2025/ ₹2,00,000 |

മേൽ പദ്ധതി പ്രകാരം ആയുർവേദ ഡിസ്പെൻസറിയിലേയ്ക്ക് മരുന്ന് വാങ്ങുന്നതിലേക്കായി ₹4,00,000/- ഔഷധിയുടെ അക്കൗണ്ടിലേക്ക് നൽകിയിരുന്നു. പരിശോധനയ്ക്ക് ലഭ്യമാക്കിയ ഫയലുകൾ, സ്റ്റോക്ക് രജിസ്റ്ററുകൾ എന്നിവ പരിശോധിച്ചത് പ്രകാരം ₹3,97,161/- ന്റെ മരുന്നുകൾ ലഭ്യമായിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഇൻവോയിസ് നമ്പർ/തീയതി | ഇൻവോയിസ് പ്രകാരമുള്ള തുക (₹) |
|---|---|---|
| 1. | 90365247/10.12.2025 | 62,457 |
| 2. | 90371469/29.01.2025 | 1,06,541 |
| 3. | 90375512/26.02.2025 | 13,312 |
| 4. | 90378935/23.03.2025 | 17,690 |
| 5. | 90382389/30.03.2025 | 1,95,323 |
| 6. | 90387261/30.06.2025 | 1,838 |
| ആകെ | | 397161 |

ബാക്കി ₹2,839/-യുടെ മരുന്നുകൾ ലഭ്യമാകാനുണ്ട്. ആയതിനാൽ 2839/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. മരുന്നുകൾ പൂർണമായി ലഭ്യമാക്കുന്നമുറയ്ക്ക് സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തി വിവരം അറിയിക്കേണ്ടതാണ്.

## 1-39 ടെണ്ടർ പ്രകാരം തെരഞ്ഞെടുത്ത സ്ഥാപനങ്ങൾക്ക്/സംരംഭകർക്ക് ബാങ്ക് അക്കൗണ്ടിൽ നേരിട്ട് തുക ക്രെഡിറ്റ് ചെയ്ത് നല്കിയില്ല

| നിർവ്വഹണ ഉദ്യോഗസ്ഥൻ | | ഹെഡ്മാസ്റ്റർ, ജി.എൻ.എസ്.എൽ.പി.എസ്. ചിറക്കടവ്. | | |
|---|---|---|---|---|
| ക്രമ നമ്പർ | പ്രോജക്റ്റ് നം. | അടങ്കൽ | ചെലവ് | ബിൽനം/തീയതി/ തുക |
| 1. | എസ് 0153/25, കാതൽ-പ്രാതൽ-കുട്ടികൾക്ക് | വികസനഫണ്ട് ജനറൽ - ₹7,02,890 | വികസനഫണ്ട് ജനറൽ - ₹5,61,715 | 1)277/16.01.2025/ ₹22,550 |

| | | | | |
|---|---|---|---|---|
| | | | | 2)422/06.03.2025/ ₹93,555<br>3)334/12.02.2025/ ₹11825<br>4)381/16.03.2025/ ₹56,650<br>5)384/06.03.2025/ ₹14630<br>6)380/06.03.2025/ ₹62645<br>7)379/06.03.2025/ ₹32175<br>8)376/06.03.2025/ ₹110,275<br>9)439/10.03.2025/ ₹70015<br>10)449/12.03.2025/ ₹87,395 |
| **2.** | എസ് **0150/2025,** വിദ്യാർത്ഥികൾക്ക് കായിക പരിശീലനം | വികസനഫണ്ട് ജനറൽ - **₹5,00,000** | വികസനഫണ്ട് ജനറൽ - **₹3,07,520** | 1)247/31.12.2024/ ₹52500<br>2)319/07.02.2025/ ₹139510<br>3)421/06.03.2025/ ₹13260<br>4)383/06.03.2025/ ₹34,500<br>5)382/06.03.2025/ ₹23,000<br>6)437/10.03.2025/ ₹44,750 |

ക്രമനമ്പർ (1) പ്രോജക്ട് പ്രകാരം പഞ്ചായത്തിലെ 5 സർക്കാർ എൽ.പി. സ്കൂളിലെ കുട്ടികൾക്ക് പ്രാതൽ സ്കൂളുകളിൽ എത്തിച്ചു കൊടുക്കുന്നതിന് ടെണ്ടർ ക്ഷണിക്കുകയും ടെണ്ടറിൽ കുറഞ്ഞ തുക രേഖപ്പെടുത്തിയ ത്രീറോസസ് കുടുംബശ്രീ കാന്റീൻ ചിറക്കടവ്, മഹാദേവ കുടുംബശ്രീ ചിറക്കടവ്, ശ്രീദേവി കുടുംബശ്രീ കൈലാത്തുകവല എന്നീ മൂന്ന് കുടുംബശ്രീ സംരംഭകരെ തെരഞ്ഞെടുക്കുകയും ചെയ്തിരുന്നു. എന്നാൽ ശ്രീദേവി കുടുംബശ്രീ ഒഴികെയുള്ള മറ്റ് സംരംഭകർക്ക് ബാങ്ക് അക്കൗണ്ടിൽ നേരിട്ട് തുക നൽകാതെ നിർവ്വഹണ ഉദ്യോഗസ്ഥന്റെയും ബന്ധപ്പെട്ട സ്കൂൾ ഹെഡ്മാസ്റ്റർ/ഹെഡ്മിസ്ട്രസ് മാരുടെയും വ്യക്തിഗത അക്കൗണ്ടിൽ തുക ക്രെഡിറ്റ് ചെയ്തിരിക്കുന്നു. തുക ലഭിക്കേണ്ടിയിരുന്ന ഗുണഭോക്താക്കളുടെ കൈപ്പറ്റ് രേഖകൾ ഫയലിനോടൊപ്പം ചേർത്തിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | തുക ക്രെഡിറ്റായ സ്കൂൾ ഹെഡ്മാസ്റ്റർ/ ഹെഡ്മിസ്ട്രസ് ന്റെ വിവരങ്ങൾ | വ്യക്തിഗത അക്കൗണ്ടിൽ ക്രെഡിറ്റായ ആകെ തുക(₹) | ബാങ്ക് അക്കൗണ്ടിൽ തുക ക്രെഡിറ്റ് ചെയ്യേണ്ടിയിരുന്ന സ്ഥാപനത്തിന്റെ/ സംരംഭകന്റെ പേര് |
|---|---|---|---|
| **1** | ഷാജി വി.എം., ഹെഡ് മാസ്റ്റർ, ജി.എൻ.എസ്.എൽ.പി. സ്കൂൾ, ചിറക്കടവ്. (നിർവ്വഹണ ഉദ്യോഗസ്ഥൻ) | **2,63,285** | ത്രീറോസസ് കുടുംബശ്രീ കാന്റീൻ, ചിറക്കടവ്. |
| **2** | അനിൽ ജയിംസ് ജോൺ, ഹെഡ് മാസ്റ്റർ, ഗവ.എൽ.പി.എസ്, ചെറുവള്ളി. | **89,870** | മഹാദേവ കുടുംബശ്രീ, ചിറക്കടവ്. |
| **3** | രതി വി.ജി., ഹെഡ് മിസ്ട്രസ്, ഗവ.എൽ.പി.എസ്, ചിറക്കടവ് | **45,045** | ത്രീറോസസ് കുടുംബശ്രീ കാന്റീൻ, ചിറക്കടവ്. |
| **4** | അയിഷാമ്മ പി.എം, ഹെഡ്മിസ്ട്രസ്, | **30,855** | ത്രീറോസസ് കുടുംബശ്രീ |

| | | | |
|---|---|---|---|
| | ഗവ.എച്ച്.എസ്.എൽ.പി.എസ്, കാഞ്ഞിരപ്പള്ളി. | | കാന്റീൻ, ചിറക്കടവ്. |

ക്രമനമ്പർ (2) പ്രോജക്ട് പ്രകാരം വിദ്യാർത്ഥികൾക്ക് കായിക പരിശീലനം നല്കുന്നതിനായി പരിശീലകർക്കുള്ള പ്രതിഫലം, സ്പോർട്സ് ഉപകരണങ്ങൾ, വിദ്യാർത്ഥികൾക്ക് പ്രഭാത ഭക്ഷണം തുടങ്ങിയ ഇനങ്ങളിൽ തുക ചെലവായിട്ടുണ്ട്. ടെണ്ടർ പ്രകാരം ഭക്ഷണവിതരണത്തിനായി തെരഞ്ഞെടുത്ത ത്രീറോസസ് കുടുംബശ്രീ കാന്റീന് ചിറക്കടവ്, സ്പോർട്സ് ഉപകരണങ്ങൾ വിതരണം ചെയ്യുന്നതിനായി തെരഞ്ഞെടുത്ത മെഡൽ സ്പോർട്സ്, മുണ്ടക്കയം എന്നീ സ്ഥാപനങ്ങൾക്കും തുക ബാങ്ക് അക്കൗണ്ടിൽ നേരിട്ട് കൈമാറാതെ നിർവ്വണ ഉദ്യോഗസ്ഥന്റെ വ്യക്തിഗത അക്കൗണ്ടിൽ ക്രെഡിറ്റായ ശേഷമാണ് ടി സ്ഥാപനങ്ങൾക്ക് തുക കൈപ്പറ്റ് രേഖകൾ പ്രകാരം വിതരണം ചെയ്തിട്ടുള്ളതായി കാണുന്നുത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | നിർവ്വഹണ ഉദ്യോഗസ്ഥന്റെ വ്യക്തിഗത അക്കൗണ്ടിൽ ക്രെഡിറ്റായ ആകെ തുക(₹) | ബാങ്ക് അക്കൗണ്ടിൽ തുക ക്രെഡിറ്റ് ചെയ്യേണ്ടിയിരുന്ന സ്ഥാപനത്തിന്റെ/ സംരംഭകന്റെ പേര് |
|---|---|---|
| **1** | **1,68,000** | ത്രീറോസസ് കുടുംബശ്രീ കാന്റീൻ, ചിറക്കടവ്. |
| **2** | **53,250** | മെഡൽ സ്പോർട്സ്, പഞ്ചായത്ത് കോംപ്ലക്സ്, മുണ്ടക്കയം. |

മേൽ സൂചിത സംരംഭകർക്ക്/സ്ഥാപനങ്ങൾക്ക് അവരുടെ ബാങ്ക് അക്കൗണ്ടിൽ നേരിട്ട് തുക ക്രെഡിറ്റ് ചെയ്ത് നല്കാതെ നിർവ്വഹണ ഉദ്യോഗസ്ഥന്റെ/ഹെഡ്മാസ്റ്റർ/ഹെഡ്മിസ്ട്രസ് മാരുടെ വ്യക്തിഗത അക്കൗണ്ടിൽ തുക ക്രെഡിറ്റായശേഷമാണ് തുക വിതരണം ചെയ്തിരിക്കുന്നത്. ഇതിന് വിശദീകണം ആവശ്യപ്പെട്ടുകൊണ്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം **04/26.09.2025**) മറുപടി ലഭ്യമാക്കിയതിൽ മേൽ സൂചിത സംരംഭകർക്ക്/സ്ഥാപനങ്ങൾക്ക് നേരിട്ട് തുക നല്കിയതിനാലാണ് അവരുടെ അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്യാതിരുന്നത് എന്നാണ് സൂചിപ്പിച്ചിരിക്കുന്നത്. ഈ രീതിയിൽ തുക നല്കുന്നത് ക്രമപ്രകാരമല്ലാത്തതിനാൽ തുടർന്നുള്ള പണമിടപാടുകളിൽ സംരംഭകർക്ക്/സ്ഥാപനങ്ങൾക്ക് അവരുടെ അക്കൗണ്ടിൽ നേരിട്ട് തുക ക്രെഡിറ്റ് ചെയ്യുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## 1-40 ജി. എസ്. ടി വിഹിതം സ്രോതസ്സിൽ കുറവ് ചെയ്യാതെ തുക അനുവദിച്ച് നല്കി

| | |
|---|---|
| പ്രോജക്ട് | നം.**440/25**, സമ്പൂർണ്ണ ഭരണഘടന സാക്ഷരതാ പഞ്ചായത്ത്. (സ്പിൽ ഓവർ) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഹെഡ്മാസ്റ്റർ, ജി.എൻ.എസ്.എൽ.പി.എസ്.ചിറക്കടവ്. |
| അടങ്കൽ | **₹8,00,000/-**(തനത് ഫണ്ട്) |
| ചെലവ് | **₹7,08,547/-**(തനത് ഫണ്ട്) |
| ബിൽ നം./തീയതി/തുക | **1)331/16.01.2025/₹23,700**<br>**2)537/29.01.2025/₹4,54,690**<br>**3)1187/01.03.2025/₹10,000**<br>**4)2056/20.03.2025/₹38,657**<br>**5)2058/20.03.2025/₹51,000**<br>**6)2057/24.03.2025/₹1,30,500** |

**2017**-ലെ കേന്ദ്ര-സംസ്ഥാന ജി.എസ്.ടി നിയമങ്ങളുടെ വകുപ്പ് **51(1)** അനുസരിച്ച്, ആകെ കരാർ മൂല്യം **2.50** ലക്ഷത്തിൽ അധികരിക്കുന്ന സാധനങ്ങളുടെയോ സേവനങ്ങളുടെയോ ബില്ലുകളുടെ സ്രോതസ്സിൽ നിന്നും **CGST**, **SGST** ഇനങ്ങളിൽ **1%** വീതം (ആകെ **2%**) തുക കുറവു ചെയ്യേണ്ടതാണ്. പ്രസ്തുത പ്രോജക്ട് പ്രകാരം പ്രിന്റിംഗ് ചെലവ് ഇനത്തിൽ പൊൻകുന്നം പ്രിന്റിംഗ് കോപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ് നം കെ. **882 (GSTIN:32AACAP9345A1ZW)** എന്ന സ്ഥാപനത്തിന് **4,40,036/-** രൂപ (**12% GST** ഉൾപ്പെടെ) ചുവടെ ചേർത്തിരിക്കുന്ന ഇൻവോയിസുകൾ പ്രകാരം നൽകിയിട്ടുണ്ട്.

| ക്രമ നമ്പർ | ഇൻവോയ്സ് നമ്പർ/തീയതി | തുക (₹) |
|---|---|---|
| **1** | **203/18.08.2024** | **6496** |
| **2** | **430/20.01.2025** | **329340** |
| **3** | **429/20.01.2025** | **76880** |
| **4** | **428/20.01.2025** | **27320** |
| ആകെ (ജി.എസ്.റ്റി.അടക്കം) | | **440036** |

ഇൻവോയ്സ് പ്രകാരമുള്ള തുക നൽകിയ വേളയിൽ, (₹3,92,890 + 12% GST ₹47147/-) സ്രോതസ്സിൽ നിന്നും ജി.എസ്.ടി. ഇനത്തിൽ തുക കുറവു ചെയ്തിരുന്നില്ല. ആകെ നൽകിയ പ്രതിഫലത്തിന്റെ 2% തുകയായ 7858/- രൂപ TDS ഇനത്തിൽ കുറവ് ചെയ്യാതെ ബിൽ തുക പൂർണമായി സ്ഥാപനത്തിനു നൽകിയ അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം.03/25.09.2025) നിർവ്വഹണ ഉദ്യോഗസ്ഥന്റെ അറിവില്ലായ്മകൊണ്ടാണ് ഈ അപാകത സംഭവിച്ചതെന്നു മറുപടി ലഭ്യമാക്കുകയും സ്ഥാപനം ജി.എസ്.റ്റി. ഒടുക്കിയതിന്റെ രേഖകൾ ഹാജരാക്കുകയും ചെയ്തിട്ടുണ്ട്. തുടർന്നുള്ള പണമിടപാടുകളിൽ മേൽ സൂചിത നിയമങ്ങൾ പാലിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-41 കാർഷികോല്പന്ന ഡ്രയർ യൂണിറ്റ് - മോണിറ്ററിങ് കാര്യക്ഷമമാക്കേണ്ടതാണ്

കപ്പയിൽ നിന്നും മൂല്യവർധിത ഉല്പന്നങ്ങൾ ഉണ്ടാക്കുന്നതിനായും അതോടൊപ്പം ഗ്രാമ പ്രദേശങ്ങളിൽ ചെറുകിട വ്യവസായ സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നതിനായി കേന്ദ്ര കിഴങ്ങുവിള ഗവേഷണ കേന്ദ്രത്തിന്റെ സാങ്കേതിക സഹായത്തോടെ ശുദ്ധീകരിച്ച കപ്പപ്പൊടി, കപ്പപ്പൊടി ഉപയോഗിച്ചുള്ള സ്നാക്സ്, കപ്പ ചിപ്സ് എന്നിവ ഉൽപ്പാദിപ്പിച്ച് '**Chipro**' എന്ന ബ്രാൻഡ് നെയിമിൽ വിപണനം ചെയ്യുന്നതിനായാണ് 2022-23 സാമ്പത്തിക വർഷം 'കാർഷികോല്പന്ന ഡ്രയർ യൂണിറ്റ്' എന്ന പ്രോജക്ട് (നം.53/23) നടപ്പാക്കിയത് . ഇതിലേക്കായി കപ്പ അരിയൽ യന്ത്രം, പൊടി യന്ത്രം, വെയിങ് മെഷീൻ, ഡഫ് മിക്സർ, സ്നാക് ഫുഡ് മെഷീൻ, ബാൻഡ് സീലർ തുടങ്ങിയ ഉപകരണങ്ങളും വാങ്ങിയിരുന്നു. ആദ്യ ഘട്ടത്തിൽ യൂണിറ്റ് സ്ഥാപിച്ചിരിക്കുന്നത് ഗ്രാമ പഞ്ചായത്ത് ഓഫീസിന്റെ സെല്ലാർ ഫ്ലോറിലായിരുന്നു. വികസന ഫണ്ടും (ജനറൽ) തനത് ഫണ്ടും ഉപയോഗിച്ച് 15,50,000/- രൂപ ചെലവഴിച്ച സംരംഭത്തിന്റെ നിലവിലെ സ്ഥിതി സംബന്ധിച്ച് 27.09.25 ന് പരിശോധന നടത്തിയപ്പോൾ ഗ്രാമപഞ്ചായത്ത് ഓഫീസ് കെട്ടിടത്തിൽ നിന്നും മറ്റൊരു വാടക കെട്ടിടത്തിലേക്ക് ഉപകരണങ്ങൾ മാറ്റിയിട്ടുള്ളതായും യൂണിറ്റ് നിലവിൽ പ്രവർത്തനമില്ലാത്തതായുമാണ് കണ്ടത്. യൂണിറ്റിൽ നിന്നും ഉത്പാദിപ്പിക്കുന്ന ഭക്ഷ്യവസ്തുക്കൾ വിപണനം ചെയ്യുവാൻ സാധിക്കാതെ കൂട്ടിയിട്ടിരിക്കുകയാണ്. പ്രവർത്തനമാരംഭിച്ച് വർഷങ്ങൾക്കുശേഷവും സംരംഭത്തിന് മാർക്കറ്റ് കണ്ടെത്തുവാൻ കഴിഞ്ഞിട്ടില്ല .

ഭക്ഷ്യസംസ്കരണയൂണിറ്റ് പ്രവർത്തനക്ഷമമാക്കുന്നതിനായും ഉൽപ്പന്നങ്ങളുടെ മാർക്കറ്റിങ് സംബന്ധിച്ചും സ്വീകരിച്ചിട്ടുള്ള തുടർ നടപടികളുടെ വിശദാംശം ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.18/29.09.2025) മറുപടി ലഭ്യമായില്ല. കൃത്യമായ മോണിറ്ററിങ്ങിന്റെ അഭാവം മൂലം യൂണിറ്റിന്റെ പ്രവർത്തനം കാര്യക്ഷമമായി മുന്നോട്ടു കൊണ്ടുപോകുവാൻ കഴിഞ്ഞിട്ടില്ല. മോണിറ്ററിങ് കമ്മിറ്റിയും പഞ്ചായത്ത് ഭരണസമിതിയും യൂണിറ്റിന്റെ തുടർ പ്രവർത്തനങ്ങൾ നിരീക്ഷിച്ച് വേണ്ട നിർദ്ദേശങ്ങൾ നൽകി പദ്ധതി പ്രകാരം വിഭാവനം ചെയ്ത ലക്ഷ്യം പൂർണ്ണമായും നേടിയെടുക്കുന്നതിനായി പരിശ്രമിക്കേണ്ടതാണ്. പദ്ധതിയുടെ തുടർ പ്രവർത്തനങ്ങളുടെ വിശദാംശം അറിയിക്കേണ്ടതാണ്.

## 1-42 ഗുണഭോക്തൃലിസ്റ്റ് - ഗ്രാമ സഭ സാധൂകരിച്ചിട്ടില്ല

ഡയറി ഫാം ഇൻസ്ട്രക്ടർ നിർവ്വഹണ ഉദ്യോഗസ്ഥനായി താഴെപ്പറയും പ്രകാരം പ്രോജക്ടുകൾ 2024-25 സാമ്പത്തിക വർഷം നടപ്പാക്കിയിട്ടുണ്ട്.

| | |
|---|---|
| പ്രോജക്ട് നം. | **36/25, സമഗ്ര കന്നുകാലി ഇൻഷുറൻസ്** |
| അടങ്കൽ | **3600/-, (വികസന ഫണ്ട് – പൊതു വിഭാഗം) + 3600/-, (ഗുണഭോക്തൃ വിഹിതം) = 7200/-** |
| ചെലവ് | **3600/-, (വികസന ഫണ്ട് – പൊതു വിഭാഗം)** |
| ബിൽ നം., തീയതി | **07/02.03.2025 – രൂപ 3600/-** |

മേൽ പദ്ധതിയുടെ അഡീഷണൽ ഗുണഭോക്തൃ ലിസ്റ്റിൽ ശ്രീ. രവി എൻ, മേലാട്ട് (വാർഡ് നം. 6)എന്നയാളെ ഉൾപ്പെടുത്തി ആനുകൂല്യം നൽകുന്നതിനും തൊട്ടടുത്ത ഗ്രാമസഭായോഗത്തിൽ ആയതിന് അംഗീകാരം വാങ്ങുന്നതിനും പഞ്ചായത്ത് കമ്മറ്റിയുടെ 17.02.2025 ലെ 1(4) നമ്പർ തീരുമാന പ്രകാരം തീരുമാനിച്ചിരുന്നു. മേൽ ഗുണഭോക്താവിന് 3600/- രൂപ വികസന ഫണ്ടിൽ നിന്നും ധനസഹായം അനുവദിച്ചിട്ടുണ്ട്. എന്നാൽ മേൽ ഗുണഭോക്താവിനെ ബന്ധപ്പെട്ട ഗ്രാമസഭായോഗം പിന്നീട് അംഗീകരിച്ചതായി കാണുന്നില്ല.

**2.**

| | |
|---|---|
| പ്രോജക്ട് നം. | **21/25, കറവപശുക്കൾക്ക് കാലിത്തീറ്റ** |
| | |

| | |
|---|---|
| അടങ്കൽ | **1534800/-**, (വികസന ഫണ്ട് – പൊതു വിഭാഗം) + **1534800/-**, (ഗുണഭോക്തൃ വിഹിതം) = **3069600/-** |
| ചെലവ് | **1051690/-**, (വികസന ഫണ്ട് – പൊതു വിഭാഗം) |
| ബിൽ നം., തീയതി | **02/20.12.2024 – 372970/-**<br>**04/28.01.2025 – 339360/-**<br>**06/06.03.2025 – 339360/-** |

മേൽ പദ്ധതിയുടെ അഡീഷണൽ ഗുണഭോക്തൃ ലിസ്റ്റിൽ ഗുണഭോക്താക്കളെ ഉൾപ്പെടുത്തി ആനുകൂല്യം നൽകുന്നതിനും തൊട്ടടുത്ത ഗ്രാമസഭായോഗത്തിൽ ആയതിന് അംഗീകാരം വാങ്ങുന്നതിനും പഞ്ചായത്ത് കമ്മറ്റിയുടെ **15.11.2024** ലെ **1(12)** നമ്പർ തീരുമാന പ്രകാരം തീരുമാനിച്ചിരുന്നു. ഇങ്ങനെ ഉൾപ്പെടുത്തിയ ഗുണഭോക്താക്കൾക്ക് വികസന ഫണ്ടിൽ നിന്നും ധനസഹായം അനുവദിച്ച് കാലിത്തീറ്റ ബാഗുകൾ നൽകിയിട്ടുണ്ട്. എന്നാൽ താഴെപ്പറയുന്ന ഗുണഭോക്താക്കളെ ബന്ധപ്പെട്ട ഗ്രാമസഭായോഗങ്ങൾ പിന്നീട് അംഗീകരിച്ചതായി കാണുന്നില്ല.

| ക്രമ നം | ഗുണഭോക്താവിന്റെ പേര് | വാർഡ് |
|---|---|---|
| **1** | ആരോമൽ സി ആർ, ചഞ്ഞപ്ലാക്കൽ | **1** |
| **2** | മോഹനൻ പി കെ, എലിവാലിക്കൽ | **4** |
| **3** | ബാബു കെ റ്റി, മഞ്ഞാക്കൽ | **5** |
| **4** | ജയശ്രീ സാനു | **5** |
| **5** | ബിജുക്കുട്ടി എൻ ജെ, നെല്ലിക്കൽ | **12** |
| **6** | ഗോപാലകൃഷ്ണപിള്ള, ചിറക്കപ്പുതുവേലിൽ | **14** |
| **7** | മായ കെ എൻ, അഴിയാനിക്കൽ | **14** |
| **8** | അരുൺ പി ആർ, പവ്വത്ത് | **16** |
| **9** | ഉഷാ ഗോപിക്കുട്ടൻ, പാലേക്കുഴിയിൽ | **16** |

മേൽ ഗുണഭോക്താക്കളെ ഗ്രാമസഭാ യോഗങ്ങളിൽ അംഗീകരിക്കാത്തതിന് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് **(10/26.09.2025)** മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ ഗുണഭോക്താക്കളെ ഗ്രാമസഭ സാധൂകരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-43 എഞ്ചിനീയറിങ്ങ് വിഭാഗത്തിലെ 45% പ്രോജക്ടുകളും നടപ്പാക്കിയില്ല

എഞ്ചിനീയറിങ്ങ് വിഭാഗത്തിന് **2024-25** വർഷം ആകെ ആവിഷ്കരിച്ചത് **235** പ്രോജക്ടുകളാണ്. ഇതിൽ **130** പ്രോജക്ടുകൾ മാത്രമാണ് നടപ്പാക്കാൻ കഴിഞ്ഞത്. റോഡ് കോൺക്രീറ്റിങ്ങ്, റോഡ് ടാറിങ്ങ്, കെട്ടിട നിർമ്മാണം, കെട്ടിടം മെയിന്റനൻസ്, സംരക്ഷണ ഭിത്തി, കിണർ നിർമ്മാണം, ഇലക്ട്രിഫിക്കേഷൻ തുടങ്ങിയ പ്രവൃത്തികൾ നടപ്പാക്കി.

| പ്രോജക്ട് | ആവിഷ്കരിച്ചത് | നടപ്പാക്കിയത് | നടപ്പാക്കാത്തവ |
|---|---|---|---|
| സ്പിൽ ഓവർ | **158** | **114** | **44** |
| പുതിയത് | **77** | **16** | **61** |
| ആകെ | **235** | **130** | **105** |

സ്പിൽ ഓവറായ പ്രോജക്ടുകളും തുടർ വർഷത്തേക്ക് കൂടി സ്പിൽ ഓവറായി തുടരുന്ന അവസ്ഥയാണ്. ഏറ്റെടുക്കുന്ന പ്രോജക്ടുകൾ പൂർത്തീകരിക്കാതെ അനിശ്ചിതമായി വൈകുകയാണ്. സ്പിൽ ഓവർ പ്രോജക്ടുകൾ പൂർത്തിയാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-44 കർഷക മാർക്കറ്റ് ഷോപ്പിങ്ങ് കോംപ്ലക്സ് പ്രവർത്തനസജ്ജമായില്ല

പഞ്ചായത്തിന്റെ കർഷക മാർക്കറ്റ് ഷോപ്പിങ്ങ് കോംപ്ലക്സ് കെട്ടിട നിർമ്മാണം **2018-19** വർഷം ആരംഭിച്ചത് നാളിതുവരെയും പൂർത്തീകരിച്ച് പ്രവർത്തന സജ്ജമാക്കിയിട്ടില്ല. **2023-24** വർഷം വരെ റൂറൽ ഇൻഫ്രാസ്ട്രക്ചർ വികസനത്തിനുള്ള നബാർഡ് ഫണ്ട് **4** കോടിയോളം രൂപയും ധനകാര്യ കമ്മീഷൻ ഗ്രാന്റും തനത് ഫണ്ടും ഉൾപ്പടെ **48** ലക്ഷം രൂപയും ചെലവഴിച്ചു. **2024-25** വർഷം ഷോപ്പിങ്ങ് കോംപ്ലക്സ് റൂഫിങ്ങിനായി **25.27** ലക്ഷം രൂപ അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹിച്ച **389/25** നം. പ്രോജക്ടിൽ ചെലവഴിച്ചു. (ബിൽ നം. **744/24.03.25** – രൂപ **1282596/-** (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) , **745/24.3.25** -രൂപ **1244306** (തനത് ഫണ്ട്) ആകെ **2526902/-**) ഷോപ്പിങ്ങ് കോംപ്ലക്സ് ടൈൽ, ഇന്റർ ലോക്ക് പ്രവൃത്തിയും പൂർത്തിയാക്കിയതിന് തുടർ വർഷം ചെലവുണ്ട്. സെക്രട്ടറി നടപ്പാക്കിയ പ്രോജക്ടിൽ കെട്ടിടം വൈദ്യുതീകരണം നടത്തിയിട്ടുണ്ട്. ഷോപ്പിങ്ങ് കോംപ്ലക്സ് കോമ്പൗണ്ട്

സംരക്ഷണ ഭിത്തി, ഷോപ്പിങ്ങ് കോംപ്ലെക്സ് പൂർത്തീകരണം, ഫയർ സേഫ്റ്റി സംവിധാനം തുടങ്ങിയവ പൂർത്തിയാകാനുണ്ട്. കെട്ടിടത്തിൽ ലിഫ്റ്റ് സംവിധാനത്തിന് പ്രോവിഷൻ കൊടുത്തിട്ടുണ്ട് എങ്കിലും ആയത് സ്ഥാപിക്കാനുള്ള നടപടി സ്വീകരിച്ചിട്ടില്ല. ഷോപ്പിങ്ങ് കോംപ്ലെക്സിലെ നിർമ്മിതികളുടെ സംരക്ഷണത്തിനുള്ള സംവിധാനവും പൂർണ്ണമല്ല. ഓഡിറ്റ് നടത്തിയ സ്ഥല പരിശോധനയിൽ നിലവിൽ വിവിധ ഫ്ലോറുകളിൽ കൈവരികൾ സ്ഥാപിക്കുന്ന പ്രവൃത്തി നടക്കുന്നതായി ബോധ്യപ്പെട്ടു. ആകെ **56** ഷട്ടറുകളാണ് **4** നിലകളിലായുള്ളത്. മുറികളുടെ ഉൾഭാഗം ഫ്ലോറിങ്ങ് നടത്തിയിട്ടില്ല.

കെട്ടിട നിർമ്മാണ അനുബന്ധ പ്രവർത്തനങ്ങൾ പൂർത്തിയാക്കി ഫിറ്റ്നെസ് ഉറപ്പാക്കി നമ്പറിങ്ങ് നടത്തേണ്ടതും മുറികൾ വാടകയ്ക്ക് നൽകേണ്ടതുമാണ്. ഷോപ്പിങ്ങ് കോംപ്ലെക്സ് മുറികളുടെ ലേല നടപടികൾ ഉൾപ്പെടെ പൂർത്തിയാക്കി വിശദാംശം അറിയിക്കേണ്ടതാണ്. ഏറ്റവും മുകളിലെ റൂഫ് ചെയ്ത ഭാഗം ഓഡിറ്റോറിയം പോലെയുള്ള രീതിയിൽ ഉപയോഗപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## <u>**1-45 കുടിവെള്ള പദ്ധതികൾ പൂർത്തിയായിട്ടില്ല – തുടർ നടപടികൾ അവശേഷിക്കുന്നു**</u>

<u>ത്രിവേണി കുടിവെള്ള പദ്ധതി</u>

നിലവിലുണ്ടായിരുന്ന കുടിവെള്ള പദ്ധതി വിപുലീകരിക്കുന്നതിന് ഓവർഹെഡ് കോൺക്രീറ്റ് ടാങ്ക് പണിയുന്നതിനും പൈപ്പ് ലൈൻ നീട്ടുന്നതിനുമാണ് അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി പ്രോജക്ട് നം.429/25 ആവിഷ്കരിച്ചത്. **02-12-2024** ലെ **LSGD/CELSGD/ EST_TS/98455/2024_5_1_1** നമ്പരായി **11** മാസം കൊണ്ട് പ്രവൃത്തി പൂർത്തീകരിക്കുന്നതിന് **30** ലക്ഷം രൂപയുടെ സാങ്കേതിക അനുമതി ലഭിച്ചു. ശ്രീ. ഗിരീഷ് ചന്ദ്രൻ എന്ന കരാറുകാരന് എസ്റ്റിമേറ്റിന്റെ **6.29%** അധിക നിരക്കിൽ കരാർ നൽകി **(DSR-2018). 27-02-2025** ൽ കരാർ ചമച്ച് **01-03-2025** ൽ സൈറ്റ് കൈമാറി നിലവിൽ **50000** ലിറ്റർ സംഭരണ ശേഷിയുള്ള ടാങ്കിന്റെയും മൂന്ന് തട്ടുകളായ പില്ലർ, ഗ്രൗണ്ട് ഫ്ലോർ മുറി എന്നിവ നിർമ്മാണം നടന്നു വരികയാണ് എന്ന് സൈറ്റ് പരിശോധനയിൽ ബോധ്യപ്പെട്ടു. **2024-25** വർഷം **8** ലക്ഷം രൂപ വകയിരുത്തി **743,225/-** രൂപ (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) ബിൽ നം. **815/29.03.25)** പ്രോജക്ടിൽ ചെലവഴിച്ചിട്ടുണ്ട്.

നിലവിലുണ്ടായിരുന്ന കുടിവെള്ള പദ്ധതി **10000** ലിറ്റർ സംഭരണ ശേഷിയുള്ളതായിരുന്നു. ഇതിന്റെ **2** എണ്ണം **5000** ലിറ്റർ ടാങ്കുകൾ സൈറ്റിലുണ്ട്. ഒരു **5000** ലിറ്റർ ടാങ്ക് ഉപയോഗിച്ചാണ് നിലവിൽ വെള്ളം സംഭരിച്ച് കുടിവെള്ള പദ്ധതി താത്കാലികമായി പ്രവർത്തിച്ചു വരുന്നത്. ഒരു **5000** ലിറ്റർ ടാങ്ക് ഉപയോഗിക്കാതെ സൈറ്റിൽ സൂക്ഷിച്ചിരിക്കുകയാണ്. നിലവിലുണ്ടായിരുന്ന **2** ടാങ്കുകൾ സ്ഥാപിച്ചിരുന്ന ഇരുമ്പ് തൂണോട് കൂടിയ **Stand Structure** തുരുമ്പ് പിടിച്ച് മറിഞ്ഞ് വീണ അവസ്ഥയിലാണ്. പുതിയ പ്രോജക്ട് ആരംഭിച്ച ശേഷം **Stand Structure** കാലഹരണപ്പെട്ടത് വാല്യുവേഷൻ നടത്തി ലേലം ചെയ്യാനുള്ള നടപടി സ്വീകരിച്ചില്ല. ഉപയോഗിക്കാതെ അവശേഷിക്കുന്ന ഒരു **5000** ലിറ്റർ ടാങ്ക് പുനരുപയോഗിക്കാനോ ലേലം ചെയ്യാനോ ഉള്ള നടപടികളും സ്വീകരിച്ചിട്ടില്ല.

<u>ആൽത്തറ ആലപ്പാട്ട് കുടിവെള്ള പദ്ധതി</u>

ഓവർഹെഡ് കോൺക്രീറ്റ് ടാങ്ക് പണിയുന്നതിനാണ് അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി പ്രോജക്ട് നം.427/25 ആവിഷ്കരിച്ചത്. **09-01-2025** ലെ **LSGD/CELSGD/ EST_TS/99662/2024_5_1_1** നമ്പരായി **11** മാസം കൊണ്ട് പ്രവൃത്തി പൂർത്തീകരിക്കുന്നതിന് **2,838,200/-** രൂപയുടെ സാങ്കേതിക അനുമതി ലഭിച്ചു. ശ്രീ.ഗിരീഷ് ചന്ദ്രൻ എന്ന കരാറുകാരന് എസ്റ്റിമേറ്റിന്റെ **9.92%** അധിക നിരക്കിൽ കരാർ നൽകി **(DSR-2018). 24-03-2025** ൽ കരാർ ചമച്ച് **26-03-2025** ൽ സൈറ്റ് കൈമാറി പ്രവൃത്തി ആരംഭിച്ച ശേഷം പില്ലർ നിർമ്മാണം നടന്നു വരികയാണ് എന്ന് സൈറ്റ് പരിശോധനയിൽ ബോധ്യപ്പെട്ടു. **2024-25** വർഷം **780,768/-** രൂപ ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ബിൽ നം. **815/29.03.2025)** പ്രോജക്ടിൽ ചെലവഴിച്ചിട്ടുണ്ട്.

മേൽപറഞ്ഞ കുടിവെള്ള പദ്ധതികൾക്ക് **31-03-2025** വരെ പാർട്ട് ബിൽ ആയി തുക ചെലവഴിച്ചത് പഞ്ചായത്ത് കണക്കുകളിൽ **Capital Work In Progress** ആയി ചേർത്തിട്ടില്ല. നിർമ്മാണ പ്രവൃത്തികളുടെ പാർട്ട് ബില്ലുകൾ നൽകുന്നത് നിരീക്ഷിക്കാനും പ്രവൃത്തി പൂർത്തീകരണം അക്കൗണ്ട് ചെയ്യാനും സംവിധാനമില്ല എന്നാണ് കാണുന്നത്. ത്രിവേണി കുടിവെള്ള പദ്ധയിയുടെ കാലഹരണപ്പെട്ട **Stand Structure** ലേലം ചെയ്യാനും ടാങ്കുകൾ പ്രയോജനപ്പെടുത്താനും നടപടി സ്വീകരിക്കാത്തതിനും നിർമ്മാണ പ്രവൃത്തികൾ നിരീക്ഷിക്കുന്നതിലെ അപാകതയ്ക്കും വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണക്കുറിപ്പ് (നം.**14/29-9-2025**) നൽകിയതിന് കുടിവെള്ള പദ്ധതികൾ പൂർത്തീകരിക്കുന്നതാണ് എന്നും **Stand Structure** ലേലം ചെയ്യാനും ടാങ്കുകൾ ഉപയോഗപ്പെടുത്താൻ നടപടി സ്വീകരിക്കുമെന്നും അറിയിച്ചു. **Stand Structure** ലേല നടപടി തുടർ വർഷം പൂർത്തിയാക്കേണ്ടതാണ്. **5000** ലിറ്ററിന്റെ രണ്ട് ടാങ്കുകളും ഉപയോഗപ്രദമാക്കേണ്ടതാണ്. കുടിവെള്ള പദ്ധതികൾ തുടർ വർഷം തന്നെ പൂർത്തീകരിച്ച്

വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. നിർമ്മാണ പ്രവൃത്തികളുടെ പാർട്ട് ബിൽ ചെലവുകൾ **Capital Work In Progress** ആയി അക്കൗണ്ട് ചെയ്യാനും പൂർത്തീകരണ ബിൽ നൽകുന്ന സമയത്ത് മാത്രം മുഴുവൻ ബിൽ തുകകളും സുസ്ഥിര ആസ്തിയിലേക്ക് മാറ്റാനും നടപടി സ്വീകരിക്കേണ്ടതാണ്.

## 1-46 അറ്റകുറ്റപ്പണികൾ നടത്തിയിട്ടും മൃഗാശുപത്രിക്ക് ജല ലഭ്യതയ്ക്കുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടില്ല

അസിസ്റ്റന്റ് എഞ്ചിനീയർ നടപ്പാക്കിയ മൂലേപ്ലാവ് മൃഗാശുപത്രി മെയിന്റനൻസ് (228/25) എന്ന പ്രോജക്ട് പ്രകാരം നോൺ റോഡ് മെയിന്റനൻസ് ഗ്രാന്റിൽ നിന്ന് 465,627/- രൂപ ചെലവഴിച്ചു. (ബിൽ നം. 485/24.01.25 തുക 465,627/- രൂപ) റീറ്റെയ്നിങ്ങ് വാളിന് മുകളിലുള്ള കൈവരി, പ്രവേശന ഗേറ്റ്, കൗ ഷെഡ്, ഫ്ലോർ കോൺക്രീറ്റിങ്ങ് തുടങ്ങിയ പ്രവൃത്തികളാണ് നടത്തിയത്. എന്നാൽ മൃഗാശുപത്രി കെട്ടിടത്തിന് സ്വന്തമായി ജല ലഭ്യത സംവിധാനം ഏർപ്പെടുത്തിയിട്ടില്ല എന്ന് 27-09-2025 ൽ ഓഡിറ്റ് നടത്തിയ ഫീൽഡ് പരിശോധനയിൽ കാണുന്നു. മെയിന്റനൻസ് പ്രവൃത്തി ഏറ്റെടുത്തപ്പോൾ ജല ലഭ്യത സംവിധാനം ഉൾപ്പെടുത്തിയിട്ടില്ല. മണിമലയാറിന് സമീപം പ്രവൃത്തിക്കുന്ന മൃഗാശുപത്രി കെട്ടിടം സ്ഥിതി ചെയ്യുന്ന സ്ഥലത്ത് കിണർ/കുഴൽക്കിണർ സംവിധാനം ഏർപ്പെടുത്തി സ്ഥിരമായ ജല ലഭ്യത സംവിധാനം ഏർപ്പെടുത്താവുന്നതായിരുന്നു. ഈ വിഷയത്തിലുള്ള നടപടികൾ പ്രോജക്ടിൽ ഉൾപ്പെടുത്താതിരുന്നതിന് വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണക്കുറിപ്പ് (നം.12/27-09-2025) നൽകിയതിന് മറുപടിയിൽ മൃഗാശുപത്രിക്ക് 500 മീറ്റർ അകലെയായി പ്രോജക്ട് നം.392/25 പ്രകാരം 2.5 ലക്ഷം ധനകാര്യ കമ്മീഷൻ ഗ്രാന്റ് ചെലവഴിച്ച് നിർമ്മിച്ച മൂലേപ്ലാവ് പൊതുകിണർ ഉള്ളതായും പ്രസ്തുത കിണറിൽ നിന്നും പൈപ്പ് ലൈൻ മുഖേന മൃഗാശുപത്രിക്ക് ജലലഭ്യത ഉറപ്പാക്കുമെന്നും അറിയിച്ചു. പ്രസ്തുത പൊതു കിണറിൽ നിന്നും മൃഗാശുപത്രിക്ക് ശുദ്ധജല കണക്ഷൻ ലഭ്യമാക്കിയ ശേഷം അതിന്റെ വിശദാംശം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. വിട്ടുകിട്ടിയ സ്ഥാപനങ്ങളുടെ അറ്റകുറ്റപ്പണി, നിർമ്മാണ പ്രവൃത്തികൾ എന്നിവ സ്ഥാപനത്തിന്റെ അടിസ്ഥാന ഭൗതിക സാഹചര്യങ്ങൾ എല്ലാം മെച്ചപ്പെടുത്തുന്ന ഇനങ്ങൾ ഉൾപ്പെടുത്തി പൂർണ്ണമായും ചെയ്യാൻ ശ്രദ്ധിക്കേണ്ടതാണ്. ഈ വിഷയം ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-47 ചേപ്പുംപാറ കളിസ്ഥലം നിർമ്മാണം - പ്രവൃത്തികൾ പൂർത്തിയായില്ല

ചേപ്പുംപാറയിൽ കളിസ്ഥലം നിർമ്മാണത്തിനായി തൻവർഷം രണ്ട് പ്രോജക്ടുകൾ അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണം നടത്തിയിട്ടുണ്ട്. ശ്രീ. ഗിരീഷ് ചന്ദ്രൻ ആണ് കരാറുകാരൻ. ഏറ്റെടുത്ത പ്രവൃത്തികളുടെ വിവരം ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നം./പേര് | എസ്റ്റിമേറ്റ് തുക, ഫണ്ട് | നടത്തിയ പ്രവൃത്തി | ചെലവഴിച്ച തുക |
|---|---|---|---|
| **466/25** ചേപ്പുംപാറ കളിസ്ഥലം നിർമ്മാണം | **10** ലക്ഷം തനത് ഫണ്ട് | പ്ലോട്ടിന്റെ രണ്ട് സൈഡുകൾ കരിങ്കൽ കെട്ട് സംരക്ഷണ ഭിത്തി | **991,823/-**, ബിൽ നം. **388/03-12-2024** |
| **138/25** ചേപ്പുംപാറ കളിസ്ഥലം സൈറ്റ് ലവലിങ്ങ് | **10** ലക്ഷം തനത് ഫണ്ട് | മണ്ണ് ഫില്ലിങ്ങ്, സംരക്ഷണ ഭിത്തി | **708,721/-** രൂപ ബിൽ നം. **812/29-03-2025** |

മേൽ പ്രവൃത്തികൾ നടത്തിയ ശേഷവും കളിസ്ഥലം ജനങ്ങൾക്ക് പ്രയോജനകരമായി പ്രവർത്തനം ആരംഭിച്ചിട്ടില്ല. നിലവിൽ മണ്ണിട്ടുയർത്തിയ സ്ഥലം പുല്ല് വളർന്ന് നിൽക്കുകയാണ് എന്നും പ്ലോട്ട് കളിസ്ഥലത്തിന് അനുയോജ്യമാക്കി പൂർണ്ണമായി നിരപ്പാക്കിയിട്ടില്ല എന്നുമാണ് സ്ഥലപരിശോധനയിൽ വ്യക്തമായത്. ഈ വിഷയം 03-09-2025 ൽ നടന്ന ഓഡിറ്റ് എക്സിറ്റ് മീറ്റിങ്ങിൽ അവതരിപ്പിച്ചപ്പോൾ ടി സ്ഥലത്ത് ടർഫ് കോർട്ട് പണിയാനാണ് എന്നാണ് ഭരണസമിതി അറിയിച്ചത്. പ്രസ്തുത സ്ഥലം പൊതുജനത്തിന് കളിസ്ഥലമായി ഉപയോഗപ്പെടുന്നതിന് സ്ഥലം പൂർണ്ണമായും ലെവൽ ചെയ്യേണ്ടതാണ്. ഭരണസമിതി അറിയിച്ച പ്രകാരം ടർഫ് നിർമ്മാണത്തിനുള്ള നടപടികളും സ്വീകരിക്കേണ്ടതുമാണ്.

## 1-48 പകൽ വീട് പ്രവർത്തനക്ഷമമായില്ല

പഞ്ചായത്തിന്റെ എട്ടാം വാർഡിലുള്ള പകൽ വീട് കെട്ടിടത്തിന്റെ നവീകരണത്തിനായുള്ള പ്രോജക്ട് തൻവർഷം നടപ്പാക്കിയിരുന്നു. അസിസ്റ്റന്റ് എഞ്ചിനീയർ നടപ്പിലാക്കിയ 206/25 നമ്പർ പ്രോജക്ട് പ്രകാരം 197,158/- രൂപ വികസന ഫണ്ടിൽ നിന്നും ചെലവഴിച്ചു (ബിൽ നം.308/31-08-2024). ജനൽ ഗ്ലാസ് മാറ്റി സ്ഥാപിക്കൽ, കെട്ടിടം പെയിന്റിങ്ങ്, മുറ്റം ഇന്റർ ലോക്ക് പാകൽ എന്നിവയാണ് ചെയ്ത പ്രവൃത്തികൾ. കെട്ടിടത്തിന് അറ്റകുറ്റപ്പണികൾ നടത്തിയെങ്കിലും പ്രോജക്ടിന്റെ ലക്ഷ്യമായ മുതിർന്ന പൗരൻമാർക്ക്

പകൽ വീട് എന്ന രീതിയിൽ നിലവിൽ പ്രവർത്തിക്കുന്നില്ല. ഗ്രാമപഞ്ചായത്തിൽ കെട്ടിടം പണിത ശേഷവും നിലവിൽ അറ്റകുറ്റപ്പണിക്ക് ശേഷവും പകൽ വീടായി പ്രവർത്തനം ആരംഭിച്ചിട്ടില്ല എന്ന് **27-09-2025** ൽ ഓഡിറ്റ് നടത്തിയ സ്ഥലപരിശോധനയിൽ വ്യക്തമായി. പഞ്ചായത്ത് ഉടമസ്ഥതയിലുള്ള പകൽ വീട് മുതിർന്ന പൗരൻമാർക്ക് ഉപയോഗപ്രദമാകാതെ തുടരുന്നതിന് വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണക്കുറിപ്പ് (നം.**11/27-09-2025**) നൽകിയതിന് പകൽ വീട് മുതിർന്ന പൗരൻമാർക്ക് പ്രയോജനപ്രദമായി പ്രവർത്തിക്കാനുള്ള നടപടി സ്വീകരിക്കുമെന്ന് അറിയിച്ചു. പകൽ വീട് പ്രവർത്തനം ആരംഭിച്ചതിന്റെ വിവരം അറിയിക്കേണ്ടതാണ്.

## 1-49 ഭവനപുനരുദ്ധാരണം (എസ്.സി.പി)വകയിരുത്തിയ തുകയിൽ അധികം തുക ചെലവഴിച്ചിരിക്കുന്നു

| | |
|---|---|
| പ്രോജക്ട് നം.പേര് | ഭവന പുനരുദ്ധാരണം (എസ്.സി.പി)**S0331/25** |
| അടങ്കൽ (ഫണ്ടിനം) | **102259/-** വികസനഫണ്ട്(എസ്.സി.പി)<br>**50,000/-**തനത് ഫണ്ട് |
| ചെലവഴിച്ച തുക | **152259/-**വികസനഫണ്ട്(എസ്.സി.പി)<br>**50,000/-** തനത് ഫണ്ട് - |
| നിർവ്വഹണോദ്യോഗസ്ഥൻ | വി.ഇ.ഒ പൊൻകുന്നം സർക്കിൾ |
| ബിൽ നം./തീയതി | **110/29.8.24-50,000/-** (പ്ലാൻ ഫണ്ട്)<br>**239/24.12.24-50,000/-** (പ്ലാൻ ഫണ്ട്)<br>**261/20.7.24-50,000/-** (പ്ലാൻ ഫണ്ട്)<br>**302/25.1.24-2259/-** (പ്ലാൻ ഫണ്ട്)<br>**176/8.11.24-50,000/-** (തനത് ഫണ്ട്) |

**2023-24** വർഷത്തെ ഭവനപുനരുദ്ധാരണ പ്രോജക്ട് സ്പിൽ ഓവർ ആയി **2024-25**ൽ ഉൾപ്പെടുത്തിയപ്പോൾ വികസനഫണ്ട് (എസ്.സി.പി)യിൽ **102259/-** രൂപയും, തനത് ഫണ്ട്-**50,000/-** രൂപയുമുൾപ്പടെ ആകെ **152259/-** രൂപയാണ് ചെലവ് ചെയ്യാൻ ഉദ്ദേശിച്ചിരുന്നത്. എന്നാൽ പ്രസ്തുത പ്രോജക്ടിനായി പ്ലാൻ ഫണ്ടിൽ നിന്നും **152259/-** രൂപയും, തനത് ഫണ്ട്-**50,000/-** രൂപയുമുൾപ്പടെ ആകെ **202259/-** രൂപ ചെലവഴിച്ചിട്ടുണ്ട്. പ്ലാൻ ഫണ്ടിൽ നിന്നും വകയിരുത്തിയതിനേക്കാളുമധികം തുക ചെലവഴിച്ചതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.**14/29.9.25**) മറുപടി ഹാജരാക്കിയില്ല. വികസനഫണ്ടിൽ നിന്നും അധികം ചെലവഴിച്ച **50000/- (152259-102259)** രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-50 ഭവനപുനരുദ്ധാരണം അർഹമായ പരമാവധി ധനസഹായം ഗുണഭോക്താക്കൾക്ക് നൽകുന്നില്ല

**14**-ാം പദ്ധതി മാർഗ്ഗരേഖ പ്രകാരം ഭവന പുനരുദ്ധാരണത്തിന്ജനറൽ വിഭാഗത്തിന് പരമാവധി **100000/-** രൂപയും, പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിന് പരമാവധി **150,000/-** രൂപയും ധനസഹായമായി നല്കാവുന്നതാണ്. എന്നാൽ ചിറക്കടവ് ഗ്രാമ പഞ്ചായത്തിൽ ജനറൽ വിഭാഗത്തിന് **75000/-** രൂപയും, പട്ടികജാതി വിഭാഗത്തിന് **100,000/-** രൂപയുമാണ് ധനസഹായമായി ഗുണഭോക്താക്കൾക്ക് നല്കുന്നത്. കൂടുതൽ എണ്ണം ഗുണഭോക്താക്കൾക്ക് പ്രയോജനം ലഭിക്കുന്നതിനാണ് അപ്രകാരം ധനസഹായം പരിമിതപ്പെടുത്തി നല്കുന്നത്. ആയതു മൂലം നിർദ്ധനരായ ഗുണഭോക്താക്കൾക്ക് പരമാവധി ധനസഹായം ലഭിക്കാതെ വരുന്ന സാഹചര്യം നിലവിലുണ്ട്. ആയതിനാൽ ഗുണഭോക്താക്കൾക്ക് മാർഗ്ഗരേഖ പ്രകാരമുള്ള പരമാവധി ധനസഹായം നല്കുവാൻ നിർവ്വഹണ ഉദ്യോഗസ്ഥനും ഭരണ സമിതിയും ശ്രദ്ധ പുലർത്തേണ്ടതാണ്.

## 1-51 ജലജീവൻ മിഷൻ പദ്ധതി -അവലോകനം

**100%** ഗ്രാമീണ ഭവനങ്ങളിലും ഗാർഹിക കുടിവെള്ള കണക്ഷൻ എത്തിക്കുക എന്ന ലക്ഷ്യത്തോടെ ആവിഷ്ക്കരിച്ച പദ്ധതിയാണ് ജലജീവൻ മിഷൻ പദ്ധതി. പദ്ധതിയുടെ ഭാഗമായി കേന്ദ്ര-സംസ്ഥാനസർക്കാരുകൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴി ജനപങ്കാളിത്തത്തോടെ എല്ലാ ഭവനങ്ങളിലും കുടിവെള്ളമെത്തിക്കുക എന്ന ബൃഹത്തായ പദ്ധതിയ്ക്ക് തുടക്കം കുറിക്കുകയുണ്ടായി. ലക്ഷ്യബോധത്തോടെ പ്രവർത്തിച്ചാൽ ജലക്ഷാമത്തെ അതിജീവിക്കാൻ പ്രാപ്തമാക്കുന്നതായിരുന്നു ടി പദ്ധതി.

ചിറക്കടവ് ഗ്രാമപഞ്ചായത്തിൽ ജലജീവൻ മിഷൻ പദ്ധതിയുടെ മെയിൻ ടാങ്കുകൾ സ്ഥാപിക്കുന്നതിന്

**2024-25** വർഷം വരെ പദ്ധതികൾ നടപ്പാക്കിയിട്ടില്ല. സ്ഥാപനവിഹിതമോ ഗുണഭോക്തൃവിഹിതമോ കൈമാറുന്നതിന് നാളിതുവരെ ഗ്രാമപഞ്ചായത്ത് പ്രോജക്ട് തയ്യാറാക്കിയിട്ടില്ല. ജലജീവൻ മിഷനുമായി ബന്ധപ്പെട്ട് മറ്റ് പ്രോജക്ടുകളും തയ്യാറാക്കിയിട്ടില്ല. എം എൽ എ മാരുടെ ആസ്തി വികസന ഫണ്ടിൽ നിന്നും നാളിതുവരെ ചിറക്കടവ് ഗ്രാമപഞ്ചായത്തിന് ജലജീവൻ മിഷൻ പദ്ധതിക്കായി തുക അനുവദിച്ചിട്ടില്ല. ചിറക്കടവ് ഗ്രാമപഞ്ചായത്ത് ജലജീവൻ മിഷനുമായി ബന്ധപ്പെട്ട് **148700000/-** രൂപയുടെ പദ്ധതിയാണ് വിഭാവനം ചെയ്തിട്ടുള്ളത്.

സുസ്ഥിരമായ കുടിവെള്ള ലഭ്യത ഉറപ്പാക്കുക എന്ന പദ്ധതി ലക്ഷ്യം ഗ്രാമപഞ്ചായത്ത് തലത്തിൽ സാദ്ധ്യമാക്കുന്നതിനായി ഭരണസമിതിയുടെ നേതൃത്വത്തിൽ വാട്ടർ അതോറിറ്റിയുമായി ബന്ധപ്പെട്ട് ജലജീവൻ മിഷൻ പദ്ധതി പ്രകാരം പ്രോജക്ടുകൾ തയ്യാറാക്കി നടപ്പാക്കേണ്ടതിന് എല്ലാ ശ്രമങ്ങളും ഉണ്ടാവേണ്ടതാണ്.

## 1-52 ഹെൽത്ത് ഗ്രാന്റ് വിനിയോഗം - അവലോകനം

പ്രാഥമിക ആരോഗ്യ പരിരക്ഷാ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായാണ് പതിനഞ്ചാം ധനകാര്യ കമ്മീഷൻ **2021-22** മുതൽ **2025-26** വരെ ആരോഗ്യമേഖലാ ഗ്രാന്റ് അനുവദിച്ചിട്ടുള്ളത്. ആരോഗ്യ സ്ഥാപനങ്ങളുടെ ഭൗതിക സൗകര്യം മെച്ചപ്പെടുത്തുന്നിനും പൊതുജനങ്ങൾക്ക് മികച്ച സേവനം നൽകുന്നതിനുമുള്ള ശ്രമങ്ങൾ നവകേരളം കർമ്മപദ്ധതിയുടെ ഭാഗമായി കേരളമൊട്ടാകെ നടന്നുവരികയായതിനാൽ മേൽപ്പറഞ്ഞ പ്രവർത്തനങ്ങൾക്കായി ആർദ്രം മിഷനിലൂടെ ആരോഗ്യ മേഖലാ ഗ്രാന്റ് ഉപയോഗപ്പെടുത്തുക എന്ന സമീപനമാണ് കേരളത്തിൽ സ്വീകരിച്ചിട്ടുള്ളത്. ആരോഗ്യമേഖലാ ഗ്രാന്റിന്റെ നോഡൽ മന്ത്രാലയമായ കേന്ദ്ര ആരോഗ്യ കുടുംബക്ഷേമ മന്ത്രാലയം പുറപ്പെടുവിച്ച മാർഗ്ഗ നിർദ്ദേശങ്ങളെ അടിസ്ഥാനമാക്കിയാണ് കർമ്മപദ്ധതി തയ്യാറാക്കിയിട്ടുള്ളത്. ആരോഗ്യമേഖലാ ഗ്രാന്റ് വിനിയോഗത്തിനാധാരമായിട്ടുള്ള സർക്കാർ ഉത്തരവുകളും സർക്കുലറുകളും ചുവടെ ചേർക്കുന്നു .

| ക്രമ നമ്പർ | മാർഗരേഖയുടെ നമ്പർ, തീയതി |
|---|---|
| 1 | **G.O(Rt) No. 2132/2022/LSGD Dated 31.08.2022** |
| 2 | **G.O(Rt) No. 2156/2022/LSGD Dated 01.09.2022** |
| 3 | **G.O(Rt) No. 3157/2022/LSGD Dated 21.12.2022 (Urban Local Bodies)** |
| 4 | **G.O(Rt) No. 1078/2022/LSGD Dated 20.05.2023 (Urban Local Bodies)** |
| 5 | **Circular No. FM3/138/2023/LSGD Dated 23.05.2023** |
| 6 | **G.O(Rt) No. 1625/2023/LSGD Dated 09.08.2023** |

കുടുംബാരോഗ്യകേന്ദ്രത്തിലും സബ്സെന്ററുകളിലും രോഗ നിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും, ആരോഗ്യ സ്ഥാപനങ്ങൾ മുഖേന ഹെൽത്ത് & വെൽനെസ്സ് പ്രവർത്തനങ്ങൾ നടപ്പാക്കുന്നതിനും കെട്ടിടമില്ലാത്ത കുടുംബാരോഗ്യ/ഉപകേന്ദ്രങ്ങൾക്ക് കെട്ടിട നിർമ്മാണത്തിനുമായി ഹെൽത്ത് ഗ്രാന്റ് ഉപയോഗിക്കേണ്ടതാണ്. ഇത് ധനകാര്യ കമ്മീഷൻ നിർദ്ദേശിച്ചിട്ടുള്ള വിവിധ സ്കീമുകൾ വഴിയാണ് നടപ്പാക്കേണ്ടത്. സ്കീമുകൾ താഴെ നൽകുന്നു.

സ്കീം-1 കെട്ടിടങ്ങൾ ഇല്ലാത്ത കുടുംബാരോഗ്യ ഉപകേന്ദ്രങ്ങൾക്ക് കെട്ടിടം നിർമ്മിക്കാൻ സഹായം

കെട്ടിടങ്ങൾ ഇല്ലാത്ത കുടുംബാരോഗ്യ ഉപകേന്ദ്രങ്ങൾക്ക് ഗ്രാമപഞ്ചായത്തിലെ അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി കെട്ടിടം നിർമ്മിക്കാൻ ധനസഹായം നൽകുന്നു. കേന്ദ്ര ആരോഗ്യ കുടുംബ ക്ഷേമ മന്ത്രാലയം **31.08.2021** ന് പുറപ്പെടുവിച്ച സാങ്കേതിക മാർഗ്ഗരേഖയുടെ അനുബന്ധം-**3.3** പ്രകാരമുള്ള ലേ-ഔട്ട് പ്ലാൻ കെട്ടിട നിർമ്മാണ മാതൃക പ്രകാരമാണ് കെട്ടിടങ്ങൾ നിർമ്മിക്കേണ്ടത്.

സ്കീം-2 ബ്ലോക്ക് പൊതുജനാരോഗ്യ കേന്ദ്രങ്ങൾക്ക് സഹായം

ബ്ലോക്ക് കുടുബാരോഗ്യങ്ങൾക്ക് വിവിധ പ്രവർത്തനങ്ങൾക്ക് സഹായം നൽകൽ

സ്കീം-3 ഗ്രാമപ്രദേശങ്ങളിലെ ആരോഗ്യ സ്ഥാപനങ്ങളിൽ രോഗ നിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ

പ്രാഥമികാരോഗ്യ പരിരക്ഷ നൽകുന്ന എല്ലാ ആരോഗ്യ സ്ഥാപനങ്ങളിലും രോഗനിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തുകയാണ് ഈ സ്കീമിന്റെ ലക്ഷ്യം. ഉപകേന്ദ്രങ്ങളിൽ രോഗനിർണ്ണയം സൗകര്യങ്ങൾ ഏർപ്പെടുത്തൽ, കുടുബാരോഗ്യ കേന്ദ്രങ്ങളിലും പ്രാഥമികാരോഗ്യ പരിരക്ഷ നൽകുന്ന മറ്റ് ആരോഗ്യ സാഥാപനങ്ങളിലും രോഗ നിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ എന്നീ രണ്ട് ഘടകങ്ങളിലായി പ്രവർത്തനം നടത്തുന്നു.

സ്കീം-4 ഗ്രാമപ്രദേശങ്ങളിലെ കുടുംബാരോഗ്യ കേന്ദ്രങ്ങളിലും ഉപകേന്ദ്രങ്ങളിലും ഹെൽത്ത് ആൻഡ് വെൽനസ് പ്രവർത്തനങ്ങൾ നടപ്പാക്കൽ.

ഗ്രാമപ്രദേശങ്ങളിൽ ആരോഗ്യ വർദ്ധക സേവനങ്ങൾ, ആരോഗ്യകരമായ ഭക്ഷണശീലം, വ്യായാമം, ശുചിത്വം മുതലായവ പ്രോത്സാഹിപ്പിക്കൽ, രോഗ പ്രതിരോധ പ്രവർത്തനങ്ങൾ, അസുഖങ്ങൾ പ്രാരംഭ ഘട്ടത്തിൽ തന്നെ കണ്ടുപിടിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ, ദീർഘകാല രോഗികൾക്ക് മാനസിക സാമൂഹ്യ പിന്തുണ നൽകൽ, പാലിയേറ്റീവ് പ്രവർത്തനങ്ങൾ തുടങ്ങിയവ ഉൾപ്പെടുന്നു.

സ്കീം-5 നഗരപ്രദേശങ്ങളിലെ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലും ഉപകേന്ദ്രങ്ങളിലും രോഗ നിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ.

ഉപകരണങ്ങൾ വാങ്ങുന്നതിനും കേരളാ മെഡിക്കൽ കോർപ്പറേഷനിൽ പരിശീലനവും ഉൾപ്പെടുന്നു.

സ്കീം- 6 അർബൻ ഹെൽത്ത് & വെൽനസ് കേന്ദ്രങ്ങൾ.

അർബൻ ഹെൽത്ത് & വെൽനസ് കേന്ദ്രങ്ങൾ, അർബൻ പോളിക്ലിനിക്കുകൾ സ്ഥാപിക്കൽ എന്നീ രണ്ട് ഘടകങ്ങൾ ഉൾപ്പെടുന്നു.

ഹെൽത്ത് ഗ്രാന്റ് ഉപയോഗിച്ച് വിഭാവനം ചെയ്ത പദ്ധതികളിൽ പൂർത്തിയായവ

സ്കീം-1 കെട്ടിടങ്ങൾ ഇല്ലാത്ത കുടുംബാരോഗ്യ ഉപകേന്ദ്രങ്ങൾക്ക് കെട്ടിടം നിർമ്മിക്കാൻ സഹായം- നടപ്പായ പദ്ധതികൾ

ഇല്ല

സ്കീം-3 ഗ്രാമപ്രദേശങ്ങളിലെ ആരോഗ്യ സ്ഥാപനങ്ങളിൽ രോഗ നിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ - നടപ്പായ പദ്ധതികൾ

| വർഷം | പദ്ധതി | അടങ്കൽ തുക ₹ | ചെലവ് തുക ₹ |
|---|---|---|---|
| **2022-23** | **386/23** ഹെൽത്ത് ഗ്രാന്റ് - പരിശോധനാ സംവിധാനം | **330900** | **41831** |
| **2023-24** | **426/24** ഹെൽത്ത് ഗ്രാന്റ് - പരിശോധനാ സംവിധാനം | **289069** | **289069** |
| | **487/24** രോഗ പരിശോധന സംവിധാനം | **1123000** | **461143** |
| **2024-25** | **431/25** രോഗ പരിശോധന സംവിധാനം | **661857** | **458506** |

സ്കീം-4 ഗ്രാമപ്രദേശങ്ങളിലെ കുടുംബാരോഗ്യ കേന്ദ്രങ്ങളിലും ഉപകേന്ദ്രങ്ങളിലും ഹെൽത്ത് അൻഡ് വെൽനസ് പ്രവർത്തനങ്ങൾ നടപ്പാക്കൽ - നടപ്പായ പദ്ധതികൾ

| വർഷം | പദ്ധതി | അടങ്കൽ തുക ₹ | ചെലവ് തുക ₹ |
|---|---|---|---|
| **2022-23** | **389/23** ഹെൽത്ത് ആൻഡ് വെൽനസ് സെന്ററാക്കി ഉയർത്തൽ | **173883** | **9250** |
| **2023-24** | **427/24** ഹെൽത്ത് ആൻഡ് വെൽനസ് സെന്ററാക്കി ഉയർത്തൽ | **164633** | **164633** |
| | **488/24** ജനകീയ ആരോഗ്യകേന്ദ്രം വിപുലീകരിക്കൽ | **458000** | **90930** |
| **2024-25** | **432/25** ജനകീയ ആരോഗ്യകേന്ദ്രം വിപുലീകരിക്കൽ | **367070** | **225919** |

ഫണ്ട് വിനിയോഗം

ചിറക്കടവ് ഗ്രാമപഞ്ചായത്തിൽ **2021-22** മുതൽ **2024-25** വരെ വിവിധ സ്കീമുകളിൽ ലഭ്യമായ ഹെൽത്ത് ഗ്രാന്റുകളുടെ വിനിയോഗ വിവരം ചുവടെ ചേർക്കുന്നു .

| ക്രമ നം | ഇനം | ലഭിച്ച ഹെൽത്ത് ഗ്രാന്റ് | | | | ആകെ | ചെലവഴിച്ച തുക | | | | ആകെ | ബാലൻസ് |
|---|---|---|---|---|---|---|---|---|---|---|---|---|
| | | 2021-22 | 2022-23 | 2023-24 | 2024-25 | | 2021/22 | 2022-23 | 2023-24 | 2024-25 | | |
| 1 | **Support For Diagnostic Intrastructure** | **Nil** | 330900 | 1123000 | 490411 | 1944311 | **Nil** | 41831 | 750212 | 458506 | 1250549 | 693762 |
| 2 | **Grant For Rural Health & Wellness Centres** | **Nil** | 173883 | 458000 | 741819 | 1373702 | **Nil** | 9250 | 255563 | 225919 | 490732 | 882970 |

| | | | | |
|---|---|---|---|---|
| **Total** | **3318013/-** | | **1741281/-** | ***1576732/-** |

*ഗ്രാമപഞ്ചായത്തിന് ഹെൽത്ത് ഗ്രാന്റ് ഇനത്തിൽ നാളിതുവരെ ലഭിച്ച തുകയിൽ ബാങ്ക് അക്കൗണ്ടിൽ ലഭ്യമായ പലിശ **(36841/-)** ഉൾപ്പടെ **1613573/-** രൂപ **31.03.25** വരെ ചെലവഴിക്കാതെ അവശേഷിക്കുന്നു.

ഗ്രാന്റ് തുകയുടെ വിനിയോഗത്തിനായി കാനറാ ബാങ്ക്, പൊൻകുന്നം ശാഖയിൽ താഴെപ്പറയും പ്രകാരം മൂന്ന് അക്കൗണ്ടുകൾ ആരംഭിച്ചിട്ടുണ്ട്.

| ഇനം | അക്കൗണ്ട് നം. |
|---|---|
| സ്കീം **1** - കെട്ടിടങ്ങൾ ഇല്ലാത്ത കുടുംബാരോഗ്യ ഉപകേന്ദ്രങ്ങൾക്ക് കെട്ടിടം നിർമ്മിക്കുവാൻ സഹായം | **110043677540** |
| സ്കീം **3** - ഗ്രാമപ്രദേശങ്ങളിലെ ആരോഗ്യസ്ഥാപനങ്ങളിൽ രോഗനിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ | **110043677435** |
| സ്കീം **4** – ഗ്രാമപ്രദേശങ്ങളിലെ കുടുംബാരോഗ്യ കേന്ദ്രങ്ങളിലും ഉപകേന്ദ്രങ്ങളിലും ഹെൽത്ത് ആന്റ് വെൽനസ് പ്രവർത്തനങ്ങൾ നടപ്പാക്കൽ | **110043677641** |

അതത് സ്കീമുകളുടെ പ്രവർത്തനങ്ങൾക്കായി മാർഗ്ഗരേഖയിൽ നിർദ്ദേശിച്ച പ്രകാരമുള്ള നിർവ്വഹണ ഉദ്യോഗസ്ഥരാണ് ഗ്രാന്റ് തുകയുടെ വിനിയോഗം നിർവ്വഹിക്കുന്നത്. കെട്ടിട നിർമ്മാണ പ്രവർത്തനങ്ങൾ അസിസ്റ്റന്റ് എഞ്ചിനീയറും രോഗനിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ, ഹെൽത്ത് ആന്റ് വെൽനസ് പ്രവർത്തനങ്ങൾ എന്നിവ മെഡിക്കൽ ഓഫീസറുമാണ് നിർവ്വഹിക്കുന്നത്. **2022-23, 2023-24, 2024-25** വർഷങ്ങളിലായി ആകെ **10** പ്രോജക്ടുകൾ വിഭാവനം ചെയ്തതിൽ **8** പ്രോജക്ടുകൾ നടപ്പാക്കുവാനായി സാധിച്ചിട്ടുണ്ട്. സ്കീം **1** വിഭാഗത്തിലുള്ള പ്രോജക്ടുകൾ നടപ്പിലാക്കുവാനായി പഞ്ചായത്തിന് സാധിച്ചിട്ടില്ല. ചിറക്കടവ് കുടുംബാരോഗ്യകേന്ദ്രത്തിന് നിലവിൽ **5** ഉപകേന്ദ്രങ്ങളാണുള്ളത്. ചെറുവള്ളി, അട്ടിക്കൽ സബ് സെന്ററുകൾക്ക് നിലവിൽ സ്വന്തമായി കെട്ടിടം ഇല്ല. കെട്ടിട നിർമ്മാണത്തിന് അനുയോജ്യമായ സ്ഥലം കണ്ടെത്തി കെട്ടിടം നിർമ്മിക്കേണ്ടതുണ്ട്. ചെറുവള്ളി സബ്സെന്റർ വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. അട്ടിക്കൽ സബ്സെന്റർ നിലവിൽ **32** നമ്പർ അംഗൻവാടി കെട്ടിടത്തിലാണ്. ആയതിനാൽ സ്കീം **1** വിഭാഗത്തിൽ ഗ്രാന്റ് ലഭ്യമാക്കുവാൻ ഭരണസമിതി തലത്തിൽ വേണ്ട ഇടപെടലുകൾ നടത്തേണ്ടതാണ്. മുൻ വർഷങ്ങളിൽ ആർദ്രം മിഷൻ ഫണ്ടുപയോഗിച്ച് കുടുംബാരോഗ്യ കേന്ദ്രത്തിൽ നവീകരണ പ്രവർത്തനങ്ങൾ നടത്തിയിരുന്നു. ആരോഗ്യസ്ഥാപനങ്ങളിലെ ജീവനക്കാർ, ആരോഗ്യപ്രവർത്തകർ, ആശമാർ എന്നിവർക്ക് സ്കീം **3** പ്രകാരം പരിശീലനം പ്രസ്തുത ഗ്രാന്റ് വിനിയോഗിച്ച് നൽകിയിട്ടില്ല. സ്കീം **4** നിർദ്ദേശിക്കും പ്രകാരം ആരോഗ്യസ്ഥാപനങ്ങളിൽ നിന്നും നൽകുവാൻ ഉദ്ദേശിച്ചിട്ടുള്ള സേവനങ്ങളുമായി ബന്ധപ്പെട്ട് പൊതുജനങ്ങൾക്കിടയിൽ ബോധവത്കരണ പ്രവർത്തനങ്ങൾ നടത്തിയിട്ടില്ല. സ്കീം**-4** പ്രകാരം ഗ്രാമപ്രദേശങ്ങളിലെ കുടുംബാരോഗ്യ കേന്ദ്രങ്ങളിലും ഉപകേന്ദ്രങ്ങളിലും ഹെൽത്ത് അൻഡ് വെൽനസ് പ്രവർത്തനങ്ങൾ നടപ്പാക്കൽ പദ്ധതി കാര്യക്ഷമമായി നടപ്പാക്കിയിട്ടുണ്ട്. പ്രസ്തുത ഗ്രാന്റ് ഉപയോഗിച്ച് നടപ്പാക്കേണ്ട ആരോഗ്യ വർദ്ധക സേവനങ്ങൾ, ആരോഗ്യകരമായ ഭക്ഷണശീലം, വ്യായാമം, ശുചിത്വം മുതലായ പ്രോത്സാഹിപ്പിക്കൽ പരിപാടികൾ നടത്തുന്നുണ്ട്. ദീർഘകാല രോഗികളുടെ പരിചരണത്തിനായി എല്ലാ മാസവും ഭവന സന്ദർശനവും പരിശോധനയും പാലിയേറ്റീവ് പരിചരണവും നടക്കുന്നുണ്ട്. ചിറക്കടവ് കുടുംബാരോഗ്യ കേന്ദ്രത്തിൽ ലാബ് പ്രവർത്തനം നടത്തുന്നുണ്ട്. ഹെൽത്ത് ഗ്രാന്റ് മാർഗ്ഗരേഖ പ്രകാരമുള്ള എല്ലാ ടെസ്റ്റുകളും നടത്തുന്നതിന് എഫ് എച്ച് സി യിലും മറ്റ് ഉപകേന്ദ്രങ്ങളിലും സംവിധാനമില്ല. ഹെൽത്ത് ഗ്രാന്റ് വിനിയോഗ മാർഗ്ഗരേഖ പ്രകാരമുള്ള **64** ടെസ്റ്റുകളിൽ, മുപ്പതോളം ടെസ്റ്റുകൾ മാത്രമാണ് നിലവിൽ എഫ് എച്ച് സി യിൽ ചെയ്തുവരുന്നത്. പ്രതിദിനം നൂറോളം രോഗികളെത്തുന്ന ആശുപത്രിയിൽ ആരോഗ്യ- ചികിത്സാ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി ഒരു സിവിൽ സർജനും രണ്ട് അസിസ്റ്റന്റ് സർജന്മാരുമാണുള്ളത്.

ഹെൽത്ത് ഗ്രാന്റുപയോഗിച്ച് **(SCHEME-3)** ചില സ്ഥാപനങ്ങൾക്കെങ്കിലും ലാബിൽ നിർമ്മാണപ്രവർത്തികൾ നടത്തേണ്ടി വരും. **PHC/CHC** കളിൽ ലാബ് അടിസ്ഥാന സൗകാര്യ വിപുലീകരണതിനുള്ള മാനദണ്ഡങ്ങൾ കൂടി പുതിയതായി ഉൾപ്പെടുത്തണം. **SCHEME-3,4** ഇവയിലെല്ലാം ഓരോ സ്ഥാപനങ്ങളുടെയും സാഹചര്യമനുസരിച്ചുള്ള പൊതുജനാരോഗ്യ രംഗത്തെ നവീന പദ്ധതികൾ തുടങ്ങാനുള്ള നിർദേശം ഗൈഡ് ലൈനിൽ ഉൾപ്പെടുത്തുന്നത് ഉചിതമായിരിക്കും. ഓരോ സാമ്പത്തിക വർഷവും അവസാനത്തെ ആഴ്ചകളിലാണ് തൻവർഷത്തെ ഗ്രാന്റുകൾ ഗ്രാമപഞ്ചായത്തിൽ ലഭ്യമാകുന്നത്. ആയതിനാൽ പദ്ധതികൾ സ്പിൽ ഓവറായി അടുത്ത വർഷങ്ങളിലേക്ക് നീണ്ടുപോകുന്നു. യഥാസമയം ഗ്രാന്റ് ലഭ്യമാകുന്ന സാഹചര്യമുണ്ടായാൽ

പദ്ധതികൾ യഥാവിധി നടപ്പിലാക്കുവാൻ സാധിക്കുന്നതാണ് .

അടുത്ത സാമ്പത്തിക വർഷത്തിൽ ഹെൽത്ത് ഗ്രാന്റ് ഇനത്തിലെ തുക കാര്യക്ഷമമായി പ്രയോജനപ്പെടുത്തുന്നതിനാവശ്യമായ പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കി റിപ്പോർട്ട് ചെയ്യേണ്ടതാണ്.പഞ്ചായത്തിന് കീഴിലുള്ള ആരോഗ്യ സ്ഥാപനങ്ങളുടെ അടിസ്ഥാന സൗകര്യം, രോഗനിർണ്ണയ സൗകര്യം എന്നിവ മെച്ചപ്പെടുത്തുന്നതിന് ആരോഗ്യമേഖലാ വർക്കിംഗ് ഗ്രൂപ്പും ആരോഗ്യ സ്റ്റാൻഡിംഗ് കമ്മറ്റിയും ആരോഗ്യ സ്ഥാപനങ്ങൾ സന്ദർശിച്ച് സൗകര്യങ്ങൾ വിലയിരുത്തി നിർദ്ദേശങ്ങൾ ഭരണസമിതിയെ അറിയിക്കേണ്ടതാണ്. പ്രോജക്കുകൾക്ക് അന്തിമ രൂപം നൽകുന്നതിൽ ആരോഗ്യമേഖലാ വർക്കിംഗ് ഗ്രൂപ്പ്, ആരോഗ്യത്തിന്റെ ചുമതലയുള്ള സ്റ്റാന്റിംഗ് കമ്മിറ്റി, ഭരണസമിതി എന്നീ തലങ്ങളിൽ ക്രിയാത്മകമായ ഇടപെടലുകൾ ഉണ്ടാവേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 2-1 പാർഷ്യൽ ഒക്ക്യൂപ്പൻസി അനുവദിച്ചശേഷമുള്ള നിർമ്മാണം - വിനിയോഗ ഗണം മാറ്റി നിർമ്മിച്ച കെട്ടിടഭാഗം ക്രമവൽക്കരിച്ച് വസ്തുനികുതി ഈടാക്കിയില്ല

ചിറക്കടവ് വില്ലേജിൽ സർവേ നമ്പർ **167/1-2,1-4** ലുള്ള **27** ആർ വിസ്തീർണമുള്ള പുരയിടത്തിൽ **418.8m²** നിർമിത വിസ്തീർണ്ണമുള്ള രണ്ട് നില വാണിജ്യ – പാർപ്പിട ആവശ്യത്തിനുള്ള കെട്ടിടം നിർമ്മിക്കുന്നതിനായി സ്ഥല ഉടമയായ ശ്രീമതി ലത പി ആർ, ചിറക്കടവ് സെന്റർ പി ഒ എന്നയാൾക്ക് **16.11.2022** ൽ **B-BA(358089)/2022** നമ്പറായി കെട്ടിട നിർമ്മാണ അനുമതി നൽകിയിരുന്നു. കെട്ടിട നിർമ്മാണം പൂർത്തിയാവുന്നതിന് മുൻപ് നമ്പറിങ്ങിനായി ഉടമ പാർഷ്യൽ കംപ്ലീഷൻ പ്ലാൻ സമർപ്പിക്കുകയും (ഫയൽ നമ്പർ **SC4 - 7923/2023** തീ: **22.08.2023**) ആയതിന്റെ അടിസ്ഥാനത്തിൽ ഫീൽഡ് പരിശോധന നടത്തി മേൽ കെട്ടിടത്തിന്റെ തറ നിരപ്പ് നിലയ്ക്ക് ഒക്കുപ്പൻസി അനുവദിച്ച് **17/397 A-D** എന്നീ കെട്ടിട നമ്പറുകൾ നൽകുകയും (**Signed Date: 03/10/2024**) ചെയ്തിട്ടുണ്ട്. പെർമിറ്റിനായി സമർപ്പിച്ച പ്രോപോസ്ഡ് പ്ലാൻ, സഞ്ചയ ഫോം **6**, പാർഷ്യൽ കംപ്ലീഷൻ പ്ലാൻ എന്നിവ പ്രകാരമുള്ള കെട്ടിടത്തിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു .

| നില | പെർമിറ്റ് | | പാർഷ്യൽ കംപ്ലീഷൻ പ്ലാൻ | | സഞ്ചയ ഫോം 6 | |
|---|---|---|---|---|---|---|
| | നിർമ്മിത വിസ്തൃതി (ച.മീ.) | വിനിയോഗ ഗണം | നിർമ്മിത വിസ്തൃതി (ച.മീ.) | വിനിയോഗ ഗണം | തറ വിസ്തീർണ്ണം (ച.മീ.) | വിനിയോഗ ഗണം |
| ഗ്രൗണ്ട് ഫ്ലോർ | **204.8** | വാണിജ്യാവശ്യം | **187.65** | വാണിജ്യാവശ്യം | **187.65** | വാണിജ്യാവശ്യം |
| ഫസ്റ്റ് ഫ്ലോർ | **196** | പാർപ്പിടാവശ്യം | **224.58** | പാർപ്പിടാവശ്യം | - | - |
| സെക്കൻഡ് ഫ്ലോർ | **18** | പാർപ്പിടാവശ്യം | **10.75** | പാർപ്പിടാവശ്യം | - | - |
| ആകെ | **418.8** | | **422.98** | | **187.65** | |

മേൽ കെട്ടിടത്തിന്റെ നിർമ്മാണ പെർമിറ്റ്, പെർമിറ്റിനായി സമർപ്പിച്ച പ്ലാൻ, കംപ്ലീഷൻ പ്ലാൻ എന്നിവ പരിശോധിച്ചതിന്റെയും കെട്ടിടത്തിൽ ഭൗതിക പരിശോധന നടത്തിയതിന്റെയും അടിസ്ഥാനത്തിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു.

**1.** പെർമിറ്റ് അനുവദിച്ചതിൽ നിന്നും വ്യത്യസ്ത ഉപയോഗക്രമത്തിൽ കെട്ടിട നിർമ്മാണം നടത്തി

നമ്പറിങ്ങിനായി സമർപ്പിച്ച പാർഷ്യൽ കംപ്ലീഷൻ പ്ലാൻ പ്രകാരം ഫസ്റ്റ് ഫ്ലോറിന്റെ ആകെ നിർമ്മിത വിസ്തൃതി**224.58** ച.മീ. ആണ്. മേൽ പ്ലാനിൽ ഫസ്റ്റ് ഫ്ലോറിൽ **Incompleted Construction** എന്നാണ് രേഖപ്പെടുത്തിയിരുന്നത്. എന്നാൽ കെട്ടിടത്തിൽ ഭൗതിക പരിശോധന നടത്തിയപ്പോൾ കെട്ടിട നിർമ്മാണാനുമതി പത്രത്തിലെ വിനിയോഗ ഗണത്തിൽ (പാർപ്പിടാവശ്യം) നിന്നും വ്യത്യസ്തമായി ഫസ്റ്റ് ഫ്ലോറും സ്റ്റെയർ റൂമും പൂർണമായും നിർമ്മാണം പൂർത്തിയാക്കിയിട്ടുള്ളതായും രണ്ട് അപ്പാർട്മെന്റുകൾക്കായി നിർമ്മാണാനുമതി ലഭിച്ചിരുന്ന ഫാസ്റ്റ് ഫ്ലോർ, അപ്രൂവ്ഡ് പ്ലാനിൽ നിന്നും

വ്യതിചലിച്ച് നിർമ്മാണം നടത്തി കടമുറികളാക്കി മാറ്റി വാണിജ്യാവശ്യത്തിന് സ്വകാര്യ സ്ഥാപനങ്ങൾക്ക് വാടകയ്ക്ക് നല്കിയിരിക്കുന്നതായുമാണ് കണ്ടത്. പാർപ്പിടാവശ്യത്തിനായി നിർമാണാനുമതി നേടിയശേഷം വാണിജ്യാവശ്യത്തിന് ഉപയോഗിക്കുന്നത് ക്രമവിരുദ്ധമാണ്.

**Permited Built-Up Area** യിൽ അധികരിച്ച് നിർമ്മാണം നടത്തി

നമ്പറിങ്ങിനായി സമർപ്പിച്ച പാർഷ്യൽ കംപ്ലീഷൻ പ്ലാൻ പ്രകാരം ഫസ്റ്റ് ഫ്ലോറിന്റെ **(Under Construction)** ആകെ നിർമ്മിത വിസ്തൃതിയായി രേഖപ്പെടുത്തിയിരിക്കുന്നത് **224.58** ച.മീ. ആണ്. ഫസ്റ്റ് ഫ്ലോറിൽ **2** അപ്പാർട്മെന്റുകൾ നിർമ്മിക്കുന്നതിനായി **196** ച.മീ. ബിൽറ്റപ്പ് ഏരിയയ്ക്കായിരുന്നു പെർമിറ്റ് അനുവദിച്ചിരുന്നത്. പെർമിറ്റിലധികരിച്ച് മുകൾ നിലയിൽ നിർമ്മാണം നടന്നിട്ടുണ്ട്.

അധിക നിർമ്മിതി = **224.58 - 196 = 28.58** ച.മീ.



**2. Occupancy** മാറ്റം വരുത്തി നിർമ്മിച്ച കെട്ടിട ഭാഗത്തിന് **51,939/-**രൂപ കോമ്പൗണ്ടിങ് ഫീ ഈടാക്കിയില്ല.

തദ്ദേശ സ്വയംഭരണ (ആർ.എ) വകുപ്പിന്റെ **13-03-2024**ലെ ജി.ഒ**(Rt) No.588/2024** നമ്പർ ഉത്തരവ് പ്രകാരം കേരള പഞ്ചായത്ത് രാജ് കെട്ടിട നിർമ്മാണ ചട്ടത്തിലെ ചട്ടം **109**ന് സ്പഷ്ടീകരണം നൽകി ഉത്തരവായിട്ടുണ്ട്. ഈ ഉത്തരവ് പ്രകാരം "**10.04.2023** ന് മുൻപ് കെട്ടിട നിർമ്മാണ പെർമിറ്റ് എടുത്തതിന് ശേഷം ഒക്യുപ്പൻസി(ഉപയോഗ ഗണം) കൂടി പൂർണ്ണമായോ ഭാഗികമായോ മാറ്റി നിർമ്മിച്ചതും എന്നാൽ വിസ്തൃതിയിൽ വർദ്ധനവ് വരുത്താതെയോ വരുത്തിയോ നിർമ്മിച്ച കെട്ടിടങ്ങളിൽ, കംപ്ലീഷൻ (നമ്പറിംഗ്) സമയത്ത്, വർദ്ധനവ് വരുത്തിയ ഭാഗത്തിന് മാത്രമല്ല, ഒക്യുപ്പൻസി വ്യതിയാനം വരുത്തിയ ഭാഗത്തിനും പുതിയ നിരക്കിൽ കോംപൗണ്ടിംഗ് ഫീസ് ബാധകമാണ്" എന്ന് വ്യക്തമാക്കിയിട്ടുണ്ട്. ഉപയോഗ ഗണത്തിൽ മാറ്റം വരുത്തിയ ഒന്നാം നിലയിലെ **224.58** ച.മീ. കെട്ടിടഭാഗം ഫീസ് ഈടാക്കി ക്രമവത്ക്കരിക്കേണ്ടതുണ്ട്. സ.ഉ(കൈ)നം **85/2023/LSGD Dtd 31.03.23** നമ്പർ ഉത്തരവ് പ്രകാരം **300 M2** ന് മുകളിലുള്ള കെട്ടിടത്തിന്റെ ഒക്യുപ്പൻസിയിൽ മാറ്റം വന്ന അളവിന് ച.മീറ്ററിന് **120/-**രൂപ (വാണിജ്യാവശ്യം) നിരക്കിലുള്ള പെർമിറ്റ് ഫീസിന്റെ ഇരട്ടി തുക കോംപൗണ്ടിംഗ് ഫീയായി ഈടാക്കേണ്ടതാണ്.

ഉപയോഗ ഗണം മാറിയത് മൂലം ക്രമവൽക്കരിക്കേണ്ട കെട്ടിട ഭാഗം - **224.58**ച.മീ. (പാർഷ്യൽ കംപ്ലീഷൻ പ്ലാൻ പ്രകാരം)

കോമ്പൗണ്ടിങ് ഫീസ് - **224.58 X 120 X2**

**= 53,899/-**

മേൽ പരാമർശിത സ്പഷ്ടീകരണപ്രകാരം പ്രസ്തുത കെട്ടിടത്തിന്റെ പെർമിറ്റിൽ നിന്നും വ്യതിയാനം വരുത്തിയ **224.58 M2** ന് ക്രമവൽക്കരണ ഫീസ് ആയി **53,899/-** രൂപ ഈടാക്കേണ്ടതാണ്. ഇതിൽ കെട്ടിട നിർമ്മാണ പെർമിറ്റ് അനുവദിച്ചപ്പോൾ ഈടാക്കിയ ഫീസ് കുറയ്ക്കാവുന്നതാണ്. അതായത് **Permitted Area** ആയ **196 M2** ന് ഈടാക്കിയ പെർമിറ്റ് ഫീസായ **1960/-** (ഈടാക്കിയ പെർമിറ്റ് ഫീസ് = **196x10)** രൂപ **53,899/-** ൽ നിന്നും കുറച്ച തുകയായ **51,939/-**രൂപ കോംപൗണ്ടിംഗ് ഫീയായി മേൽ കെട്ടിട ഉടമയിൽ നിന്നും ഈടാക്കേണ്ടതാണ്. അല്ലാത്ത പക്ഷം സെക്രട്ടറിയുടെ ബാധ്യതയായി തിട്ടപ്പെടുത്തുന്നതാണ്.

മേൽ വിഷയങ്ങളിൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (നം. **34/03.10.2025**) മറുപടി ലഭ്യമാക്കിയില്ല. കെട്ടിട ഉടമയിൽ നിന്നും കോംപൗണ്ടിംഗ് ഫീ ഈടാക്കി ഉപയോഗക്രമം മാറ്റിയുള്ള നിർമ്മാണം ക്രമവൽക്കരിക്കേണ്ടതും വസ്തുനികുതി കുടിശിക സഹിതം ഈടാക്കേണ്ടതുമാണ് . തുടർ നടപടികളുടെ വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## ഭാഗം -3
## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4
## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 മെഡിസെപ്പ് പ്രീമിയം - ഈടാക്കൽ, ഒടുക്ക് വിശദാംശങ്ങൾ

മെഡിസെപ് പ്രീമിയം ഒടുക്ക് (റഗുലർ ജീവനക്കാർ)

| ഓഡിറ്റ് വർഷത്തിലെ ജീവനക്കാരുടെ എണ്ണം* | മെഡിസെപ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക | മെഡിസെപ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക | ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക | റിമാർക്ക്സ് |
|---|---|---|---|---|
| **18** | **108000** | **108000** | ഇല്ല | - |

*01-04-2024 മുതൽ 31-03-2025 നുള്ളിൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ളവരുടേത് ഒഴികെ

മെഡിസെപ് പ്രീമിയം ഒടുക്ക് (01-04-2024 മുതൽ 30-06-2024 നുള്ളിൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ)

| ജീവനക്കാരുടെ എണ്ണം | സർവ്വീസിൽ പ്രവേശിച്ച മാസം | മെഡിസെപ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക (07/2022 മുതൽ അല്ലെങ്കിൽ 07/2023 മുതലുള്ള കുടിശ്ശിക ഉൾപ്പടെ)** | മെഡിസെപ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക | ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക | റിമാർക്ക്സ് |
|---|---|---|---|---|---|
| ഇല്ല | | | | | |

മെഡിസെപ് പ്രീമിയം ഒടുക്ക് (01-07-2024 ൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ)

| ജീവനക്കാരുടെ എണ്ണം | മെഡിസെപ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക (07/2022 മുതലുള്ള കുടിശ്ശിക ഈടാക്കിയിട്ടുണ്ടെങ്കിൽ ആയത് ഉൾപ്പടെ) | മെഡിസെപ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക | ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക | റിമാർക്ക്സ് |
|---|---|---|---|---|
| ഇല്ല | | | | |

മെഡിസെപ് പ്രീമിയം ഒടുക്ക് (01-08-2024 മുതൽ 31-03-2025നുള്ളിൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ)

| ജീവനക്കാരുടെ എണ്ണം | സർവ്വീസിൽ പ്രവേശിച്ച മാസം | മെഡിസെപ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക (07/2022 മുതൽ അല്ലെങ്കിൽ 07/2024 മുതലുള്ള കുടിശ്ശിക ഉൾപ്പടെ) | മെഡിസെപ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക | ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക | റിമാർക്ക്സ് |
|---|---|---|---|---|---|
| **2** | **14.02.2025, 26.03.2025** | ഇല്ല | | | |

### 4-2 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ ലഭിച്ച തീയതി | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി |
|---|---|---|
| **2024-25** | **21.07.2025** | **24.09.2025** |

ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യപത്രികയിലെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്, റസീറ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്, ബാലൻസ് ഷീറ്റ്, ഓഡിറ്റ് സർട്ടിഫിക്കറ്റ്, ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം എന്നിവ അനുബന്ധമായി ചേർത്തിരിക്കുന്നു.

## 4-3 സംയുക്ത പ്രോജക്ടുകളുടെ ഫണ്ട് വിനിയോഗം

ഓഡിറ്റ് വർഷത്തെ, സംയുക്ത പ്രൊജക്ടുകളുടെ ഫണ്ടിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് (നം.) | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത്, വാഴൂർ | **2024-25** | **368400/-** | **152/25** – ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | **368400/-** | **0** |
| | ആകെ | **368400/-** | | **368400/-** | **0** |
| ജില്ലാ പഞ്ചായത്ത്, കോട്ടയം | **2024-25** | **225000/-** | **111/25** – ലൈഫ് മിഷൻ - ഭവന നിർമ്മാണം - എസ് സി പി | **225000/-** | **0** |
| | **2024-25** | **189600/-** | **152/25** – ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | **189600/-** | **0** |
| | **2024-25** | **800000/-** | **114/25** – ലൈഫ് മിഷൻ ഭവന നിർമ്മാണം - ജനറൽ | **800000/-** | **0** |
| | **2024-25** | **318303/-** | **419/25** – ഉറവിട മാലിന്യ സംസ്കരണം ഗാർഹിക മാലിന്യ സംസ്കരണത്തിന് ഉപകരണം വാങ്ങൽ - ജി ബിൻ | **318303/-** | **0** |
| | **2024-25** | **47988/-** | ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി **(196/25)** | **47988/-** | **0** |
| | ആകെ | **15,80,891/-** | | **15,80,891/-** | **0** |

## 4-4 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷം നിക്ഷേപ പ്രവൃത്തിക്കായി, മുൻകൂർ നൽകിയിട്ടുള്ള തുകയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| **1)** | കെ.എസ്.ഇ.ബി | **16/25** - കർഷക മാർക്കറ്റ് ഷോപ്പിങ് കോംപ്ലക്സ് - ട്രാൻസ്ഫോർമർ സ്ഥാപിക്കൽ | **710129/-** | **0** | **710129/-** |
| **2)** | | **12/25** – ഇലക്ട്രിക് പോസ്റ്റ് ഷിഫ്റ്റിംഗ് | **172475/-** | **0** | **172475/-** |
| **3)** | ഭൂജല വകുപ്പ് | **14/25** – ശാന്തിതീരം പൊതു ശ്മശാനം - കുഴൽ കിണർ നിർമ്മാണവും മോട്ടോർ സ്ഥാപിക്കലും | **63435/-** | **0** | **63435/-** |

മേൽ പ്രോജക്ടുകളുമായി ബന്ധപ്പെട്ട ധനവിനിയോഗ സാക്ഷ്യപത്രങ്ങൾ ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

## 4-5 മൊബിലൈസേഷൻ അഡ്വാൻസ്

ഓഡിറ്റ് വർഷം മൊബിലൈസേഷൻ അഡ്വാൻസ് ഇനത്തിൽ തുകകൾ ഒന്നും നൽകിയിട്ടില്ല.

## 4-6 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് ലഭിച്ച വായ്പ തുകയുടെയും, തിരിച്ചടച്ചതിന്റേയും, വർഷാവസാനം തിരിച്ചടയ്ക്കുവാൻ അവശേഷിക്കുന്ന വായ്പ തുകയുടേയും വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വർഷാരംഭത്തിൽ തിരിച്ചടയ്ക്കുവാൻ ബാക്കിയുണ്ടായിരുന്ന തുക | തൻ വർഷം എടുത്ത വായ്പ | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കുവാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവന പദ്ധതി ഹഡ്കോ വായ്പ (KURDFC) | ജി.ഒ (എം.എസ്) 68/2018/ തസ്വഭവ/18.5.2018 | *90,66,990/- | ***46,60,000/- | **16,44,779/- | - | 1,20,82,211/- |

* ലൈഫ് ഭവന പദ്ധതിക്കുവേണ്ടിയുള്ള ഹഡ്കോ വായ്പയുടെ (KURDFC), ILGMS ലെഡ്ജർ പ്രകാരമുള്ള, 01.04.2024 -ലെ മുന്നിരിപ്പ് തുക 9066387/- രൂപയും 2023-24 വർഷ ഓഡിറ്റ് റിപ്പോർട്ട് പ്രകാരമുള്ള നീക്കിയിരിപ്പ് തുക 9066990/- രൂപയുമാണ്. ബാങ്ക് ചാർജ്ജസ് ഇനത്തിലുള്ള 603/- രൂപ, **Secured Loans** (B-5/330500201) ശീർഷകത്തിൽ അക്കൗണ്ട് ചെയ്യപ്പെട്ടതാണ് വ്യത്യാസത്തിന് കാരണം.

**സ്രോതസിൽ നിന്നും കുറവ് ചെയ്ത തുക

1) പ്രോജക്ട് നം : 494/25 - വികസന ഫണ്ട് (ജനറൽ) : 813836/-

2) പ്രോജക്ട് നം : 493/25 - വികസന ഫണ്ട് (ജനറൽ) : 822270/-

3) പ്രോജക്ട് നം : 495/25 - SCSP : 8,673/-

വായ്പാ തിരിച്ചടവായി വികസന ഫണ്ട് പൊതുവിഭാഗത്തിൽ നിന്നും ജി. ഓ പ്രോജക്റ്റ് പ്രകാരമുള്ള തിരിച്ചടവ് തുകയായ 16,36,106/- രൂപ മാത്രമാണ് വാർഷിക ധനകാര്യ പത്രികയിൽ പ്രതിഫലിക്കുന്നത്. എസ് സി പി വിഭാഗത്തിൽ നിന്നുമുള്ള തിരിച്ചടവ് തുകയായ 8,673/- രൂപ അക്കൗണ്ട് ചെയ്തിട്ടില്ല.

***തൻ വർഷ വായ്പ തുക 46,60,000/- രൂപയാണ്. എന്നാൽ **RP 31** - 330500201 ശീർഷകത്തിൽ ലോൺ അക്കൗണ്ടിൽ ലഭ്യമായ പലിശ തുകയായ 7703/- രൂപ കൂടി വായ്പാ തുകയായി ഉൾപ്പെടുത്തിയാണ് അക്കൗണ്ട് ചെയ്തിരിക്കുന്നത്.

ബാങ്ക് ചാർജായി കുറവ് ചെയ്ത തുക വായ്പ തിരിച്ചടവായി അക്കൗണ്ട് ചെയ്തു

തൻ വർഷം ബാങ്ക് ചാർജായി ലോൺ അക്കൗണ്ടിൽ നിന്നും കുറവ് ചെയ്ത 58/- രൂപ വായ്പ തിരിച്ചടവായാണ് അക്കൗണ്ട് ചെയ്തിട്ടുള്ളത്.

വായ്പ കണക്കുകളുടെ അക്കൗണ്ടിങ്ങിൽ സംഭവിച്ച മേൽപ്പറഞ്ഞ അപാകതകൾ മൂലം വാർഷിക പത്രിക പ്രകാരമുള്ള തിരിച്ചടവ് തുകയും യാഥാർത്ഥത്തിലുള്ള തിരിച്ചടവ് തുകയും തമ്മിൽ 15,715/- രൂപയുടെ വ്യത്യാസം നിലനിൽക്കുന്നു.

## 4-7 സ്ഥിരനിക്ഷേപങ്ങൾ

തൻവർഷം, സ്ഥാപനത്തിന്റെ പേരിൽ നിലനിൽക്കുന്ന സ്ഥിരനിക്ഷേപത്തിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| 1.04.2024 -ലെ സ്ഥിരനിക്ഷേപ മൂല്യം | 2,03,43,439.65/- |
| തൻവർഷം നിക്ഷേപിച്ച തുക (പലിശ തുക ഉൾപ്പെടെ) | 2,15,91,785.65/- |
| പലിശ തുക | 12,48,346/- |
| നിക്ഷേപിച്ച തീയതി | 15.07.2025 |
| തന്നാണ്ടിൽ പിൻവലിച്ച തുക | ഇല്ല |
| 31.03.2025 -ലെ സ്ഥിരനിക്ഷേപ മൂല്യം | 2,15,91,785.65/- |

| സ്ഥിര നിക്ഷേപ വിവരം | അക്കൗണ്ട് നം. | തുക |
|---|---|---|
| കാനറ ബാങ്ക്, പൊൻകുന്നം | 2684401001436/4 | 2,15,91,785.65/- |

## 4-8 ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് വർഷം | ഭാഗം/ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയആളുടെ പേര് | രസീത് നം. /തീയതി |
|---|---|---|---|---|
| 2023-24 | 1-46 | 30,000/- | വി ഇ ഒ, ചിറക്കടവ് | 1240000836/23.07.24 |
| 2023-24 | 1-48 | 5000/- | ശ്രീ. അമൽ വിജയ് | 1240105187/13.01.25 |

| | | | | |
|---|---|---|---|---|
| 2023-24 | 1-29 | 5107/- | ശ്രീ. ചെല്ലദുരൈ | 1240103655/17.10.2024 |

പഞ്ചായത്തിൽ പരിപാലിക്കുന്ന ഓഡിറ്റ് റിക്കവറി രജിസ്റ്ററിൽ ഓഡിറ്റ് കാലയളവിലെ റിക്കവറി വിശദാംശങ്ങൾ രേഖപ്പെടുത്തിയിട്ടില്ല. വാർഷിക ധനകാര്യ പത്രിക **RP-10** ഷെഡ്യൂൾ, **180400103 - Recovery From Employees - Audit Recovery Based On Audit Report/Audit Enquiry** ശീർഷകത്തിൽ **5107/-** രൂപ മാത്രമാണ് അക്കൗണ്ട് ചെയ്തിട്ടുള്ളത്. ബാക്കിയുള്ള **35,000/-** രൂപയുടെ ഓഡിറ്റ് റിക്കവറി, **190300404 Prior Period Income - Recovery Of Unutilized Grants/Funds** ശീർഷകത്തിലാണ് വരവ് വെച്ചിട്ടുള്ളത്.

## 4-9 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിലുൾപ്പെട്ട ഖണ്ഡികകളുടെ വിവരങ്ങൾ

സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിവരം ചുവടെ ചേർക്കുന്നു.

| ഓഡിറ്റ് വർഷം ഖണ്ഡിക നമ്പർ | സമാഹൃത റിപ്പോർട്ട് വർഷം | വിഷയം | നിലവിലെ അവസ്ഥ |
|---|---|---|---|
| 2014-15/2-3-1, 2-3-2, 2-3-3 | 2016-17 | വസ്തു നികുതി അപാകതകൾ | തീർപ്പാക്കിയിട്ടില്ല. നിയമസഭാ സമിതിയുടെ പരിഗണനയിലാണ്. |
| 2014-15/2-2-3, 2-2-6 | 2016-17 | തൊഴിൽ നികുതി അപാകതകൾ | തീർപ്പാക്കിയിട്ടില്ല നിയമസഭാ സമിതിയുടെ പരിഗണനയിലാണ് |
| 2015-16/2-3-1, 2-3-2 | 2016-17 | തൊഴിൽ നികുതി അപാകതകൾ | തീർപ്പാക്കിയിട്ടില്ല. നിയമസഭാ സമിതിയുടെ പരിഗണനയിലാണ്. |
| 2020-21 (1-12) | 2021-22 | വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങളെ വിഭജിച്ച് വസ്തു നികുതി നിർണ്ണയം നടത്തുന്നത് | തീർപ്പാക്കിയിട്ടില്ല. നിയമസഭാ സമിതിയുടെ പരിഗണനയിലാണ്. |

## 4-10 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ചാർജ്/സർചാർജ് നടപടികളിലൂടെ തൻവർഷം തുക ഈടാക്കിയിട്ടില്ല.

## 4-11 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| മുന്നിരിപ്പ് ഉൾപ്പെടെയുള്ള ഓഡിറ്റ് വർഷത്തെ ആകെ വരവ് (റസീപ്റ്റ് & പേയ്മെന്റ് പത്രിക പ്രകാരം) | : | 13,56,55,681.06 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് (റസീപ്റ്റ് & പേയ്മെന്റ് പത്രിക പ്രകാരം) | : | 9,43,50,890 |
| ഓഡിറ്റ് വർഷത്തെ ആകെ വരുമാനം (ഇൻകം & എക്സ്പെൻഡിച്ചർ പത്രിക പ്രകാരം) | : | 21,29,15,738 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് (ഇൻകം & എക്സ്പെൻഡിച്ചർ പത്രിക പ്രകാരം) | : | 23,22,21,652 |
| വരവിനങ്ങളിലുള്ള നഷ്ടം | : | 51939 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 1064813/- |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നം. | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ്ജ് ചെയ്യാവുന്നവ | സർചാർജ്ജ് ചെയ്യാവുന്നവ | |
| 2-1 | 51939 | | ശ്രീമതി ചിത്ര എസ്, സെക്രട്ടറി |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-36 | 708547/- | ശ്രീ. ഷാജി വി.എം., ഹെഡ്മാസ്റ്റർ, ഗവ. എൽ.പി.എസ്, ചിറക്കടവ് |
| 1-37 | 303427/- | ഡോ. ചാണ്ടി ഇ. ഡാനിയേൽ, മെഡിക്കൽ ഓഫീസർ (ഹോമിയോ) |

| | | |
|---|---|---|
| 1-38 | 2839/- | ഡോ. അഞ്ജലി വി. മെഡിക്കൽ ഓഫീസർ (ആയുർവേദം) |
| 1-49 | 50000/- | ശ്രീമതി ആൻസി ജോസഫ്, വി.ഇ.ഒ, പൊൻകുന്നം സർക്കിൾ |
| ആകെ | 1064813/- | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഖണ്ഡിക 1-30 രൂപ 7500/- നിർവ്വഹണ ഉദ്യോഗസ്ഥ- ശ്രീമതി ചിത്ര എസ്, സെക്രട്ടറി

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസം

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ചിത്ര എസ്, സെക്രട്ടറി | സെക്രട്ടറി, ചിറക്കടവ് ഗ്രാമ പഞ്ചായത്ത് | മൽഹാർ, പൊൻകുന്നം പി.ഒ, പൊൻകുന്നം-686506 |

## 4-12 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിൽ നിന്നും മുൻവർഷങ്ങളിൽ പുറപ്പെടുവിച്ച ഓഡിറ്റ് റിപ്പോർട്ടുകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെയും പ്രസ്തുത റിപ്പോർട്ടുകൾ സംബന്ധിച്ച് അവസാനമായി പുറപ്പെടുവിച്ച അനന്തരക്കുറിപ്പ്/റിപ്പോർട്ട് എന്നിവയുടെ വിശദാംശങ്ങൾ ചുവടെ ചേർത്തിരിക്കുന്നു.

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1989-90 & 1990-91 | എൽ.എഫ്.കെ.പി3-1245/94/3.5.94/12.7.94 | 10 |
| 1993-94 | എൽ.എഫ്.കെ.പി3 - 514/97/27.2.98/8.3.99 | 31 |
| 1994-95 | എൽ.എഫ്.കെ.പി3 - 449/99/21.6.99/9.8.99 | 29 |
| 2000-01 | കെ.എസ്.എ-കെ.ടി.എം.പി5(അദാ-2018) 201(2) /18/ 27.02.18 | 40 |
| 2001-02 | എൽ.എഫ്.കെ.പി4 - 648/04/14.2.05/1.8.05 | 27 |
| 2002-03 (ചെലവ്) | എൽ.എഫ്.കെ.പി4 - 673/05/16.12.05/6.2.06 | 10 |
| 2003-04 (ചെലവ്) | എൽ.എഫ്.കെ.പി11 - 681/06/23.12.06/16.1.07 | 17 |
| 2002-03 (വരവ്) | എൽ.എഫ്.കെ.പി5 - 1065/07/26.5.08/30.7.08 | 4 |
| 2003-04 | എൽ.എഫ്.കെ.പി5 - 1066/07/26.5.08/30.7.08 | 9 |
| 2004-05 | എൽ.എഫ്.കെ.പി5 - 1084/07/26.5.08/30.7.08 | 29 |
| 2009-10 | എൽ.എഫ്.കെ.പി5 - 694/11/4.12.12 | 24 |
| 2010-11 | കെ.എസ്.എ-കെ.ടി.എം.പി5/ 396/24/10.5.24 | 5 |
| 2011-12 | എൽ.എഫ്.കെ.പി5 - 497/13/12.7.14 | 26 |
| 2012-13 | കെ.എസ്.എ-കെ.ടി.എം.പി5/924/22/20.07.22 | 4 |
| 2013-14 | കെ.എസ്.എ-കെ.ടി.എം.പി5/അദാ-22/1124/22 - 26.08.22 | 14 |
| 2014-15 | കെ.എസ്.എ-കെ.ടി.എം.പി5/അദാ-22/229(1)/22 - 26.08.22 | 8 |
| 2015-16 | കെ.എസ്.എ-കെ.ടി.എം.പി5/അദാ-22/229(2)/22 - 26.08.22 | 8 |
| 2016-17 | കെ.എസ്.എ-കെ.ടി.എം.പി5/അദാ-22/229(3)/22 - 26.08.22 | 8 |
| 2017-18 | കെ.എസ്.എ-കെ.ടി.എം.പി5/അദാ-22/1410/22 - 26.08.22 | 16 |
| 2018-19 | കെ.എസ്.എ-കെ.ടി.എം.പി5/1229(4)/22 -03.02.22 | 18 |
| 2019-20 | കെ.എസ്.എ-കെ.ടി.എം.പി5/1124(1)/22 -17.08.22 | 7 |
| 2020-21 | കെ.എസ്.എ-കെ.ടി.എം.പി5/1124(2)/22 -17.08.22 | 28 |

| | | |
|---|---|---|
| **2021-22** | **കെ.എസ്.എ-കെ.ടി.എം.പി5/1174/23/27.12.23** | **49** |
| **2022-23** | **കെ.എസ്.എ-കെ.ടി.എം.പി5/1660/23 -18.03.24** | **41** |
| **2023-24** | **കെ.എസ്.എ-കെ.ടി.എം.പി5/1752/17.02.25** | **60** |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം

# Annexure-1
# Audit Certificate

i. I have audited the attached Financial statements approved vide resolution number 4 dated 4 dated 03-07-2025 and submitted on 21-07-2025 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2025 and Balance sheet as on 31-03-2025 , with supporting forms, of the Chirakkadavu Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result for the year 2024-2025 and Financial position of Chirakkadavu Grama Panchayat as on 31-03-2025

**Date: 02/12/2025** **Deputy Director**

**Kerala State Audit Department**

## Audit Report appended to the Audit Certificate of Chirakkadavu Grama Panchayat for the Year 2024-2025.

### 1.Major Observations

**1. General Fund Details not maintained. OBRP data of asset and liability as on 01-04-2011 is not available. Full source data not available for the value of total general fund as on 31-03-2025.**

**2. Non Disclosure of Capital Contribution-Capital Contribution opening balance details as on 01-04-2024 is not provided by authorised register or document.**

**3. Non Disclosure of Assets-Assets not classified and valuated and accounted-Asset Database is not updated upto 31-03-2025.**

**4. The corresponding Capital Contribution entry has not made for total value of Asset Generated as per annual plan of 2024-25.**

**5. Part bills of infrastructure projects during the year are not accounted under Capital Work in Progress.**

### 2.Other Observations

**1. Accumulated depreciation in the case of Roads & Bridges category of assets exceeding the corresponding total asset value as on 31-03-2025.**

**2. Direct expenditure of beneficiary contribution in 2024-25 annual plan has not accounted as passive expenditure during the year.**

**3. Amounts due to Government received in panchayath in case of empty barrel cost and GST accounted as own revenue during 2024-25.**

**4. KURDFC Loan amount refund of Rs. 8,673/- by source deduction from Development Fund(SCP) as per G.O.(Rt) No.1625/2025/Fin dated 20-02-2025 has not accounted in AFS.**

**5. Deposit works in KSEB Ltd. and Kerala Ground Water Department has not accounted in Advance Head of Account.**

**6. Prior Period items details and authenticity are not disclosed through notes on account.**

**7. Govt. & Other Dues Register has not maintained.**

**8. Expenditures which became due upto 31-03-2025 has not accounted as payable during the financial year.**

**9. For Accrual incomes during 2024-25, timely demand entries are not made.**

**Deputy Director**
**Kerala State Audit Department**
**District Audit Office-Kottayam**

## അനുബന്ധം-2
## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കോട്ടയം ജില്ലയിലെ ചിറക്കടവ് ഗ്രാമപഞ്ചായത്തിന്റെ 2024-2025 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്